

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2018 ഫെബ്രുവരി
വില ₹20



മുഖ്യമന്ത്രിയുടെ ഓഖി ദുരിതാശ്വാസനിധിയിലേക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വക ഒരുലക്ഷം രൂപയുടെ ചെക്ക് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയനെ ഏൽപ്പിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു, ബി എസ് പ്രദീപ്കുമാർ എന്നിവർ സമീപം



ശതാഭിഷിക്തയായ മലയാളത്തിന്റെ പ്രിയകവിയും തളിര് മാസികയുടെ ചീഫ് എഡിറ്ററുമായ ശ്രീമതി സുഗതകുമാരി ടീച്ചറിനെ വസതിയിൽ സന്ദർശിച്ചപ്പോൾ.

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഫെബ്രുവരി 2018
വില ₹20
വാർഷികവരിസംഖ്യ ₹200


ഉള്ളടക്കം

## ഓഖി ചുഴലിക്കാറ്റ് നമ്മളോടു പറയുന്നതെന്ത്?

6

**ഡോ. കെ ജി താര**

ഈയിടെ കേരളത്തിലും മറ്റും വീശിയ ടിച്ച ഓഖി ചുഴലിക്കാറ്റ് നമ്മെ ഒരുപാട് പാഠം പഠിപ്പിക്കുന്നുണ്ട്. ഇനി ഒരു ദുരന്തം ഒഴിവാക്കാൻ നാം എന്തൊക്കെ യാണ് ശ്രദ്ധിക്കേണ്ടത്? ഈ ലേഖനം വായിക്കൂ...



## തെയ്യം - അനുഷ്ഠാനവും കലയും



18

**ഡോ.എ കെ നമ്പ്യാർ**

അനുഷ്ഠാനവും കലയും ഇഴ പിരിച്ചെടുക്കാൻ കഴിയാത്ത വിധം ചേർന്നുനിൽക്കുന്ന തെയ്യം എന്ന കലാരൂപത്തെ കുറിച്ചും വിവിധ തെയ്യക്കോലങ്ങളെ കുറിച്ചും പ്രതിപാദിക്കുന്ന ഈ ലേഖനം വായിക്കൂ...

## അമ്മരുചികൾ

30

**ഡോ. രാധിക സി നായർ**

സ്കൂൾ വിട്ടുവരുമ്പോൾ അമ്മ യുണ്ടാക്കുന്ന നാലുമണി പല ഹാരങ്ങളെ കുറിച്ചോർത്തു കൊതിപൂണ്ടിരുന്ന ആ പഴയ കാല ഓർമയിലേക്കൊരു എത്തി നോട്ടം. ഫാസ്റ്റ്ഫുഡിന്റെ ഈ ലോകത്ത് ഏറെ പ്രസക്ത മാണ് ഈ ലേഖനം.




**മുൻമൊഴി** ....................................4
സുഗതകുമാരി
**ആനക്കാര്യം**.................................5
രാജീവ് എൻ ടി
**കവിതാപരിചയം**..........................12
വിഷ്ണുനാരായണൻ നമ്പൂതിരി
**മൺകിളികൾ** ...............................14
ഗ്രേസി
**അമ്മമൊഴി** .................................23
കാവാലം ബാലചന്ദ്രൻ
**ഛത്രപതി ശിവജി** .........................24
ജോർജ് തഴക്കര
എന്റെ ഭാഷ...................................28
പി കെ ശങ്കരൻകുട്ടി
**തുറക്കാത്ത വാതിൽ**.......................29
എം കൃഷ്ണദാസ്
**സ്കൂൾഡേയ്സ്**..............................33
രാജീവ് എൻ ടി
**കേശികത്വം**.................................34
കെ പി ലക്ഷ്മണൻ
**ചീവീടുകൾ**..................................37
തകഴി ശങ്കരനാരായണൻ
**ലക്കി ഡിപ്**...................................38
ബീന ജോർജ്
**നടക്കുന്ന പ്രസംഗം**.........................40
ജോസഫ് പനയ്ക്കൽ
**അധ്വാനത്തിന്റെ ഫലം**.....................42
ഉത്തമൻ പാപ്പിനിശ്ശേരി
**കടപയാദി**....................................44
പള്ളിയറ ശ്രീധരൻ
**പെരുമഴ പെയ്യുമ്പോൾ**....................45
ചന്ദ്രശേഖരൻ പന്തളം
**കേരളത്തിലെ നാടൻപശുക്കൾ**.....46
**മഹാഭാരതം**.................................50
സുഗതകുമാരി
**ഇളംതളിര്**....................................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ...........54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട് & ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**രാജീവ് എൻ ടി**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

മുൻമൊഴി

# പ്രകൃതി കോപിക്കുമ്പോൾ

2017 ഡിസംബർ മാസം കേരളത്തിന് ആഘോഷത്തിന്റെയല്ല ദുഃഖത്തിന്റെ കാലമായിരുന്നു. നമ്മുടെ കടലിൽ ചുഴലിക്കാറ്റുകൾ പതിവില്ല. അതിനാൽ തന്നെ ചുഴലിക്കാറ്റടിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചു നമുക്കു വേണ്ടത്ര ബോധമില്ലായിരുന്നു. അപകടകരമായ കാറ്റും കടൽത്തിരയിളക്കവും വരുമ്പോൾ മീൻപിടിക്കാൻ പോകരുതെന്ന് മത്സ്യത്തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കാൻപോലും നമുക്കായില്ല. നൂറുകണക്കിന് മനുഷ്യർ മരിച്ചു. ഭീകരമായ മരണം. മലപോലെ ഉയർന്നുമറിയുന്ന തിരകൾക്കും വീശിച്ചുഴന്നടിക്കുന്ന കാറ്റിനും നടുവിൽ മറിഞ്ഞ വള്ളങ്ങളിൽ പിടിച്ച് നിസ്സഹായരായി കിടക്കുന്ന തൊഴിലാളികളെ ഓർത്തുനോക്കുക. അവരെ കാത്ത് പ്രാർഥനയോടെ കണ്ണീരൊഴുക്കി കരയിൽ കാത്തുനിൽക്കുന്ന വീട്ടുകാരെ ഓർത്തുനോക്കൂ. കരയിൽ വന്നടിയുന്ന ജഡങ്ങളിൽ തന്റെ മകനുണ്ടോ ഭർത്താവുണ്ടോ അച്ഛനുണ്ടോ എന്നു നിലവിളിച്ചുകൊണ്ടു തിരയുന്ന പ്രിയപ്പെട്ടവരെ ഓർക്കുക. നിങ്ങൾ കുട്ടികൾ ഇതൊന്നും ശ്രദ്ധിക്കാതിരിക്കരുത്. ഇത് നമ്മുടെ നാടാണെന്നും ഈ നാടിനേൽക്കുന്ന ഓരോ മുറിവും നമ്മുടെ കുടുംബത്തിനുകൂടി ഏൽക്കുന്നതാണെന്നും മനസ്സിലാക്കുക. സ്വന്തം കാര്യത്തിൽ മാത്രം മനസ്സുറപ്പിച്ചു കഴിഞ്ഞാൽ ഒരു നാടു നാടാകില്ല.



വര: സുധീർ പി വൈ

കാലാവസ്ഥ മാറുകയാണ്. അതിനു കാരണക്കാർ അധികവും മനുഷ്യർ തന്നെയാണ്. വായുമലിനീകരണവും ജലമലിനീകരണവും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമെല്ലാം നമ്മുടെ ചെയ്തികൾ കൊണ്ടുണ്ടാവുന്നതാണ്. പണമുണ്ടാക്കുക എന്നതല്ലാതെ മറ്റൊന്നും സമൂഹത്തിനു പ്രധാനമല്ലാതിയിരിക്കുന്നു.

പക്ഷേ നിങ്ങൾ അങ്ങനെയാകരുത്. സ്വന്തം നാടിന്റെയും നാട്ടുകാരുടെയും ആപത്തുകളും ദുഃഖങ്ങളും മനസ്സിലാക്കണം. അവയ്ക്കു പരിഹാരമെന്തെന്ന് ആലോചിക്കണം. ഇനിയുമുണ്ടാകാം ഓഖികൾ, സുനാമികൾ. അപ്പോൾ അവയിൽ നിന്നു രക്ഷപ്പെടാൻ നാം എന്തെല്ലാം മുൻകരുതലുകൾ എടുക്കണം എന്ന് പഠിക്കണം. നിങ്ങൾ ഞങ്ങളെക്കാൾ കൂടുതൽ അറിവും ചുമതലാബോധവുമുള്ള തലമുറകളായിരിക്കണം.

ഭൂമിയെ ബഹുമാനിക്കുന്ന സ്നേഹിക്കുന്ന കുറെയേറെ മക്കളെ ആ മലിനയും ക്ഷീണിതയും ദുഃഖിതയുമായ അമ്മയ്ക്ക് ആവശ്യമുണ്ട്.

സ്നേഹത്തോടെ,
**സുഗതകുമാരി**

**വായുമലിനീകരണവും ജലമലിനീകരണവും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമെല്ലാം നമ്മുടെ ചെയ്തികൾ കൊണ്ടുണ്ടാവുന്നതാണ്. പണമുണ്ടാക്കുക എന്നതല്ലാതെ മറ്റൊന്നും സമൂഹത്തിനു പ്രധാനമല്ലാതിയിരിക്കുന്നു. പക്ഷേ നിങ്ങൾ അങ്ങനെ യാകരുത്. സ്വന്തം നാടിന്റെയും നാട്ടുകാരുടെയും ആപത്തകളും ദുഃഖങ്ങളും മനസ്സിലാക്കണം. അവയ്ക്കു പരിഹാരമെന്തെന്ന് ആലോചിക്കണം. ഇനിയുമുണ്ടാകാം ഓഖികൾ, സുനാമികൾ. അപ്പോൾ അവയിൽ നിന്നു രക്ഷപ്പെടാൻ നാം എന്തെല്ലാം മുൻകരുതലുകൾ എടുക്കണം എന്ന് പഠിക്കണം.**





Author - Tikeswar

ഫോട്ടോ: from internet

# ഓഖി ചുഴലിക്കാറ്റ് നമ്മളോട് പറയുന്നതെന്ത്?



**ഡോ. കെ ജി താര**

ഓഖി എന്നാൽ ബംഗാളി ഭാഷയിൽ 'കണ്ണ്' എന്നാണ് അർഥം. നവംബർ 28 ന് ശ്രീലങ്കയുടെ തെക്ക്-കിഴക്ക് ഭാഗത്തുനിന്ന് 425 കിലോമീറ്റർ അകലെയാണ് ഈ ചുഴലിക്കാറ്റ് ഉത്ഭവിച്ചത്. മണിക്കൂറിൽ 160 മുതൽ 185 കിലോമീറ്റർ വരെ വേഗതയിലാണ് കാറ്റ് വീശിയത്. കേരളത്തിലും തമിഴ്നാട്, ശ്രീലങ്ക, മാലിദ്വീപ്, ലക്ഷദ്വീപ് എന്നിവിടങ്ങളിലും കനത്ത നാശം ഉണ്ടായി. ഈ ചുഴലിക്കാറ്റ് 4000 നോട്ടിക്കൽ മൈൽ താണ്ടി, ഗുജറാത്തിന്റെ തെക്കൻതീരത്ത് ഡിസംബർ ആറാം തീയതി അവസാനിച്ചു.

ഇന്ത്യൻ മഹാസമുദ്രത്തിന്റെ വടക്കുഭാഗത്ത് 2017 ൽ അടിച്ച ചുഴലിക്കാറ്റുകളിൽ മൂന്നാമത്തേതും ഏറ്റവും ശക്തിയേറിയതും 'ഓഖി' ചുഴലിക്കാറ്റാണ്. കേരളത്തിലെ 174 ഉം, തമിഴ്നാട്ടിലെ 108 ഉം ശ്രീലങ്കയിലെ 27 ഉം ഉൾപ്പെടെ 245 മത്സ്യത്തൊഴിലാളികളാണ് കൊല്ലപ്പെട്ടത്. മൊത്തം 5.07 ബില്യൺ ഡോളർ (ഏകദേശം 33969 കോടി രൂപ)ന്റെ നാശനഷ്ടം ഉണ്ടായി എന്നാണ് കണക്ക്. ഇപ്പോൾ ലഭ്യമായ കണക്കുപ്രകാരം മത്സ്യബന്ധനത്തിന് പോയവരിൽ 661 പേർ ഇനിയും തിരിച്ചെത്തിയിട്ടില്ല.

## ചുഴലിക്കാറ്റ് എന്നാൽ എന്താണ്?

'സൈക്ലോസ്' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് സൈക്ലോൺ എന്ന പേരുണ്ടായത് എന്നാണ് സങ്കൽപ്പം. ഗ്രീക്കുഭാഷയിൽ ഈ വാക്കിന്, 'പാമ്പിന്റെ ചുരുൾ' എന്നാണ് അർഥം.

കാറ്റിന്റെ നടുവിലെ മർദം 5 മുതൽ 6 എച്ച് പി എ (എച്ച് പി എ എന്നാൽ അന്തരീക്ഷ മർദം അളക്കാൻ ഉപയോഗിക്കുന്ന ഹെക്ടോ പാസ്ക്കൽ എന്ന യൂണിറ്റ്) വരെ താഴുകയും, ചുറ്റുമുള്ള കാറ്റിന്റെ വേഗത മണിക്കൂറിൽ 62 കിലോമീറ്റർ വരെയെങ്കിലും ആവുകയും ചെയ്താൽ,അവയെ 'ട്രോപ്പിക്കൽ സൈക്ലോൺ' എന്നു വിളിക്കാം. ഇത്തരം കാറ്റുകൾക്ക് കരയിലൂടെ, ഒരു

മണിക്കൂറിൽ 300 മുതൽ 500 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കാൻ സാധിക്കും.

ട്രോപ്പിക്കൽ സൈക്ലോണിന് 150 മുതൽ 500 കിലോമീറ്റർ വരെ ചുറ്റളവുണ്ടാകാം. ഇതിനോടനുബന്ധിച്ച് 50 മുതൽ 250 സെന്റിമീറ്റർ വരെ മഴയും പെയ്യാം. വേലിയേറ്റ തിരമാലകൾക്ക് 15 മുതൽ 20 അടിവരെ ഉയരം ഉണ്ടാകാനുള്ള സാധ്യതയും ഉണ്ട്. പൂർണ വളർച്ചയെത്തിയ ഒരു സൈക്ലോൺ പുറത്തുവിടുന്ന ഊർജം ഏകദേശം 500 ഹൈഡ്രജൻ ബോംബിന് തുല്യമാണത്രേ.



ഫോട്ടോ: from internet

ഓഖി സഞ്ചരിച്ച പാത

## എങ്ങനെയാണ് ചുഴലിക്കാറ്റുകൾ ഉണ്ടാകുന്നത്?

വളരെ ലളിതമായി പറഞ്ഞാൽ, ഒരു ന്യൂനമർദമേഖലയ്ക്ക് ചുറ്റും വായുവിന്റെ വലിയ പ്രവാഹം വട്ടംചുറ്റി വരുന്നതാണ് ചുഴലിക്കാറ്റായി പരിണമിക്കുന്നത്. അമ്പത് മീറ്റർ ആഴവും 26.5 ഡിഗ്രി സെന്റിഗ്രേഡ് ചൂടും ഉള്ള കടൽ, ചുഴലിക്കാറ്റുകൾ ഉണ്ടാകാൻ നല്ല സാഹചര്യം ഉള്ള പ്രദേശമാണെന്നാണ് കണ്ടുവരുന്നത്. ആഗോളതാപനം നിമിത്തം കടലിന്റെ ഉപരിതലത്തിലെ ചൂട് വർധിക്കുന്തോറും ചുഴലിക്കാറ്റുകളുടെ സാധ്യതയും വർധിച്ചുവരും.

ശ്രീലങ്കയിൽ വെറും ന്യൂനമർദമായി തുടങ്ങിയ പ്രതിഭാസം കന്യാകുമാരിയിലേക്കുള്ള വരവിനിടയിൽ ഓഖി ചുഴലിക്കാറ്റായി പരിണമിക്കാനുള്ള പ്രധാന കാരണം കടൽപ്രദേശത്തെ വായുവിലെ ഈർപ്പത്തിന്റെ വർധിച്ച അളവും കടലിന്റെ ഉപരിതലത്തി

### എന്തെല്ലാം തരം!

ഇന്ത്യൻ മഹാസമുദ്രത്തിൽ ഉണ്ടാകുന്ന ചുഴലിക്കാറ്റുകൾക്കാണ് 'സൈക്ലോൺ' എന്ന പദം ഉപയോഗിക്കുന്നത്. അത്‌ലാന്റിക് സമുദ്രപ്രദേശത്തെ ചുഴലിക്കാറ്റുകൾക്ക് 'ഹരിക്കേൻ' എന്ന വാക്കും. പെസഫിക് സമുദ്രപ്രദേശത്തുള്ളവയ്ക്ക് 'ടൈഫൂൺ' എന്നുമാണ് വിളിപ്പേര്.

വേഗത അനുസരിച്ച് ചുഴലിക്കാറ്റുകളെ 8 ആയി തരം തിരിക്കാം.

| | പേര് | കാറ്റിന്റെ വേഗത മണിക്കൂറിൽ |
|---|---|---|
| 1 | ന്യൂനമർദം | <31 കിലോമീറ്റർ |
| 2 | ഡിപ്രെഷൻ | 31 – 49 കിലോമീറ്റർ |
| 3 | ഡീപ് ഡിപ്രെഷൻ | 50–61 കിലോമീറ്റർ |
| 4 | സൈക്ലോണിക് സ്റ്റോം | 62–88 കിലോമീറ്റർ |
| 5 | സിവിയർ സൈക്ലോണിക് സ്റ്റോം | 89–117 കിലോമീറ്റർ |
| 6 | വെരി സിവിയർ സൈക്ലോണിക് സ്റ്റോം | 118–166 കിലോമീറ്റർ |
| 7 | എക്സ്ട്രീമലി സിവിയർ സൈക്ലോണിക് | 167–221 കിലോമീറ്റർ |
| 8 | സൂപ്പർ സൈക്ലോണിക് സ്റ്റോം | >221 കിലോമീറ്റർ |

ലുള്ള കൂടിയ ചൂടും ആണ് എന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്.

അതായത്, കരയിലെ ചൂട് കൂട്ടുന്ന ഏത് പ്രവൃത്തിയും ചുഴലിക്കാറ്റിന്റെ സാധ്യത വർധിപ്പിക്കുമെന്ന് സാരം. മരങ്ങൾ നശിപ്പിക്കുന്നതും, റോഡിൽ വാഹനങ്ങൾ പെരുകുന്നതും വീടുകളുടെ എണ്ണം കൂടുന്നതും വീട്ടിലും കാറിലും ഓഫീസിലും ആവശ്യത്തിനും അനാവശ്യത്തിനും എയർ കണ്ടീഷണറുകൾ ഉപയോഗിക്കുന്നതും പ്ലാസ്റ്റിക് കത്തിക്കുന്നതും അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങൾ കൂട്ടുന്ന മറ്റു പ്രവൃത്തികൾചെയ്യുന്നതും ചുഴലിക്കാറ്റിനുള്ള അവസരം ഒരുക്കുകയാണെന്ന് നമ്മൾ ഓർമിക്കേണ്ടതുണ്ട്.

## ചുഴലിക്കാറ്റിൽ എന്തൊക്കെ സംഭവിക്കാം?

ചുഴലിക്കാറ്റിൽ ഏറ്റവും പ്രധാനം ശക്തിയേറിയ കാറ്റാണ്. ഇടതടവില്ലാതെ പെയ്യുന്ന അതിശക്തമായ മഴയും ഉണ്ടാവും. തിരമാലകൾ ഉയർന്നുപൊങ്ങും.

തീരപ്രദേശങ്ങളാണ് ഏറ്റവും അപകട സാധ്യതയുള്ള മേഖലകൾ. താഴ്ന്ന പ്രദേശങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകാം. ആഞ്ഞടിക്കുന്ന കാറ്റിൽപ്പെട്ട് വൻ മരങ്ങൾ താഴെവീണ്, ആളുകൾക്കും വീടുകൾക്കും വലിയ നാശം സംഭവിക്കുന്നതും സാധാരണയാണ്. വേണ്ടത്ര കെട്ടുറപ്പ് ഇല്ലാത്ത കെട്ടിടങ്ങളെ പറത്തിക്കൊണ്ടുപോകാനും ചുഴലിക്കാറ്റുകൾക്കാവും. വൈദ്യുത ബന്ധം പലയിടത്തും താറുമാറാകും.

മനുഷ്യരും വളർത്തുമൃഗങ്ങളും മുങ്ങി മരിക്കുന്നതാണ് മറ്റൊരു ദുരന്തം. കടലിൽപ്പോയ ബോട്ടുകളും വള്ളങ്ങളും മറിഞ്ഞും നിരവധി പേർ മരിച്ചു പോകാറുണ്ട്.

വൈദ്യുതകമ്പികൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന തീപ്പൊരിയിൽ നിന്ന് വലിയ തീപിടുത്തങ്ങളും സാധാരണയാണ്. മഴവെള്ളം നിറഞ്ഞും കടൽവെള്ളം കയറിയും, കാറ്റടിച്ചും കൃഷിസ്ഥലങ്ങൾ പാടെ നശിച്ചുപോകുന്നതും ചുഴലിക്കാറ്റുമൂലം ഉണ്ടാകുന്ന ദോഷഫലങ്ങളിൽപ്പെടും.

വലിയ ചുഴലിക്കാറ്റാണെങ്കിൽ മൊബൈൽ ഫോൺ ടി വി തുടങ്ങിയ വാർത്താവിനിമയ സംവിധാനങ്ങൾ എല്ലാം തകരാറിലാകും. മരങ്ങൾ മറിഞ്ഞുവീണും വൈദ്യുതകമ്പികൾ പൊട്ടിവീണും വെള്ളം കയറിയും ഗതാഗതവും ജനജീവിതവും താറുമാറാകും.

കടൽജലം കയറി കരയുടെ നല്ലൊരു ഭാഗം നഷ്ടപ്പെട്ടു പോവുകയും മണ്ണിന്റെ ഫലഭൂയിഷ്ഠത വലിയ തോതിൽ കുറയുകയും ചെയ്യുന്നതും ഒരുപാടു പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മത്സ്യബന്ധന തൊഴിലാളികളും തീരദേശവാസികളുമാണ് ഏറ്റവും കഷ്ടത്തിൽ ആകുന്നത്.


ഫോട്ടോ: from internet

സൈക്ലോണിന്റെ ഉപഗ്രഹചിത്രം



ഫോട്ടോ: from internet

## കേരള തീരത്തെ സാധ്യത?

ലോകത്തെ പത്തുശതമാനം ചുഴലിക്കാറ്റും സംഭവിക്കുന്നത് 7510 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ കടത്തീരത്താണ്. ഇന്ത്യയിൽ ഓരോ കൊല്ലവും ഏകദേശം 3700 ലക്ഷം ആളുകളെ ചുഴലിക്കാറ്റ് ബാധിക്കുന്നുണ്ടെന്നാണ് കണക്ക്. മെയ്– ജൂൺ മാസങ്ങളിലും ഒക്ടോബർ– നവംബർ മാസങ്ങളിലുമാണ് സാധാരണയായി ചുഴലിക്കാറ്റുകൾ അടിക്കാറ്. 1891 നും 2000 ത്തിനും ഇടയിലെ കണക്ക് പരിശോധിച്ചാൽ ഇന്ത്യയുടെ കിഴക്കൻ തീരത്ത് 308 തവണയും കേരളമുൾപ്പെടുന്ന പടിഞ്ഞാറൻ തീരത്ത് 48 തവണയും ചുഴലിക്കാറ്റുകൾ അടിച്ചതായി കാണാം.

കേന്ദ്ര ഭവന-നഗര കാര്യാലയത്തിന്റെ കീഴിലുള്ള ബിൽഡിങ് മെറ്റീരിയൽ ആൻഡ് ടെക്നോളജി പ്രമോഷൻ കൗൺസിൽ, 2002 ൽ തയ്യാറാക്കിയ ചുഴലിക്കാറ്റിന്റെ സാധ്യതാ മാപ്പിൽ കേരളത്തിന്റെ 96.9 ശതമാനം പ്രദേശത്തും മണിക്കൂറിൽ 140 കിലോമീറ്റർ കാറ്റ് വീശാൻ സാധ്യതയുള്ളതായിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 3.1 ശതമാനം സ്ഥലത്താകട്ടെ, മണിക്കൂറിൽ 118 കിലോമീറ്റർ കാറ്റും! ഈ സമയത്തെ വേലിയേറ്റം 4.2 മീറ്റർ വരെ ഉയർന്നുവരാം.

## ആരാണ് മുന്നറിയിപ്പ് തരുന്നത്?

ഇന്ത്യയുടെ കിഴക്കുഭാഗത്തുള്ള ബംഗാൾ ഉൾക്കടലിലും പടിഞ്ഞാറ് അറേബ്യൻ സമുദ്രത്തിലും പ്രാദേശിക കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നത് ഇന്ത്യൻ കാലാവസ്ഥാഗവേഷണ കേന്ദ്രം (ഇന്ത്യൻ മീറ്റിയറോളജിക്കൽ ഡിപ്പാർട്ടുമെന്റ്



ഫോട്ടോ: from internet



ഫോട്ടോ: from internet

അഥവാ ഐ എം ഡി) ആണെന്നറിയാമല്ലോ? ഐ എം ഡിയുടെ കേരളത്തിലെ ഓഫീസ് മ്യൂസിയത്തിന് എതിർവശത്താണ്.

അനൗദ്യോഗിക മുന്നറിയിപ്പുകളാകട്ടെ സംയുക്ത ടൈഫൂൺ മുന്നറിയിപ്പ് കേന്ദ്രം ആണ് തരുന്നത്. നമ്മുടെ രാജ്യം ഉൾപ്പെടുന്ന ട്രോപ്പിക്കൽ മേഖലയിലെ എൺപത്തി ഒമ്പതു ശതമാനം ചുഴലിക്കാറ്റുകളുടെ ഉത്പത്തിയും ഗതിയും നിരീക്ഷിക്കുകയും വിവരം ശേഖരിക്കുകയും ചെയ്യുന്നത് ഹവായിദ്വീപിൽ അമേരിക്കൻ ഉടമസ്ഥതയിലുള്ള ഈ മുന്നറിയിപ്പ് കേന്ദ്രമാണ്. പക്ഷേ മുന്നറിയിപ്പുകൾ നൽകുന്നത് അമേരിക്കൻ പ്രതിരോധ ഡിപ്പാർട്ടുമെന്റിന് മാത്രമാണ് എന്നുമാത്രം.

## വന്നാൽ എന്തു ചെയ്യണം

ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പ് 48 മണിക്കൂറിന് മുമ്പുതന്നെ തരുന്ന രീതിയിൽ നമ്മുടെ ശാസ്ത്രം പുരോഗമിച്ചു കഴിഞ്ഞു. ഇത്തരം അറിയിപ്പ് കിട്ടിയാൽ

1 വെള്ളം കയറാൻ സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങൾ, കടലോര പ്രദേശങ്ങൾ എന്നിവയിൽ നിന്ന് മാറി ഉയർന്ന പ്രദേശങ്ങളിൽ ചെല്ലണം.

2 കെട്ടുറപ്പുള്ള വീട്ടിനുള്ളിൽ ഇരിക്കുന്നതാണ് സുരക്ഷിതം

3 ജനാലകളും വാതിലുകളും കുറ്റിയിട്ട് അടച്ച് ടേപ്പ് ഒട്ടിക്കുന്നത് നല്ലതാണ്. ശക്തിയേറിയ കാറ്റിൽ ജനാലച്ചില്ലകൾ അടഞ്ഞ് കുപ്പിച്ചില്ലുകൾ പൊട്ടി പരിക്കുകൾ പറ്റാതെയിരിക്കാൻ ഇത് സഹായിക്കും. കട്ടിയുള്ള പത്രത്താളുകൾ ടേപ്പ് കൊണ്ട് ജനാലിന്റെ ഉൾവശത്തോട് ചേർത്ത് ഒട്ടിക്കുന്നത് കൂടുതൽ സുരക്ഷിതത്വം നൽകും.

4 വെള്ളം കയറാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ വിലപിടിച്ച ഉപകരണങ്ങളും പ്രധാനപ്പെട്ട രേഖകളും വെള്ളം കയറാത്ത രീതിയിൽ ബാഗിൽ പൊതിഞ്ഞ് ഉയരമുള്ള സ്ഥലത്ത് വയ്ക്കുന്നത് നല്ലതാണ്. സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡുകൾ തുടങ്ങിയവ സ്കാൻ ചെയ്ത് അവനവന്റെ 'ഇ-മെയിൽ' വിലാസത്തിലേക്ക് അയച്ചുവച്ചാൽ അവയുടെ കോപ്പികൾ പിന്നീട് ആവശ്യം ഉള്ളപ്പോൾ എടുക്കാൻ എളുപ്പമാവും.

5 അടിയന്തിര പരിരക്ഷയ്ക്കുള്ള സാധനങ്ങൾ നിറച്ച ഒരു ബാഗ് കരുതിവയ്ക്കുന്നതും നല്ലതാണ്. ഇതിൽ പൊള്ള



ഫോട്ടോ: from internet

ലിനും മുറിവിനും വയറിളക്കം ഛർദ്ദി തുടങ്ങിവയ്ക്കുള്ള മരുന്നുകൾ, മൂന്ന് ദിവസത്തേക്കുള്ള വെള്ളം, പെട്ടെന്ന് ചീത്തയാകാത്ത ഭക്ഷണസാധനങ്ങൾ (കപ്പലണ്ടി, ബിസ്കറ്റ്, ഈന്തപ്പഴം തുടങ്ങിയവ) ഉൾപ്പെടെ പ്രഥമ ശുശ്രൂഷയ്ക്കുള്ള സാധനങ്ങൾ, ടോർച്ച് അതിലിടാനുള്ള രണ്ടോ മൂന്നോ ബാറ്ററികൾ എന്നിവ ഉണ്ടായിരിക്കണം.

6 അത്യാവശ്യമുള്ള ഫോൺ നമ്പറുകൾ (ജില്ലാ കളക്ടർ, ആശുപത്രികൾ, ഡോക്ടർമാർ, ഇലക്ട്രിസിറ്റി ബോർഡ്, ആംബുലൻസ്, മണ്ണുമാറ്റൽ യന്ത്രം സന്നദ്ധ സംഘടനകൾ തുടങ്ങിയവ) പ്രത്യേകം തയ്യാറാക്കി വയ്ക്കുന്നത് ഉപകാരപ്പെടും.

അധികാരികൾ ആവശ്യപ്പെട്ടാൽ സൈക്ലോണിനു വേണ്ടി പണികഴിപ്പിച്ചിട്ടുള്ള ഷെൽട്ടറുകളിലേക്ക് മാറണം

## മരങ്ങൾ സുഹൃത്തുക്കൾ

ചുഴലിക്കാറ്റിൽ നിന്ന് രക്ഷ നേടാൻ മരങ്ങൾ ഏറെ സഹായിക്കും. തെങ്ങും മുളയും കണ്ടൽക്കാടുകളും ചേർന്ന് ഹരിതവേലികൾ നമ്മെ സുരക്ഷിതരാക്കും.



ഫോട്ടോ: from internet

ഓഖി ദുരന്തത്തിനു ശേഷം, മുംബൈ നഗരത്തിലെ കടലോര പ്രദേശത്തു നിന്ന് മാത്രം 80,000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ആണ് ശേഖരിക്കപ്പെട്ടത്!

## എന്തുകൊണ്ട് കടലുകളെ സ്നേഹിക്കണം?

ചൂട് കൂടി വരുമ്പോൾ ചുഴലിക്കാറ്റുകളുടെയും എണ്ണം കൂടും എഴുപതു ശതമാനവും സമുദ്രത്തിലാണ്. നമ്മുടെ ശരീരത്തിന് ആവശ്യമായ പ്രോട്ടീന്റെ മൂന്നിൽ ഒന്ന് ഭാഗവും തരുന്നത് കടലിൽ നിന്നുള്ള വിഭവങ്ങളാണ്. ഒരു വർഷം 2,0949,109 ഡോളറിന്റെ വരുമാനം കടലിൽ നിന്ന് നമുക്ക് കിട്ടുന്നുണ്ട്. കേരളത്തിലെ എട്ടു ലക്ഷത്തോളം ആളുകൾ കടലിനെ മാത്രം ആശ്രയിച്ച് കഴിയുന്നവരാണ്. എന്നിട്ടും നമ്മൾ കടലുകളെ കൊന്നുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞും ഹൗസ്ബോട്ടുകളിൽ നിന്നും ഖരമാലിന്യങ്ങൾ കടലിലേക്കിട്ടും നമ്മൾ കടലുകളെ ശ്വാസം മുട്ടിക്കുകയാണ്.

ചുഴലിക്കാറ്റുകളിൽ നിന്ന് ഒരുപരിധിവരെയെങ്കിലും രക്ഷനേടാൻ നമ്മൾ കടലുകളെയും കടലിന്റെ മക്കളെയും സ്നേഹിച്ചേ മതിയാകൂ.



*(കേരളദുരന്തനിവാരണ അതോറിറ്റിയുടെ മേധാവിയാണ് ലേഖിക)*

# ഗാന്ധിജിയുടെ അതിഥി

വിഷ്ണുനാരായണൻ നമ്പൂതിരി

പുകൾപെറും വാർധയിലന്നൊരു നാൾ
പുലരിക്കതിരിനോടൊപ്പമൊപ്പം
പടികടന്നാശ്രമത്തിന്റെ നേർക്കായ്
ഒരു പിഞ്ചു കാലടിപ്പാടു കാണായ്.

കീറിപ്പൊളിഞ്ഞതവന്റെ വേഷം,
ഏറെത്തളർന്നു കുഴഞ്ഞ ഭാവം.
ചുറ്റുമണഞ്ഞു ചോദ്യങ്ങൾ തൂകും
ഉത്സുകരാകും മുഖങ്ങളോടായ്
ഉത്തരമൊന്നേ പറഞ്ഞിതുണ്ണി:
'ഇക്ഷണം ബാപ്പുവെ കണ്ടിടേണം!'

2

പത്തുനൂറാൾക്കാർ വരിവരിയായ്
തിക്കിനിൽക്കും കാര്യശാലയിങ്കൽ
ഒരു കൊച്ചു പായമേൽ പുഞ്ചിരിനൂൽ-
ത്തിരി നൂറ്റിരിക്കുന്ന കർമയോഗി
അക്കൊച്ചു സന്ദർശകനെ നേരിൽ
വെക്കമടുക്കൽ വിളിച്ചിരുത്തി
തൃക്കരംകൊണ്ടൊന്നുഴിഞ്ഞവാറേ
ഗദ്ഗദംകൊണ്ടു മൊഴിഞ്ഞിതുണ്ണി:
'പോയിതെന്നച്ഛനുമമ്മയും, ഞാൻ
ഏകൻ, എനിക്കിനിയാരുമില്ല.'
തുടരാൻ കഴിഞ്ഞില്ല കണ്ണുനീരാൽ,
ഇടരാറ്റുമാറപ്പോളോതി താതൻ:
'കുഞ്ഞേ, നിനക്കുള്ളതാണീക്കാണും
ഞങ്ങളും, നമ്മുടെയാശ്രമവും.
ഇവിടെ നീയെന്നോമലുണ്ണി, വേറി-
ട്ടിനിമേൽ നീയെങ്ങുമേ പോയിടേണ്ട!''

3

നേതാക്കൾ, പത്രക്കാർ, ചക്രവർത്തി-
ദൂതന്മാർ, എല്ലാം പിരിഞ്ഞുപോകേ
മഴ പെയ്തു തീർന്നിട്ടും വീശിനിൽക്കും
കുളിർതെന്നൽപോലവൻ മാത്രമായി.
അക്ഷീണമന്ദസ്മിതവുമായി-
ട്ടപ്പൊഴും നൂൽക്കും ഗുരുവുരച്ചു:

‘മകനേ, പറഞ്ഞോളൂ വേണ്ട കാര്യം!’
അരികിലണഞ്ഞു പറഞ്ഞിതുണ്ണി;
‘അറിയില്ലെനിക്കൊരു വേലപോലും,
അലസനായെമ്മട്ടു പാർത്തിടും ഞാൻ?’
ഉതിരുമഭിമാനബാഷ്പമോടേ
മുകരുകയായ് താതനുണ്ണി തന്നെ:
‘ഒന്നല്ല, പത്തല്ല കുഞ്ഞേ, മക്കൾ
ഒരു നൂറു കോടിയെ പോറ്റിയിട്ടും
ഇനിയുമമ്മയ്ക്കു മടിത്തടത്തിൽ
ഇടമുണ്ടു നിങ്ങൾക്കു വേല നൽകാൻ
ഉണ്ണിക്കരമിതു പെറ്റ നാടിൻ
കണ്ണുനീരൊപ്പാൻ കരുത്തിയന്നാൽ
അമ്മയ്ക്കു പിന്നെന്തു ദുഃഖം, അമ്മ-
യുള്ളപ്പോൾ നമ്മൾക്കുമെന്തു ദുഃഖം?’



വര: സുധീർ പി വൈ

കഥ

# മൺകിളികൾ

ഗ്രേസി

തകർത്തുപെയ്യുന്ന മഴയിലേക്ക് ചീതുവിന്റെ അച്ഛൻ വിഷണ്ണനായി നോക്കിയിരുന്നു. മകൾക്ക് പുതിയൊരു കുട വാങ്ങിക്കൊടുക്കാൻ അയാൾക്കിതുവരേയും കഴിഞ്ഞില്ല. സ്കൂൾ തുറക്കുമ്പോൾ പുതിയ കുട വേണമെന്ന് മകൾ വാശിപിടിച്ചതാണ്. പണം മിച്ചം വയ്ക്കാൻ പറ്റണ്ടേ? ഒന്നാം ക്ലാസിൽ ചേർത്തപ്പോഴാണ് ഒരു കുട വാങ്ങിയത്. ഇപ്പോൾ നാലുവർഷം കഴിഞ്ഞു. അന്ന് ചീതുവിന്റെ അമ്മയുണ്ടായിരുന്നു കൂടെ. മകൾക്ക് സീത എന്ന പേരിട്ടതും കൊഞ്ചിച്ച് ചീതു എന്ന് വിളിച്ചു തുടങ്ങിയതും അമ്മയായിരുന്നു. പിന്നീടെപ്പോഴോ ഒരു പനിക്കാറ്റിൽ പറന്നുപറന്ന് അവൾ എങ്ങോ പോയ് മറഞ്ഞു. അതോടെ, ഉറുമ്പു തിന്ന് ചെറുതുളകൾ വീണ കുടപോലെയായിത്തീർന്നു അയാളുടെ ജീവിതവും.

സ്കൂൾ തുറന്ന ദിവസം നരച്ച കുട നിവർത്തി ആകാശത്തിനു നേർക്കുപിടിച്ച് അയാൾ പറഞ്ഞു.

‘‘നോക്ക് ചീതു! ഈ കുട നിറയെ നക്ഷത്രക്കുഞ്ഞുങ്ങളാ. ഇങ്ങനത്തെ ഒരു കുട നിന്റെ ക്ലാസിൽ ആർക്കും



വര: സചീന്ദ്രൻ കാറഡുക്ക

കാണൂല്ല!''

ചീതു ചിരിച്ചു. പക്ഷേ, ചീതുവിന്റെ രണ്ടുകവിളിലും വിരിഞ്ഞ നുണക്കുഴികളിൽ നിറയെ സങ്കടമായിരുന്നു. അച്ഛന്റെ കൈയിൽ പണമില്ലെന്ന് ചീതുവിനു മനസ്സിലായി. പരാതി പറയാതെ മകൾ കുട പഴയ ബാഗിൽ വച്ച് സ്കൂളിലേക്കു പോകുന്നത് നോക്കിനിന്നപ്പോൾ അയാളുടെ കണ്ണുകൾ നനഞ്ഞു.

വീടിന്റെ തിണ്ണയിൽ കുന്തിച്ചിരുന്ന അയാൾ പൂത്ത ചെമ്പരത്തിവേലിക്കപ്പുറം ചീതുവിന്റെ നക്ഷത്രക്കുട കണ്ടപ്പോൾ എഴുന്നേറ്റു. ചെറിയ മുറ്റം കടന്ന് ചീതു തിണ്ണയിൽ കയറിയപ്പോൾ അയാൾ ചെന്ന് കുടയും ബാഗും വാങ്ങി. മകളുടെ എണ്ണമയമില്ലാത്ത ചുരുണ്ടമുടി നിറയെ പൊടിമഞ്ഞു പോലെ പറ്റിപ്പിടിച്ചിരുന്ന വെള്ളത്തുള്ളികൾ മുണ്ടിന്റെ കോന്തലകൊണ്ടു അയാൾ തുടച്ചുകളഞ്ഞു. പിന്നെ മകളെ ചേർത്തുനിർത്തി നെറ്റിയിൽ ഉമ്മവച്ചു. എന്നിട്ടും മകളുടെ മുഖത്തൊരു സങ്കടം ഒഴിഞ്ഞു പോകാതെ നിൽക്കുന്നതു കണ്ട് അയാൾ ചോദിച്ചു.

'ന്റെ കുട്ടിക്കെന്താ ഒരു സങ്കടം? അകത്തേക്കു വാ! അച്ഛൻ നല്ലൊരു ചുക്കുകാപ്പിയിട്ടു തരാം.'

ചക്കരചേർത്ത ചുക്കുകാപ്പി ഊതിയൂതി കുടിക്കുമ്പോഴും മകളുടെ മുഖത്തുനിന്ന് സങ്കടം മായുന്നില്ലെന്നുകണ്ട് അയാൾ പറഞ്ഞു.

''ന്റെ കുട്ടിക്ക് അച്ഛൻ കുട വാങ്ങിത്തരണ്ട്!'

''വേണ്ടച്ഛാ!'' എന്നു പറഞ്ഞു ചീതു. കൂടുതൽ സങ്കടത്തിലായി. അയാൾ പരിഭ്രമിച്ചു.

''പിന്നെയെന്താ കാര്യം?'' മടിച്ചുമടിച്ച് ചീതു പറഞ്ഞു.

''മഴ ഒറക്കെ പെയ്തപ്പോ കൊറച്ചുനേരം ഞാൻ അനൂന്റെ വീട്ടില് കേറി നിന്നാരുന്നു. അവൾടെ വീട്ടില് നാല് കുഞ്ഞിക്കിളികളുണ്ടച്ഛാ. ഒരു കമ്പിക്കൂട്ടിലാ അതുങ്ങള് കെടക്കണത്. അതില് ഒരു മരക്കമ്പും മൊട്ടയിടാനായിട്ട് രണ്ട് കൊടോം വച്ചിട്ടൊണ്ട്. പച്ചേം മഞ്ഞേം ചോപ്പും വെള്ളേം നെറോള്ള കിളികളെ കാണാനെന്ത് ഭംഗിയാന്നോ! എനിക്ക് കണ്ടിട്ട് കൊതിയായി അച്ഛാ!''

മകളുടെ കണ്ണുകൾ നിറഞ്ഞുവരുന്നത് കണ്ട് അയാൾ മിഴിച്ചിരുന്നു.

''ന്റെ കുട്ട്യേ! മ്മക്ക് അതുങ്ങളെ മേടിക്കാൻ പറ്റ്വോ? കിളിക്കും കൂടിനുമൊക്കെ ഒരുപാട് കാശാവും. അതുങ്ങളെ പോറ്റാനും വല്യ ചെലവാ!''

അയാൾ മകളുടെ നേർക്കു നോക്കാതെ മഴയിലേക്കു നോക്കി. ചന്തയിൽ അയാൾ നിരത്തിവയ്ക്കുന്ന മൺപാത്രങ്ങളെടുത്ത് ആളുകൾ വലം കൈയിലെ നടുവിരൽ കൊണ്ട് കൊട്ടി നോക്കും. വില കേട്ടാലുടനെ താഴത്തുവയ്ക്കുകയും ചെയ്യും. നല്ല മണ്ണ് കിട്ടാനില്ലാത്തതുകൊണ്ട് മൺപാത്രം ഉണ്ടാക്കുന്നത് ഇക്കാലത്ത് ഒട്ടും എളുപ്പമല്ലെന്ന് പറഞ്ഞാൽ ആളുകൾക്ക് മനസ്സിലാവണ്ടേ? മൺപാത്രം ഉണ്ടാക്കുന്നത് മതിയാക്കി വല്ല കൂലിപ്പണിക്കും പോയാലോ എന്ന് കുറേനാളായിട്ട് അയാൾ ആലോചിക്കുന്നുണ്ട്.

അച്ഛന് വിഷമമായെന്നറിഞ്ഞ് ചീതു കാപ്പിപ്പാത്രം താഴെവച്ച് എഴുന്നേറ്റു. അച്ഛന്റെ തോളിൽ കൈയിട്ട് മുഖം ചേർത്തുപിടിച്ച് പറഞ്ഞു.

''അത് ഒരൂട്ടം കുഞ്ഞിത്തത്തകളാണച്ഛാ! നാലുപേരും കൂട്ടിലങ്ങനെ പറന്നു നടക്കുകേം കൊടത്തീക്കേറിയെറങ്ങുകേം ചെയ്യും. തെന മാത്രല്ല അതുങ്ങക്ക് തൊളസിയെലേം ഇഷ്ടാ. അനൂന്റെ കൂടെ ഞാനും തൊളസിയെല കൊടുത്തു. നമ്മടെ വീട്ടില് തൊളസിയൊന്നും ഇല്ലല്ലോ. അതോണ്ട് എനിക്ക് കിളികളെ വേണ്ടാട്ടോ!''

എങ്കിലും പിറ്റേന്ന് മകൾ സ്കൂളുവിട്ട് വരുമ്പോഴേക്കും അയാൾ രണ്ട് മൺകിളികളെ ഉണ്ടാക്കിവച്ചു. മകൾ വന്നപ്പോൾ പിന്നിലൊളിപ്പിച്ച് പിടിച്ച കിളികളെ പൊടുന്നനെ മുന്നിലേക്ക് നീട്ടിപ്പിടിച്ച് ചിരിച്ചു.

''ന്റെ കുട്ടിക്ക് ഈ മൺകിളികള് പോരേ? അതുങ്ങക്ക് കൂടുംവേണ്ട, കൊടോം വേണ്ട! തെനേംവേണ്ട, തൊളസീം വേണ്ട!''

ചീതുവിന് വല്ലാതെ സങ്കടം വന്നെങ്കിലും അച്ഛന്റെ സന്തോഷം കണ്ടപ്പോൾ രണ്ടുകൈയും നീട്ടി മൺകിളികളെ വാങ്ങി. ഇതിന് ചായം പൂശിയിരുന്നെങ്കിൽ കൊറച്ചുകൂടി ഭംഗീണ്ടായനേ എന്നു പറയാൻ വന്നത് വേണ്ടെന്ന് വയ്ക്കുകയും ചെയ്തു. പഴയ കളിപ്പാട്ട

**വീടിന്റെ തിണ്ണയിൽ കുന്തിച്ചിരുന്ന അയാൾ പൂത്ത ചെമ്പരത്തിവേലിക്കപ്പുറം ചീതുവിന്റെ നക്ഷത്രക്കുട കണ്ടപ്പോൾ എഴുന്നേറ്റു. ചെറിയ മുറ്റം കടന്ന് ചീതു തിണ്ണയിൽ കയറിയപ്പോൾ അയാൾ ചെന്ന്കുടയും ബാഗും വാങ്ങി. മകളുടെ എണ്ണമയമില്ലാത്ത ചുരുണ്ടമുടി നിറയെ പൊടിമഞ്ഞു പോലെ പറ്റിപ്പിടിച്ചിരുന്ന വെള്ളത്തുള്ളികൾ മുണ്ടിന്റെ കോന്തലകൊണ്ടു അയാൾ തുടച്ചുകളഞ്ഞു. പിന്നെ മകളെ ചേർത്തുനിർത്തി നെറ്റിയിൽ ഉമ്മവച്ചു.**





**രാത്രിയിൽ അച്ഛന്റെയൊപ്പം കഞ്ഞികുടിക്കാനിരുന്നപ്പോഴും അനുവിന്റെ വീട്ടിലെ കിളികളെക്കുറിച്ചാണ് ചീതുഓർത്തത്. ചീതുവിന് ഏറ്റവും ഇഷ്ടമായത് വെളുത്ത നിറവും ചുവന്ന കണ്ണുകളുമുള്ള കിളിയെ ആയിരുന്നു. അതിനെ ഒന്നു തൊട്ടുനോക്കാൻ ചീതുവിനു കൊതി തോന്നി. പക്ഷേ അതിനെ ഇനി കാണാൻ പോലും കഴിയില്ലെന്ന് ചീതുവിന് പിറ്റേന്നാണ് മനസ്സിലായത്.**

ങ്ങൾ നിറച്ച സഞ്ചിയിൽ മൺകിളികളെ സൂക്ഷിച്ചു വയ്ക്കുമ്പോൾ അനുവിനോട് പറയണോ എന്നും ചീതു ആലോചിച്ചു. പിന്നെ അതും വേണ്ടെന്നുവച്ചു.

രാത്രിയിൽ അച്ഛന്റെയൊപ്പം കഞ്ഞികുടിക്കാനിരുന്നപ്പോഴും അനുവിന്റെ വീട്ടിലെ കിളികളെക്കുറിച്ചാണ് ചീതു ഓർത്തത്. ചീതുവിന് ഏറ്റവും ഇഷ്ടമായത് വെളുത്ത നിറവും ചുവന്ന കണ്ണുകളുമുള്ള കിളിയെ ആയിരുന്നു. അതിനെ ഒന്നു തൊട്ടുനോക്കാൻ ചീതുവിനു കൊതി തോന്നി. പക്ഷേ അതിനെ ഇനി കാണാൻ പോലും കഴിയില്ലെന്ന് ചീതുവിന് പിറ്റേന്നാണ് മനസ്സിലായത്. ആ കിളി ചത്തുപോയി എന്ന്. കരഞ്ഞുവീർത്ത മുഖവുമായിട്ടാണ് അനു സ്കൂളിൽ വന്നത്. അനുവിന്റെ മുഖം കണ്ടപ്പോൾ ചീതുവിന്റെ കണ്ണുകളും നിറഞ്ഞു വന്നു.

വൈകുന്നേരം സ്കൂളിൽ നിന്ന് വന്ന ചീതുവിന് അച്ഛനോട് ആദ്യം പറയാനുണ്ടായ വിശേഷവും അതുതന്നെയായിരുന്നു.

''എന്ത് സുന്ദരിക്കിളിയായിരുന്നൂന്നോ അത്! അത് ചത്തേപ്പിന്നെ അതിന്റെ കൂട്ടുകാരൻ ഒന്നും തിന്നാതേം കുടിക്കാതേം മരക്കമ്പിലങ്ങനെ വെറുതെ ഇരിപ്പാ!''

അയാൾ മകളെ നെഞ്ചോടു ചേർത്തുപിടിച്ചു. ചീതുവിന്റെ അമ്മ മരിച്ചപ്പോൾ അയാളും അങ്ങനെതന്നെയായിരുന്നുവല്ലോ എന്നോർത്തു. അന്നേരം ചീതു പറഞ്ഞു.

''അവരതിനെ മണ്ണില് കുഴിച്ചിട്ടു അച്ഛാ!''

മകളുടെ ചുരുണ്ടമുടി കോതിയൊതുക്കി അയാൾ നെടുവീർപ്പിട്ടു.

''കണ്ടോ? ഒടുക്കം അതൊരു മൺകിളിയായില്ലേ കുട്ട്യേ?''

# പ്രാർഥനകളോടെ...



മലയാളത്തിന്റെ പ്രിയകവി, തളിരിന്റെ ചീഫ്എഡിറ്റർ ശ്രീമതി സുഗതകുമാരി എന്ന സുഗതകുമാരിടീച്ചർ ശതാഭിഷിക്തയായി എൺപത്തിനാലു വയസ്സുതികഞ്ഞു എന്നർഥം. ഈ പ്രായത്തിനിടയിൽ ആയിരംപൂർണചന്ദ്രനെ കണ്ടിരിക്കുമെന്നാണ് വിശ്വാസം). വാക്കും അർഥവും ഇത്രമേൽ സമ്യക്കായി സമ്മേളിച്ച ഒരു വ്യക്തിത്വമില്ല. 'സുഗത'എന്ന വാക്കിന് ഭംഗിയായി ഗമിക്കുന്ന, സുഗമമായ എന്ന അർഥമാണ് 'ശബ്ദതാരാവലി'യിൽ.സുഗത എന്നാൽ നല്ലവഴിയേ നടക്കുന്നവൾ എന്നാണർഥം. സ്വകർമം കൊണ്ടു സുഗതകുമാരിടീച്ചർ നടന്നുകൊണ്ടേയിരിക്കുന്നു. നല്ല വഴികൾ വെട്ടിത്തെളിച്ചുകൊണ്ട്.

മലയാളകവിതയിൽ ടീച്ചർക്കുള്ള സ്ഥാനത്തിന് തർക്കമില്ല. പൊതുജീവിതത്തിലും അതങ്ങനെതന്നെ. ഇക്കാലമത്രയും ആ സഹനജീവിതം ഓരോ കൊള്ളരുതായ്മയെയും ചെറുത്തു. പ്രകൃതിക്കും സ്ത്രീക്കും കുഞ്ഞിനുംവേണ്ടി പോരാടി. നമ്മെ കരുണയെന്തെന്ന്,നീതിയെന്തെന്ന്, സഹനമെന്തെന്ന് പഠിപ്പിച്ചു. അശരണരും ആലംബഹീനരും നിസ്സഹായരും നിർധനരും സ്ത്രീകളും കുട്ടികളും അടങ്ങുന്ന അരികുജീവിതങ്ങളുടെ നിസ്സഹായതകളെയും വേദനകളെയും തിരിച്ചറിഞ്ഞ് അവ ഇല്ലാതാക്കാൻ ആവുന്നതും പരിശ്രമിച്ചു. ആ ജീവിതങ്ങൾക്ക് വാത്സല്യവും കർമവും പ്രാർഥനയും കൊണ്ട് കാവൽനിന്നു.

'കനലുപോലെ ചുവന്നു പൊള്ളിയ, പൂമ്പൊടിപോലെ കവിതപുരണ്ട, കാലുതൊടുകയും ഉടലുറയ്ക്കുകയും' ചെയ്ത ആ വാക്കുകൾ നിരന്തരം നമ്മെ പലതും ഓർമിപ്പിച്ചുകൊണ്ടിരിക്കും. ഉണർത്തിക്കൊണ്ടിരിക്കും. മുത്തുച്ചിപ്പി ജലത്തെ അടച്ചുസൂക്ഷിച്ച് മുത്താക്കിമാറ്റിയ പ്രകൃതിയുടെ ആ കരവിരുതാണ് വാക്ക് കവിതയായി വിളയിച്ചപ്പോൾ ടീച്ചറിൽ തെളിഞ്ഞത്. 'മുത്തുച്ചിപ്പി' 'കുടത്തിലെ കടല'ായ് വളർന്നതും നാം കണ്ടു.

വാക്കുകൾകൊണ്ടും കവിതകൾകൊണ്ടും പ്രഭാഷണങ്ങൾകൊണ്ടും നിരന്തരം പ്രകൃതിയോടും സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങളെ തടയുന്ന ആ വാക്ധീരതയ്ക്ക് എൺപത്തിനാലിന്റെ നിറവിൽ ഞങ്ങളുടെ സ്നേഹം. ദീർഘായുസ്സിനും ആരോഗ്യത്തിനുമായി ഒരു പ്രാർഥനാഞ്ജലി.



ഫോട്ടോ: from internet

# തെയ്യം അനുഷ്ഠാനവും കലയും



ഡോ. എ കെ നമ്പ്യാർ

**കേരളസംസ്കാരത്തിന്റെ ഭാഗമാണ് നാടൻ കലാരൂപങ്ങൾ. ദൃശ്യമനോഹാരിതകൊണ്ടും പുരാവൃത്ത വൈവിധ്യം കൊണ്ടും എണ്ണമറ്റ അനുഷ്ഠാനങ്ങളാലും സമ്പന്നമായ ഒരനുഷ്ഠാനകലയാണ് തെയ്യം. ജാതിയുടെയും മതത്തിന്റെയും വിലക്കുകളില്ലാതെ മനുഷ്യർക്കെല്ലാം ഒത്തുചേരാവുന്ന വേദിയാണ് തെയ്യത്തിന്റേത്. കേരളത്തിന്റെ തനതു കലാരൂപമായ തെയ്യത്തെക്കുറിച്ചും വിവിധ തെയ്യക്കോലങ്ങളെ കുറിച്ചും പരാമർശിക്കുന്ന ലേഖനമാണിത്.**

ദൃശ്യമനോഹാരിത കൊണ്ടും പുരാവൃത്ത (മിത്ത്) വൈവിധ്യം കൊണ്ടും എണ്ണമറ്റ അനുഷ്ഠാനങ്ങളാലും സമ്പന്നമായ ഒരനുഷ്ഠാന കലയാണ് തെയ്യം. അനുഷ്ഠാനവും കലയും ഇഴപിരിച്ചെടുക്കാൻ കഴിയാത്തവിധം ചേർന്നു കിടക്കുന്ന തെയ്യത്തിൽ നിന്ന് ഏതെങ്കിലും ഒരംശം വേർതിരിച്ചെടുക്കുക പ്രയാസമാണ്. തെയ്യം കെട്ടിവരുന്ന സമൂഹങ്ങൾക്കും കാവുകളിലെ വാർഷികോത്സവമായ കളിയാട്ടം ഒരുക്കുന്നവർക്കും അത് അനുഷ്ഠാനമാണ്. അതിലെ പങ്കാളികളിൽ ഭൂരിഭാഗവും കലയന്വേഷിച്ചല്ല, അവിടെയെത്തുന്നത്. മറിച്ച് ആ അനുഷ്ഠാനം പകർന്നുനൽകുന്ന അനുഭവത്തിന് സാക്ഷ്യം വഹിക്കുവാനാണ്. എന്നാൽ സമീപകാലത്തായി തെയ്യം എന്ന അനുഷ്ഠാനകലയിലെ ദൃശ്യാംശങ്ങളെക്കുറിച്ചും കലാപരമായ അനുഭവത്തെക്കുറിച്ചും ബോധവാന്മാരായ കുറേപ്പേരെങ്കിലും കാവുകളിൽ എത്തുന്നുണ്ട്.

ജാതിയുടെയും മതത്തിന്റെയും വിലക്കുകളില്ലാതെ മനുഷ്യർക്കെല്ലാം ഒത്തുചേരാവുന്ന വേദിയാണ് തെയ്യത്തിന്റേത്. ബ്രാഹ്മണരുടെ ഇല്ലങ്ങളിലും തെയ്യം കെട്ടിയാടിച്ചുവരുന്നുണ്ടെങ്കിലും ബ്രാഹ്മണരിൽ താഴെയുള്ള സമൂഹങ്ങളുടെ ആരാധനാകേന്ദ്രങ്ങളായ കാവുകളിലും (മുണ്ട്യ, സ്ഥാനം, കോട്ടം

ഫോട്ടോ: Mullookkaaran

തുടങ്ങിയ പേരുകളിലും ഇത റിയപ്പെടുന്നു) തറവാട്ടുകോട്ടങ്ങളിലും ആണ് തെയ്യം പ്രധാനമായും അരങ്ങേറി വരുന്നത്. ഗോത്രജീവിതത്തിന്റെയും നാടോടിസംസ്കാരത്തിന്റെയും മുദ്രകൾ പതിഞ്ഞിട്ടുള്ള, തികച്ചും ദ്രാവിഡമെന്നു വിശേഷിപ്പിക്കാവുന്ന ആരാധനാകേന്ദ്രങ്ങളാണ് കാവുകൾ. 'സംഘകാല' സമൂഹങ്ങളുടെ ഒത്തുചേരലിന്റെ വേദികളായ 'മൻറ'ങ്ങളുടെ തുടർച്ചയാണ് കാവുകൾ. ഗോത്രചിഹനം (കുലചിഹ്നം) എന്ന നിലയിൽ വൃക്ഷങ്ങളെ ആരാധിച്ചിരുന്ന ഒരു സംസ്കാരം ഇവിടെയുണ്ടായിരുന്നു. ചില സമൂഹങ്ങൾ വേപ്പ് തുടങ്ങിയ വൃക്ഷങ്ങളെയാണ് കുലചിഹ്നമായി കണക്കാക്കിയിരുന്നത്. പാല, ചെമ്പകം തുടങ്ങിയ പാലുള്ള വൃക്ഷങ്ങളിൽ 'ആകാശചാരിക'കളായി കരുതപ്പെട്ടിരുന്ന യക്ഷൻ, യക്ഷി, ഗുളികൻ ആദിയായ തെയ്യങ്ങളിലാണ് അധിവസിച്ചിരുന്നത് എന്ന വിശ്വാസവും കേരളത്തിൽ പ്രബലമായിരുന്നു. പല തെയ്യങ്ങളുടെയും ആരൂഢം ഇത്തരം വൃക്ഷങ്ങളിലായിരുന്നു എന്നതിന് അവയുടെ അനുഷ്ഠാനങ്ങൾ സാക്ഷ്യം വഹിക്കുന്നു. മരത്തിൽ നിന്ന് ഇറക്കിക്കൊണ്ടുവരലും അവസാനം മരത്തിൽ കയറ്റലും പഞ്ചുരുളി എന്ന തെയ്യത്തിന്റെ അനുഷ്ഠാനങ്ങളിൽപ്പെടുന്നു. (കണ്ണൂർജില്ലയിലെ കീച്ചേരിയിലെ ഒരു കാവിൽ പഞ്ചുരുളിയുടെ സ്ഥാനം ആൽമരത്തിലാണ്. ആദ്യകാലത്ത് തെയ്യം നടത്തിയിരുന്നത് മരങ്ങളുടെ ചുവട്ടിലായിരുന്നു എന്നു കരുതാവുന്നതാണ്. 'നീലിയാർകോട്ടം' എന്ന പേരിൽ പ്രശസ്തമായ ഒരു സ്ഥാനം കണ്ണൂർ സർവകലാശാലയുടെ പഴയ ആസ്ഥാനത്തോട് തൊട്ട് (മോറാഴ) സ്ഥിതി ചെയ്യുന്നുണ്ട്. അവിടെ കോട്ടയോ കാവോ ഇല്ല. കല്ലുകൾ വളച്ചുകെട്ടിയ സ്ഥലമാണ് നീലിയമ്മയുടെ ആരൂഢം. അതിന്റെ മുമ്പിലാണ് നീലിയാർ അരങ്ങേറുന്നത്. കാവുകളുണ്ടാകുന്നതിനു മുമ്പുള്ള കാലത്തെ തെയ്യത്തിന്റെ അവതരണ സ്ഥലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.



## കാവുകളും തെയ്യവും

'കളിയാട്ടം' എന്ന പേരിലറി





ഫോട്ടോ: from internet

അണ്ടല്ലൂർക്കാവ്

യപ്പെടുന്ന വാർഷികോത്സവത്തിന്റെ ഭാഗമായാണ് കാവുകളിൽ തെയ്യം കെട്ടിയാടുന്നത്. ഒരു ദിവസം മുതൽ 8 ദിവസം വരെയുള്ള കളിയാട്ടങ്ങളുണ്ട്. ഒറ്റപ്പെട്ട ചില കാവുകളിൽ അതിൽ കൂടുതൽ ദിവസങ്ങളും ഉണ്ടാകും. നായന്മാരുടെ കാവുകളിൽ ചിലതിന് ' കളരി' എന്നും പറയും. പാലക്കീൽ കളരി (ചെറുകുന്ന്), തയ്യത്ത് കളരി (അഴീക്കോട്) എന്നിവ ഉദാഹരണം. ചില വീടുകളോടനുബന്ധിച്ചുള്ള 'സ്ഥാന'ങ്ങളിലും തെയ്യം അരങ്ങേറിവരുന്നു. ചില സമുദായങ്ങൾക്ക് ജാതിപ്പേരുചൊല്ലിയുള്ള കാവുകളുണ്ട്. ആശാരിക്കോട്ടം, കൊല്ലറ്കോട്ടം, മൂശാരിക്കോവിൽ, വേട്ടുവർക്കാവ്, പുലയറ് കോട്ടം എന്നിവ ഇത്തരത്തിലുള്ള കാവുകളാണ്. വീടുകളിലും പൊതുസ്ഥലങ്ങളിലും നേർച്ചയുടെ രൂപത്തിൽ കതിവന്നൂർ വീരൻ, പൊട്ടൻ ദൈവം, മുത്തപ്പന്റെ വെള്ളാട്ടം, മാക്കപ്പോതി തുടങ്ങിയ തെയ്യങ്ങൾ കെട്ടിയാടിച്ചുവരുന്നു.

നിബിഡമായ വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും ചുറ്റിപ്പിണഞ്ഞുകിടക്കുന്ന കാവുകളാണ് മാടായിക്കാവ്, മന്ദംപുറത്തുകാവ്, കളരിവാതുക്കൽ എന്നിവ. ഇവയിൽ ശാക്തേയ വിധിപ്രകാരമുള്ള പൂജകളും മറ്റനുഷ്ഠാനങ്ങളുമാണ് നടന്നുവരുന്നത്. ക്ഷേത്രാചാരങ്ങളുടെ വഴക്കങ്ങളല്ല അവിടെ പാലിക്കപ്പെടുന്നത്. സാത്വിക പൂജയ്ക്കു പകരം മധ്യമ പൂജയാണ് അവിടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുള്ളത്. കാവുകൾ മിക്കതിലും മധ്യമ പൂജയോ അധമ പൂജയോ ആണ് അനുഷ്ഠിക്കാറ്. മാടായിക്കാവിൽ കോഴിയറവ് പതിവുണ്ട്. കോഴിയിറച്ചിയും ചെറുപയറും ഉപയോഗിച്ചുകൊണ്ടുള്ള അങ്കപൂജയും മീനമൃത് തുടങ്ങി ശക്തിപൂജയുടെ ഭാഗമായ അനുഷ്ഠാനങ്ങളും ഇപ്പോഴും തുടർന്നു വരുന്നുണ്ട്. അവിടെ പൂജാദി കർമങ്ങൾ ആചരിച്ചുവരുന്നത് ശക്തിപൂജ നടത്തിവരുന്നവരും, മത്സ്യമാംസാദികൾ ഉപയോഗിക്കുന്നവരുമായ 'പിടാരർ' 'മൂസ്സത്' സമുദായക്കാരാണ്. 'കലശം' എന്ന പേരിൽ വർഷത്തിലൊരിക്കൽ നടത്തിവരുന്ന തെയ്യങ്ങളുടെ അവതരണവും ഇത്തരം ആരാധനാലയങ്ങൾ 'കാവുകൾ' എന്നറിയപ്പെടാൻ കാരണമായി.

സാധാരണ ഹൈന്ദവ ക്ഷേത്രങ്ങളിലെ ആരാധനയുമായി തെയ്യങ്ങൾക്കും കാവുകൾക്കും യാതൊരു ബന്ധവു



ഫോട്ടോ: Ujith

കതിവനൂർ വീരൻ

മില്ല. സാമൂഹികമായ ഒത്തുചേരലാണ് കാവുകളിലെ കളിയാട്ട് വേളയിൽ നടക്കുന്നത്. ഒരു ദേശത്തിന്റെ തനിമയും സാംസ്കാരിക പൈതൃകവും പ്രകടമാക്കുന്ന ഒരുത്സവം എന്ന നിലയിലാണ് ലക്ഷക്കണക്കിനാളുകളുടെ പങ്കാളിത്തത്തോടെ തെയ്യങ്ങൾ അവതരിപ്പിക്കുന്നത്. ഗ്രാമീണ ജനതയുടെ സ്വത്വത്തിന്റെ പ്രകാശനോപാധിയായി അവർ തെയ്യാട്ടത്തെ കാണുന്നു. അതുകൊണ്ടാണ് മുച്ചിലോട്ടുകാവുകളിലെ പെരുങ്കളിയാട്ടത്തിന് പത്തും പന്ത്രണ്ടും ലക്ഷം ആളുകൾ പങ്കാളികളാകുന്നത്. അത്രയും പേർ നാലുദിവസം നീണ്ടു നിൽക്കുന്ന കളിയാട്ടത്തിന്റെ ഭാഗമായി നടക്കുന്ന സമൂഹസദ്യയിലും പങ്കെടുക്കുന്നു. കാവിലെ കളിയാട്ടത്തിന്റെ സമയത്തോ സദ്യയുടെ അവസരത്തിലോ യാതൊരു വിധത്തിലുള്ള ഉച്ചനീചത്വങ്ങളും ജാതിയുടെയോ മതത്തിന്റെയോ വിലക്കുകളും നിയന്ത്രണങ്ങളും ഇല്ലെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.



ഫോട്ടോ: Hariprakashkvc

പൊട്ടൻ തെയ്യം

## തെയ്യത്തിന്റെ ഇതിവൃത്തം

സാങ്കൽപ്പികമായ ഇതിവൃത്തങ്ങളാണ് തെയ്യത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു വിഭാഗം. പുരാണേതിഹാസങ്ങളിൽ നിന്നും അവയുടെ നാടൻ വ്യാഖ്യാനങ്ങളിൽ നിന്നും വ്യത്യസ്തമായി ജീവിച്ചിരിക്കുന്ന മനുഷ്യർ മരണശേഷം ദൈവക്കോലങ്ങളായി ഉദാത്തവത്കരിക്കപ്പെടുന്നു. അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ ദുരിതങ്ങളും ദുഃഖങ്ങളും മാത്രമല്ല, അധികാരകേന്ദ്രങ്ങൾക്കെതിരെയുള്ള പ്രതിഷേധങ്ങളും അത്തരം പുരാവൃത്തങ്ങളിലെ കഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നു. അവർ മനുഷ്യാതീത ശക്തികളോ ദൈവിക കഥാപാത്രങ്ങളേ അല്ല; ചോരയും നീരുമുള്ള പച്ച മനുഷ്യരാണ്. അവരിൽ ഭൂരിഭാഗവും നാടുവാഴിത്തത്തിന്റെ അടിച്ചമർത്തലിനും, അറുകൊലയ്ക്കും വിധേയരായവരുമാണ്. മരണാനന്തരം അവർ ദൈവിക പദവിയിലേക്കുയർത്തപ്പെടുന്നു. തോട്ടുങ്കരപ്പോതി (മുള്ളിക്കോട്ടച്ചമ്മ), തൊണ്ടി അച്ചി (എറുവാടിത്തൊണ്ടി), മാക്കപ്പോതി, ചാത്തു, ചീരു, മായിലോൻ, പൂലിൻറീൽ തെയ്യം, കാരിഗുരിക്കൾ (പുലിമറഞ്ഞ ഗുരുനാഥൻ/ തൊണ്ടച്ഛൻ ദൈവം) കണ്ടനാർ കേളൻ, ചാത്തമ്പള്ളി വിഷകണ്ടൻ, നീലിയമ്മ, പാലന്തായിക്കണ്ണൻ,

**സാങ്കൽപ്പികമായ ഇതിവൃത്തങ്ങളാണ് തെയ്യത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു വിഭാഗം. പുരാണേതിഹാസങ്ങളിൽ നിന്നും അവയുടെ നാടൻ വ്യാഖ്യാനങ്ങളിൽ നിന്നും വ്യത്യസ്തമായി ജീവിച്ചിരിക്കുന്ന മനുഷ്യർ മരണശേഷം ദൈവക്കോലങ്ങളായി ഉദാത്തവത്കരിക്കപ്പെടുന്നു.**



വിഷ്ണു തെയ്യം

ഫോട്ടോ: Bobinson

**വൈവിധ്യപൂർണമായ ഒട്ടേറെ ആരാധനാരീതികൾ തെയ്യാട്ടത്തിലുണ്ട്. മൺമറഞ്ഞ പിതൃക്കളെയും ഗുരുകാരണവന്മാരെയും ആരാധിക്കുന്ന പൂർവികാരാധനയാണ് അവയിലൊന്ന്. തൊണ്ടച്ഛൻ ദൈവം (വയനാട്ടു കുലവൻ) കാരണോൻ തെയ്യം, തൊണ്ടിയച്ചി, ഗുരുക്കൾത്തെയ്യം, പുലി മറഞ്ഞഗുരുനാഥൻ തുടങ്ങിയവ പൂർവികാരാധനയുടെ ഭാഗമായ തെയ്യങ്ങളാണ്.**

കതിവന്നൂർ വീരൻ, പാടാർ കുളങ്ങര വീരൻ, കുടി വീരൻ, തച്ചോളി ഒതേനൻ, പയ്യമ്പി ള്ളിച്ചന്തു, പൂമാതൈ പൊന്നമ്മ, മുച്ചിലോട്ടുഭഗവതി, ഉമ്മച്ചി ത്തെയ്യം, മുത്തപ്പൻ, മൂലംപെറ്റ ഭഗവതി, ആര്യപ്പൂങ്കാന്നി, ഐപ്പള്ളിത്തെയ്യം, മരുതിയോ ടൻ ഗുരിക്കൾ തുടങ്ങിയ തെയ്യ ങ്ങൾ ഇത്തരത്തിലുള്ള പച്ച മനുഷ്യർ ദൈവകോലങ്ങളായി രൂപാന്തരം പ്രാപിച്ചവരാണ്.

## വൈവിധ്യമാർന്ന തെയ്യക്കോലങ്ങൾ

വൈവിധ്യപൂർണമായ ഒട്ടേറെ ആരാധനാരീതികൾ തെയ്യാട്ട ത്തിലുണ്ട്. മൺമറഞ്ഞ പിതൃ ക്കളെയും ഗുരുകാരണവന്മാ രെയും ആരാധിക്കുന്ന പൂർവി കാരാധനയാണ് അവയിലൊന്ന്.

തൊണ്ടച്ഛൻ ദൈവം (വയ നാട്ടു കുലവൻ) കാരണോൻ തെയ്യം, തൊണ്ടിയച്ചി, ഗുരു ക്കൾത്തെയ്യം, പുലി മറഞ്ഞ ഗുരുനാഥൻ (തൊണ്ടച്ഛൻ) തുടങ്ങിയവ പൂർവികാരാധന യുടെ ഭാഗമായ തെയ്യങ്ങളാണ്. യുദ്ധത്തിൽ മരണമടഞ്ഞ വീര ന്മാർ, ചതിയിൽപ്പെട്ട് വീരമൃത്യു വരിച്ചവർ, നാടുവഴിയുടെ അപ്രീതിക്ക് പാത്രമായി അറു കൊലയ്ക്ക് വിധേയരായവർ തുടങ്ങിയവരെ വീരനായക ന്മാരുടെ പദവിയിലേക്കുയർ ത്തി തെയ്യക്കോലങ്ങളായി കെട്ടിയാടിച്ചുവരുന്നു. കതി വന്നൂർ വീരൻ, പടവീരൻ, പാടാർ കുളങ്ങര വീരൻ, കുടിവീരൻ, ചാത്തമ്പള്ളി വിഷകണ്ടൻ, കരിന്തിരിനായർ, പാലുന്തായിക്കണ്ണൻ, തച്ചോളി ഒതേനൻ, പയ്യമ്പിള്ളിച്ചന്തു എന്നിവർ ഇത്തരത്തിലുള്ള വീരനായകന്മാരാണ്. മാതൃദേവ തകളിലാണ് ഉൾപ്പെടുന്നതെ ങ്കിലും നാടുവാഴിയുടെ അപ്രീ തിക്ക് പാത്രമായി മൃത്യുവിന്നി രയായ നീലിയാർ, പൂമാതൈ പൊന്നമ്മ, നാത്തൂന്മാരുടെ ഏഷണികൾക്കു വഴങ്ങി സ്വന്തം ആങ്ങളമാരുടെ കൈകൊണ്ട് വധിക്കപ്പെട്ട കടാങ്കോട്ട് മാക്കം എന്നിവ തെയ്യങ്ങളായി ഉദാ ത്തീകരിക്കപ്പെട്ട മനുഷ്യദൈവ ങ്ങളാണ്.

അമ്മ ദൈവരാധാന അഥ വാ മാതൃപൂജയാണ് മറ്റൊരു വിഭാഗം. ഓരോ പ്രദേശത്തി ന്റെയും സംരക്ഷകരായി ഗ്രാമീ ണജനത കരുതിവന്ന മാതൃ ദേവതകളാണവർ. 'മാടായി ക്കാവിലച്ചി' എന്നറിയപ്പെ ടുന്ന 'കോലസ്വരൂപത്തിങ്കൽ തായി' പുരാണകഥാപാത്ര മായ ഭദ്രകാളിയാണെങ്കിലും മാടായിയിലും പരിസരങ്ങ ളിലും ഉള്ള മനുഷ്യർ 'അമ്മ' യായാണ് ഈ ദേവതയെ കാണുന്നത്. 'അച്ചി' എന്ന പദത്തിന് 'ഭാര്യ' എന്നർഥമു ണ്ടെങ്കിലും വടക്കേമലബാറിൽ 'അമ്മ' എന്നതിനു പകരം വയ് ക്കാവുന്ന വാക്കാണത്. 'ഉച്ചിട്ട' യ്ക്ക് 'വടക്കിനകത്തച്ചി' എന്ന പേർ വന്നത്. അടുക്കളയിലെ അമ്മ എന്ന അർഥത്തിലാണ്. പൂമാല ഭഗവതി, മരക്കലത്തി ലമ്മ, മുച്ചിലോട്ടു ഭഗവതി, വീരഞ്ചിറ ഭഗവതി, മാക്കപ്പോ തി, നാഗകന്നി, ചോന്നമ്മ, ചൂളിയാർ ഭഗവതി, കക്കരഭഗ വതി, കാട്ടറക്കാൽ ഭഗവതി, നരമ്പിൻ ഭഗവതി, വായാട്ടു പോതി, അങ്കക്കുളങ്ങര ഭഗ വതി, കണ്ണങ്ങാട്ട് ഭഗവതി, എളെളടത്ത് ഭഗവതി, നീലി യമ്മ, കണ്ടത്തിലമ്മ എന്നിവ മാതൃദേവതകളാണ്.

*(തുടരും)*

# അമ്മമൊഴി

കാവാലം ബാലചന്ദ്രൻ

പ്രാണനിൽ വച്ചു ചിട്ടപ്പെടുത്തിയൊ
രീണമാണെന്റെ താരാട്ടിനൊക്കെയും!
സ്നേഹമാണതു; നെഞ്ചിന്നുലയിൽ വ-
ച്ചൂതിമിന്നിച്ച വാക്കുകളാണതിൽ!

ലോലനീലാളകാളിയിൽ തെന്നൽ വ-
ന്നോളമിട്ടു കുസൃതികാണിക്കവേ,
താമരമിഴി ചിമ്മിച്ചിരിച്ചു കൈ-
കാലുകളും കുടഞ്ഞു കിടക്കവേ,
രാവിലിന്നലെപ്പാൽനിലാവിൻ വിരൽ
ജാലകത്തിലൂടെന്തിനേ നീണ്ടുവ-
ന്നോമലിൻ തിരുനെറ്റിയിൽ മന്ദമായ്
ചാരുചന്ദനം തൊട്ടതെന്നോർത്തു ഞാൻ!

പൂവെന്നോർത്തോമൽച്ചുണ്ടിൽ വിടരുന്ന
തൂമ ചോരും ചിരിയിലേക്കെങ്ങാനും
ചാരുരാത്രിശലഭം പറന്നെത്തി
വേദനിപ്പിച്ചുവെങ്കിലോയെന്നു ഞാ-
നോർത്തു പിന്നെ, യാ ജാലകപ്പാളികൾ
ചേർത്തടച്ചേ കിടന്നുള്ളു രാത്രിയിൽ!
ഓർത്തുനോക്കിയാൽ വിഡ്ഢിത്തമാണെന്ന
തോന്നലുള്ളിലുളവാക്കും വൃത്തികൾ
പുത്രസ്നേഹത്താൽ ചെയ്തുപോമമ്മമാർ
എത്ര മോഹനമാണവയൊക്കെയും!

പണ്ടൊരമ്മ മലയാണ്മയെ മാതൃ-
ധന്യമാം വാക്കു കൊണ്ടു മുലയൂട്ടി!
*തന്നിലുള്ളതാം ദൗർബല്യമൊന്നുമേ
നന്മുലപ്പാലിലൂടെപ്പകർന്നു തൻ
പൊന്നുമക്കളിലെത്തരുതെന്നൊരു
നല്ല പ്രാർഥന കേട്ടു നാമമ്മയിൽ!
അമ്മയല്ലാതെയാരാനുമൂഴിയിൽ
നന്മയൂറുമീ പ്രാർഥന ചൊല്ലുമോ?
ഇന്നും താരാട്ടുപോലെ മധുരങ്ങൾ
നന്നായ് ചേർക്കുന്നു ഹൃത്തിലാ വാക്കുകൾ!

പ്രാണനിൽ വച്ചു ചിട്ടപ്പെടുത്തിയൊ-
രീണമാണെന്റെ താരാട്ടിനൊക്കെയും!
സ്നേഹമാണതു; നെഞ്ചിന്നുലയിൽ വ-
ച്ചൂതിമിന്നിച്ച വാക്കുകളാണതിൽ!

*മാതൃത്വത്തിന്റെ കവിയായ ബാലാമണി
യമ്മയുടെ ‘അമ്മ’ എന്ന കവിതയിലെ,
“ഓമനേ, നിന്നിലപൂർണത ചേർത്തിടാ-
യ്കീ മുലപ്പാലിലെദൗർബല്യങ്ങൾ”
എന്ന വരികൾ ഓർമിക്കുക.



വര: ബാബുരാജൻ

# സ്വരാജ്സ്നേഹി ഛത്രപതി ശിവജി

**ജോർജ് തഴക്കര**



വര: സന്തോഷ് വെളിയന്നൂർ

"സിംഹം തന്റെ ആഹാരം സമചിത്തതയോടെയും ഏകാഗ്രതയോടെയുമാണ് ഭക്ഷിക്കുന്നത്. തന്റെ ഭക്ഷണം ആരും കവർന്നെടുക്കുകയില്ലെന്ന് സിംഹത്തിനറിയാം. എന്നാൽ ഒരെലി ആഹാരം കഴിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ഭക്ഷണം ഇരുകൈകളിലും പിടിച്ചുകൊണ്ട് ചുറ്റും നോക്കി വേഗത്തിലാണ് ഭക്ഷിക്കുന്നത്. കാരണം രണ്ടു ഭയം ഒരുപോലെ എലിയെ ഭരിക്കുന്നു. ഒന്ന് തന്റെ ഭക്ഷണം ആരെങ്കിലും പിടിച്ചെടുക്കുമോ എന്ന ഭയം. രണ്ട്, താൻതന്നെ ഭക്ഷണമായി തീരുമോ എന്ന ഭയം."

ഭയം എന്ന വാക്കിന്റെ അർഥം വോൺദേവ് എന്ന ബ്രാഹ്മണഗുരു ശിവജിക്കു പറഞ്ഞുകൊടുത്തത് ഈ കഥയിലൂടെയായിരുന്നു.

നിർഭയത്വത്തിന്റെ വിത്ത് ബാലമനസ്സിൽ വിതയ്ക്കാൻ ഈ കഥയിലൂടെ ഗുരുവിനു കഴിഞ്ഞു.

ഭോസ്ലേ വംശജനായ ഷാഹ്ജി, യാദവറാവുവിന്റെ കുടുംബത്തിൽപ്പെട്ട ജീജാബായിയെയാണ് വിവാഹം കഴിച്ചത്. ഷാഹ്ജിയും യാദവറാവുവും ബീജാപ്പൂരിനടുത്തുള്ള അഹമ്മദ് നഗറിലെ നൈസാമിന്റെ സൈന്യത്തിലെ ഉദ്യോഗസ്ഥരായിരുന്നു. നൈസാമിന്റെ മരണശേഷം ഷാഹ്ജിക്ക് മുഖ്യസ്ഥാനം ലഭിച്ചു. ഇതിൽ അസൂയാലുവായ യാദവറാവു മുഗൾ സൈന്യത്തിന്റെ സഹായത്തോടെ ഷാഹ്ജിയെ ആക്രമിച്ചു. ഗർഭിണിയായ ജീജാബായി പല ഒളിസങ്കേതങ്ങളിൽ മാറിമാറി പാർത്തു.

അങ്ങനെ കഴിയവേ ശിവനേരി കോട്ടയിൽവച്ച് 1630 ഫെബ്രുവരി 19 ന് ശിവജി ജനിച്ചു.

ജീജാബായി മകനു പകർന്നു നൽകിയത് ആത്മാഭിമാനത്തിന്റെ പുരാണങ്ങളായിരുന്നു. പഞ്ചതന്ത്രം കഥകളിലൂടെയും കഥാസരിത് സാഗര കഥകളിലൂടെയും ശിവജിക്കു മുന്നിൽ അമ്മ തുറന്നിട്ടത് ഇതിഹാസ കാവ്യങ്ങളും ഉപനിഷത് ദർശനങ്ങളുമായിരുന്നു.

ഷാജഹാൻ ചക്രവർത്തി അഹമ്മദ് നഗർ കീഴടക്കിയപ്പോൾ ഷാഹ്ജി ബീജാപ്പുർ സുൽത്താന്റെ വിശ്വസ്തനായിരുന്നു. അവിടെയും ധാരാളം ഭൂമി സമ്പാദിച്ചു.

അക്കാലത്ത് അറിയപ്പെട്ടിരുന്ന ഭക്തകവിയായിരുന്ന തുക്കാറാമിനെ കാണുവാനും കുറച്ചുകാലം അദ്ദേഹത്തോടൊപ്പം താമസിക്കുവാനും ശിവജിക്കു സാധിച്ചു. ഇന്ദ്രാണി നദീതീരത്തും പർവത ഗുഹകളിലുമായി അദ്ദേഹത്തോടൊപ്പം കഴിഞ്ഞു. തുക്കാറാമിന്റെ പരദേവതയായ വിഠോബയെ സ്തുതിച്ചുകൊണ്ടുള്ള കീർത്തനങ്ങളിൽ ആകൃഷ്ടനായി. 'ജാതിയമായ അഭിമാനം ആർക്കും മഹത്വം നൽകുന്നില്ലെന്നും ഹരിഭജനം കൊണ്ട് അസ്പൃശ്യർപോലും സമുദ്ധരിക്കപ്പെടുമെന്നും ഉള്ള സന്ദേശം വളരെയധികം സ്വാധീനം ചെലുത്തി. സന്ന്യാസിയാകുവാൻ പോലും ശിവജി തീരുമാനിച്ചു. അതിൽ നിന്നും പിൻതിരിപ്പിച്ചത് തുക്കാറാം തന്നെയായിരുന്നു. സന്ന്യാസിയുടെ ലക്ഷണം കാവിയും കമണ്ഡലവുമല്ലെന്നും നിർഭയത്തമാണെന്നും പതഞ്ജലി മഹർഷി പറഞ്ഞിട്ടുണ്ടെന്നുള്ള ഉപദേശം ശിവജിയെ സന്ന്യാസത്തിൽ നിന്നും പിന്തിരിപ്പിച്ചു.

കുതിരയോട്ടത്തിലും ആയുധവിദ്യകളിലും പ്രാഗത്ഭ്യം നേടിയതോടെ കോട്ടകളും ദുർഗങ്ങളും വനപ്രദേശങ്ങളുമെല്ലാം സഞ്ചരിച്ച് തന്ത്രപ്രധാന കേന്ദ്രങ്ങൾ ഹൃദിസ്ഥമാക്കി. കാട്ടുവർഗക്കാരായ മാവാലികളുമായി ചങ്ങാത്തം കൂടി. സമുദ്രതീരത്തു താമസിച്ചിരുന്ന കോലികളുമായി ബന്ധം സ്ഥാപിച്ചു. അവരെ കൂട്ടിയിണക്കി ചെറുസംഘത്തിന് രൂപം നൽകി.

ജഹാംഗീർ ചക്രവർത്തിയുടെ കാലത്തെ മതസഹിഷ്ണുത ഔറംഗസേബിന്റെ കാലത്ത് തീർത്തും നഷ്ടമായി. വിധ്വംസക പ്രവർത്തനങ്ങൾ നടമാടി. ചക്രവർത്തിയും ചക്രവർത്തിയുടെ പേരിലും ആരാധനാലയങ്ങളിൽ കവർച്ചകൾ നടന്നു. മുത്തശ്ശനായ അക്ബർ ചക്രവർത്തി നിർത്തലാക്കിയ ജെസിയ പോലുള്ള നികുതി പുനഃസ്ഥാപിച്ചു. മുഗൾവിരുദ്ധ വികാരം ബീജാപ്പൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വ്യാപിച്ചു. കൊങ്കൺ ഉൾപ്പെടുന്ന മറാഠ നിവാസികളുടെ മനസ്സിൽ സ്വരാജിന്റെ അർഥം മനസ്സിലാക്കി കൊടുക്കുവാനുള്ള പരിശ്രമങ്ങൾ നടന്നു. മാവാലികളെയും കോലികളെയും ചേർത്ത് സുശിക്ഷിത സേനയ്ക്കു രൂപം നൽകി. പിതാവിൽ നിന്നും ലഭിച്ച മുപ്പത്തിയാറു ഗ്രാമങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് തന്റേതായ ഒരു രാജ്യത്തിന് തുടക്കമിട്ടു.

നയതന്ത്രവും സമരതന്ത്രവും പ്രയോഗിച്ച് ലോഹഘട്ട് കോട്ട പിടിച്ചടക്കിയതോടെ ശിവജി രാജപദവിക്ക് തുല്യനായി.

ഔറംഗസേബ് ബീജാപ്പൂർ ആക്രമിച്ചപ്പോൾ ബീജാപ്പൂർ രാജാവിനെ ശിവജി മിത്രഭാവേന സഹായിച്ചു. രാജ്യത്തിന്റെ അനുഭാവി എന്ന നിലയിൽ പ്രവർത്തിച്ചപ്പോഴും സ്വന്തം സൈനികരെ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ വച്ചു. ശിവജി ശക്തനായ പോരാളിയാണെന്നു മനസ്സിലാക്കിയ ഔറംഗസേബ് അമ്മാവനും യുദ്ധവിദഗ്ധനുമായ ഷെയ്സ്തഖാനെ സൈന്യവുമായി ഡക്കാനിലേക്ക് അയച്ചു. ശിവജി കൈവശപ്പെടുത്തിയിരുന്ന ചക്കാൻകോട്ട അനായാസം അവർ പിടിച്ചെടുത്തു. കോട്ട പൊളിക്കാനുള്ള പരിശ്രമം ആരംഭിച്ചപ്പോഴാണ് പരിശ്രമം പരാജയമാണെന്നു തിരിച്ചറിയുന്നത്. ശിവജിയുടെ പീരങ്കിവർഷത്തിനു മുന്നിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. ഷെയ്സ്തഖാൻ കൊല്ലപ്പെട്ടു.

യുദ്ധം കൗശലത്തിന്റെ കലയാണെന്ന് അറിയാമായിരുന്ന ശിവജി ഔറംഗസേബുമായുള്ള പോരാട്ടത്തിൽ പരസ്പരം ആക്രമിക്കുകയില്ലെന്നു പോർച്ചുഗീസുകാരുമായി സന്ധി ചെയ്തിരുന്നു. പോരാളിയെ തന്ത്രത്തിൽ കീഴടക്കുന്നതിന്റെ ഭാഗമായി

**ഔറംഗസേബ് ബീജാപ്പൂർ ആക്രമിച്ചപ്പോൾ ബീജാപ്പൂർ രാജാവിനെ ശിവജി മിത്രഭാവേന സഹായിച്ചു. രാജ്യത്തിന്റെ അനുഭാവി എന്ന നിലയിൽ പ്രവർത്തിച്ചപ്പോഴും സ്വന്തം സൈനികരെ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ വച്ചു. ശിവജി ശക്തനായ പോരാളിയാണെന്നു മനസ്സിലാക്കിയ ഔറംഗസേബ് അമ്മാവനും യുദ്ധവിദഗ്ധനുമായ ഷെയ്സ്തഖാനെ സൈന്യവുമായി ഡക്കാനിലേക്ക് അയച്ചു.**

അഫ്സൽഖാൻ സന്ധി സംഭാഷണത്തിനായി ശിവജിയെ നിരായുധനായി ശിബിരത്തിലേക്ക് ക്ഷണിച്ചു. തന്ത്രം മെനഞ്ഞാണ് ശിവജിയും ശിബിരത്തിൽ കടന്നത്. മിത്രത്തെ ആലിംഗനം ചെയ്യവേ അഫ്സൽഖാൻ കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ച കഠാര ശിവജിയുടെ കഴുത്തിനു പിന്നിലൂടെ കുത്തിയിറക്കാൻ ശ്രമിച്ചു. ലോഹപാളിയുണ്ടായിരുന്നതിനാൽ കഠാര ഇറങ്ങിയില്ലെന്നുമാത്രമല്ല, ശിവജി വിരലുകളിലണിഞ്ഞിരുന്ന പുലിനഖം കൊണ്ട് അഫ്സൽഖാന്റെ വയറ് കുത്തിപ്പൊളിച്ചു. പ്രാണനും കൊണ്ട് രക്ഷപ്പെടാൻ ശ്രമിച്ച അഫ്സൽഖാനെ വാളുകൊണ്ടു വെട്ടിയെങ്കിലും കിളിവാതിലിലൂടെ അയാൾ രക്ഷപ്പെട്ടു. ഇതിനോടകം സ്വരാജ് സൈന്യം ശിബിരത്തെ ആക്രമിച്ചു. കവർച്ചമുതലായി കരുതിയിരുന്ന കുന്നോളം സ്വർണാഭരണങ്ങളും ശിവജിയുടേതായി.

**അഫ്സൽഖാൻ സന്ധി സംഭാഷണത്തിനായി ശിവജിയെ നിരായുധനായി ശിബിരത്തിലേക്ക് ക്ഷണിച്ചു. മിത്രത്തെ ആലിംഗനം ചെയ്യവേ അഫ്സൽഖാൻ കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ച കഠാര ശിവജിയുടെ കഴുത്തിനു പിന്നിലൂടെ കുത്തിയിറക്കാൻ ശ്രമിച്ചു. ലോഹപാളിയുണ്ടായിരുന്നതിനാൽ കഠാര ഇറങ്ങിയില്ലെന്നുമാത്രമല്ല, ശിവജി വിരലുകളിലണിഞ്ഞിരുന്ന പുലിനഖം കൊണ്ട് അഫ്സൽഖാന്റെ വയറ് കുത്തിപ്പൊളിച്ചു.**

പൂനാ നഗരത്തിൽ തമ്പടിച്ചിരുന്ന മുഗൾ സൈനികരെ തുരത്തുവാൻ തീരുമാനിച്ച ശിവജി റംസാൻ മാസമാണ് അതിനായി തെരഞ്ഞെടുത്തത്. തിന്നും കുടിച്ചും അലസതയിൽ കഴിഞ്ഞിരുന്ന കാവൽക്കാരുടെ ഇടയിലൂടെ വിവാഹസംഘത്തിന്റെ വേഷത്തിലാണ് പ്രവേശിച്ചത്. ശായിസ്താഖാന്റെ കൊട്ടാരത്തെ ചുറ്റി സഞ്ചരിച്ച സംഘത്തിന്റെ ഒരു ഘടകം ഇതിനോടകം കൊട്ടാരത്തിന്റെ പിന്നിലെ പൂട്ട് തല്ലിത്തകർത്തു. ശിവജി ശയനമുറിയിൽ പ്രവേശിച്ചുവെങ്കിലും ശബ്ദകോലാഹലം കേട്ട ശായിസ്താഖാൻ രക്ഷാമാർഗങ്ങളിലൂടെ കടന്നു. സൈനികർ പെരുമ്പറ മുഴക്കി ശത്രുസാന്നിധ്യം അറിയിച്ചു. 'ശത്രുക്കൾ കൊട്ടാരത്തിൽ കടന്നിരിക്കുന്നു. ഓടി രക്ഷപ്പെട്ടോളൂ.' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് പുറത്തേക്കോടി രക്ഷപ്പെട്ടത് സ്വരാജ് സൈന്യങ്ങളായിരുന്നുവെന്നു മാത്രം.

പല രാജ്യങ്ങളുടെയും കോട്ടകളും ദുർഗങ്ങളും ശിവജി പിടിച്ചെടുത്തു. മിർസാ രാജാവ് ശിവജിയുമായി കൂടിക്കാഴ്ച നടത്തുവാൻ ആഗ്രഹിച്ചു. ആയുധമില്ലാതെ ചെല്ലണമെന്നും ഒപ്പം ബ്രാഹ്മണരെ മാത്രമേ കൂട്ടാവൂ എന്നും നിർദേശിച്ചു. മിർസാ രാജാവിന്റെ പാളയത്തിൽ ശിവജി നാലഞ്ചുദിവസം താമസിച്ചു. അപകടം പതിയിരുന്ന സാഹചര്യത്തെ കരുതലോടെ നേരിട്ടു. പാളയത്തിലുണ്ടായിരുന്ന ഇറ്റാലിയൻ സൈനികൻ നിക്കോളായ് മനുചിയുമായി ശിവജി ബന്ധമുറപ്പിച്ചു. തോക്ക്, വെടിയുണ്ട തുടങ്ങിയവയുടെ നിർമാണരീതി അയാളിൽ നിന്നും മനസ്സിലാക്കി.

ശിവജിയുടെ സൈന്യത്തിന്റെ ശക്തി വർധിച്ചു. നൂറുകണക്കിന് കോട്ടകളുടെ അധിപനായിമാറി. വിഠോജി നവാസ്കറുടെ മകൾ സായിബായിയെ വിവാഹം ചെയ്തു. പ്രമുഖ വാണിജ്യ കേന്ദ്രമായ സൂറത്ത് പിടിച്ചെടുത്തതോടെ ശിവജിയെ ബന്ധിക്കുവാൻ ഔറംഗസേബ് നിശ്ചയിച്ചുറപ്പിച്ചു. രജപുത്രപ്രമാണിയായ ജയ്സിങ്ങിനെയും മകൻ മുഅസ്സമിനെയും ശിവജിയുടെ അടുക്കലേക്ക് വിട്ടു. ചക്രവർത്തി നേരിട്ട് അഭിനന്ദിക്കുന്നതിനുവേണ്ടി ഡൽഹിയിലേക്ക് സൈനികസമേതം ആദരവോടെ കൂട്ടിക്കൊണ്ടുപോകാനാണെന്ന ജയ്സിങ്ങിന്റെ അഭ്യർഥന സ്വീകരിച്ചു. ശിവജി, മകൻ ശംഭുജിനെയും കൂട്ടി നിർഭയനായി ഡൽഹിയിലെത്തി. തനിനിറം വെളിവാക്കിയ ചക്രവർത്തി ശിവജിയെ അപമാനിക്കുകയും തടവിൽ പാർപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ ചക്രവർത്തിയുടെ മകൾ ശിവജിയോട് പ്രണയാഭ്യർഥന നടത്തിയെങ്കിലും അദ്ദേഹമതു നിരസിച്ചു. തടവിൽ കഴിഞ്ഞ ശിവജിയും മകനും കാവൽക്കാരെ കബളിപ്പിച്ച് പഴക്കൂടയിൽ കയറി രക്ഷപ്പെട്ടു.

ഇതോടെ ശിവജിയുടെ പ്രശസ്തി വർധിച്ചു. പോർച്ചുഗീസ് വൈസ്രോയി കാൾ ദ വിൻസെന്റ് ശിവജിയുടെ ധീരതയെ പ്രകീർത്തിച്ചത് അലക്സാണ്ടറിനോടും ജൂലിയസ് സീസറിനോടുമൊപ്പമാണ്. ശിവജി ഉണർത്തിവിട്ട ചൈതന്യം മുഗളർക്ക് ഹാനികരമാകുന്നുവെന്ന് ഗ്രാന്റ് ഡഫ് ഡയറിയിൽ കുറിച്ചു. ശിവജി മുഗൾ സാമ്രാജ്യത്തിന് ഭീഷണിയാകുമെന്ന് ഇറാൻ ബാദശാഹ് അബ്ബാസ് (ജൂനിയർ) ഔറംഗസേബിനു മുന്നറിയിപ്പു നൽകി.

പതിനാറാം വയസ്സിൽ തുടങ്ങിയ പോരാട്ടത്തിന്റെ വിജയകാഹളമായിരുന്നു

1674 ലെ കിരീടധാരണം. മറാഠ സാമ്രാജ്യത്തിന്റെ തുടക്കമായിരുന്നു അത്. ശിവജി ഛത്രപതി ശിവജിയായി. സ്വന്തം പേര് മുദ്ര ചാർത്തിയ നാണയം പുറത്തിറക്കി.

ആറുവർഷം മാത്രമേ രാജ്യം ഭരിച്ചുള്ളുവെങ്കിലും ഭാരതത്തിനാകെ അഭിമാനകരമായ ഒരു ഭരണക്രമത്തിന് തുടക്കം കുറിക്കുവാൻ ഛത്രപതിക്കു കഴിഞ്ഞു. പ്രജാക്ഷേമമാണ് സദ്ഭരണമെന്ന് മനസ്സിലാക്കി. ബ്രിട്ടീഷ് വാണിജ്യദൂതനായിരുന്ന ഹെൻറി ഓക്സോണ്ടന്റെ കത്തുകളിൽക്കൂടിയാണ് ശിവജിയുടെ ഭരണസംവിധാനത്തെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ ലഭിക്കുന്നത്. മന്ത്രിയായിരുന്ന രാമചന്ദ്ര പന്ത് ഛത്രപതി പറഞ്ഞ കാര്യങ്ങൾ ആജ്ഞാപത്രം എന്ന പേരിൽ എഴുതി സൂക്ഷിച്ചു.

'രാജാവ് സ്വയംതന്നെ അദ്ദേഹത്തിന്റെ ഭക്ഷണാദി കാര്യങ്ങളുടെ സമയക്രമം നിശ്ചയിക്കണം. സാധാരണഗതിയിൽ അതിൽ മാറ്റം വരുത്താൻ പാടില്ല. രാജാവ് മാദകപദാർഥം ഉപയോഗിക്കാൻ പാടില്ല. തന്റെ സേവകവൃന്ദത്തെയും ഇത്തരം പദാർഥങ്ങൾ കഴിക്കുവാൻ അനുവദിക്കരുത്. രാജാവിന്റെ പക്കൽ ആയുധമില്ലെങ്കിൽ അദ്ദേഹം അധികസമയം ഭൂമിയിൽ ദൃഷ്ടി പതിപ്പിച്ച് ഇരിക്കാൻ പാടില്ല. രാജാവ് തന്റെ ആയുധജ്ഞാനം വർധിപ്പിക്കേണ്ടതുണ്ട്. നിരന്തരം ആയുധാഭ്യാസം നടത്തണം. കുതിരസവാരിയും ആനസവാരിയും ഒരിക്കലും വേണ്ടെന്നു വയ്ക്കാൻ പാടില്ല.' ആദ്യ ആജ്ഞാപത്രം തന്നെ രാജാവിന്റെ അച്ചടക്കത്തെക്കുറിച്ചായിരുന്നു.



ഖജനാവിലെ വസ്തുവകകളെക്കുറിച്ചുള്ള വിവരണം ചിട്ടയോടെ എഴുതി സൂക്ഷിച്ചിരുന്നു. കാർഷികാഭിവൃദ്ധിക്കുവേണ്ടി അഷ്ടപ്രധാനിമാരിലൊരാളായ അണ്ണാജിദത്തോയെക്കൊണ്ട് പുതിയ പദ്ധതികൾ ഉണ്ടാക്കിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷിഭൂമി അളന്നു തിട്ടപ്പെടുത്തി. വിളവിന്റെ കണക്കെടുത്തു. നാശനഷ്ടങ്ങൾ യഥാസമയം വിലയിരുത്തി. പണം നൽകിയാൽ അത് മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുമെന്നും കൃഷിയോടുള്ള താത്പര്യം കുറയുമെന്നും മനസ്സിലാക്കി നഷ്ടപരിഹാരം പണത്തിനു പകരം വിത്തായും വിളവായും കൃഷി ഉപകരണങ്ങളായും നൽകി.

നിസാരമെന്നു തോന്നാവുന്ന കാര്യങ്ങളിൽപ്പോലും ഛത്രപതി ശ്രദ്ധവച്ചു. സൈനിക പരിശോധനവേളയിൽ മുടന്തുള്ള കുതിരയെ വിൽക്കാൻ അനുവാദം നൽകിയ രാജാവ് പിന്നീടൊരിക്കൽ അതിനെ വിറ്റുവോ എന്നും ആ പണം ഭണ്ഡാരത്തിൽ വകവച്ചുവോയെന്നും സൂക്ഷി

പ്പുകാരനോടു ചോദിച്ചുവത്രെ. പോർച്ചുഗീസ് വ്യാപാരികൾ കൊണ്ടു വന്നിരുന്ന ഉപ്പിന് നാട്ടിലെ ഉപ്പിനേക്കാൾ വില കുറവാണെന്നു മനസ്സിലാക്കി വ്യാപാരിയുടെ ഉപ്പിന് നികുതി ചുമത്തി രാജ്യത്തെ ഉപ്പിന്റെ വിലയ്ക്ക് തുല്യമാക്കുകയും സൗഹൃദത്തിലായിരുന്ന രാജ്യത്തോട് ഇതുപോലെ ചെയ്യണമെന്ന് ആളയച്ച് അതറിയിക്കുകയും ചെയ്തു. ഈ 'ഉപ്പും','സ്വരാജും'ആണ് ഗാന്ധിജി പിൽക്കാലത്ത് തന്റെ സമരായുധമാക്കി മാറ്റിയത്. അതുകൊണ്ടാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത് 'രാഷ്ട്രത്തിന്റെ തനതായ ചൈതന്യത്തെ പ്രതിനിധീകരിക്കുന്ന യഥാർഥ ഭാരത പുത്രനായിരുന്നു ശിവജി' യെന്ന്

ശിവജിയുടെ നിർഭയത്വത്തിനുമുന്നിൽ ഔറംഗസേബ് പലഘട്ടങ്ങളിലും പതറിയെങ്കിലും മുഗൾ സൈന്യത്തിന്റെ ശക്തിക്കു മുന്നിൽ അധികകാലം പിടിച്ചു നിൽക്കുവാൻ ഛത്രപതിക്കു കഴിഞ്ഞില്ല. കച്ചവടത്തിനായി വന്ന പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും ഒരുപോലെ ശത്രുക്കളായി. പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥയിൽ ആ ധീരദേശാഭിമാനി 1680 ഏപ്രിൽ 3 ന് റായ്ഗഢ കോട്ടയിൽ ആത്മത്യാഗം ചെയ്ത് ശത്രുവിന്റെ പിടിയിൽ നിന്നും മുക്തനായി. (രോഗാവസ്ഥയിൽ കിടന്നു മരിച്ചുവെന്നും പറയപ്പെടുന്നു.) അഞ്ചു പതിറ്റാണ്ടു കാലത്തെ ജീവിതം. 36 വർഷത്തെ പോരാട്ടം.

'ശിവജി അഞ്ചാറുവർഷങ്ങൾ കൂടി ജീവിച്ചിരുന്നുവെങ്കിൽ ഞങ്ങൾ, ഇംഗ്ലീഷുകാർക്ക് ഭാരതത്തിൽ ഭരണം നടത്തുവാനാകുമായിരുന്നില്ലാ' എന്ന ബ്രിട്ടനിലെ മിലട്ടറി സെക്രട്ടറിയായിരുന്ന ഫിലിപ്പിന്റെ പ്രസ്താവനയിൽ നിന്നും ഛത്രപതിയുടെ ധീരത ബോധ്യപ്പെടും.

ഭാരതത്തിന്റെ പിത്കാല നവോത്ഥാനത്തിന് നാന്ദിയാകുവാൻ ഛത്രപതി ശിവജിക്കു കഴിഞ്ഞു. അദ്ദേഹത്തിലെ നിർഭയത്വവും രാജ്യാഭിമാനവും തീപ്പന്തമായി പിന്നീട് ജ്വലിച്ചത് സ്വാമി വിവേകാനന്ദനിലും മഹാത്മജിയിലുമാണ്.

---

കുട്ടിക്കവിത



# എന്റെ ഭാഷ

**പി കെ ശങ്കരൻകുട്ടി**

മലയാളം എന്നുടെ മാതൃഭാഷ
മധുരം പൊഴിക്കുന്ന ദിവ്യഭാഷ
സ്വരവ്യഞ്ജനങ്ങളും ചില്ലുകളും
ഒരുമിച്ചു ചേരുന്ന ഭരണഭാഷ
അമ്പത്തിയൊന്നക്ഷരങ്ങളൊന്നായ്
കൈകോർത്തു നിൽക്കുന്ന ശ്രേഷ്ഠഭാഷ
മലയാളഭാഷ പഠിച്ചിട്ടുമാത്രമേ
മറ്റുള്ള ഭാഷകൾ ഞാൻ പഠിക്കൂ.



വര: ആശ ആർ

# തുറക്കാത്ത വാതിൽ

എം കൃഷ്ണദാസ്



....................................

മനുമാഷ് കയറി വരുമ്പോൾ കുട്ടികളെല്ലാം പുറത്തായിരുന്നു. മാഷെ കണ്ടതും കുട്ടികൾ ഒന്നാകെ പറഞ്ഞു: ''സാറേ, വാതിലു തൊറക്കാൻ പറ്റ്ണില്ല.''

''അതെന്തേ....'' മാഷ് തുറക്കാത്ത പൂട്ടിനെ വലിച്ചു നോക്കി.

''ഒരു കല്ലെടുത്തു വാടാ...''

കുട്ടികൾ കൊണ്ടുവന്ന കല്ലുകൊണ്ടു മാഷ് കുത്തി നോക്കി, മേടി നോക്കി. പൂട്ട് തുറക്കാൻ കൂട്ടാക്കിയില്ല.

ഇന്ന് ഒരു പാഠം പഠിപ്പിച്ചു തീർക്കാമെന്നു കരുതിയാണ് മാഷ് ശനിയാഴ്ച സ്പെഷ്യൽ ക്ലാസ് വെച്ചത്. ഓഫീസിൽ നിന്നു, തലേന്നു തന്നെ ക്ലാസിന്റെ താക്കോൽ വാങ്ങി ലീഡറേ ഏൽപ്പിച്ചിരുന്നു.

മാഷെത്ര ശ്രമിച്ചിട്ടും പൂട്ട് മുഖം വീർപ്പിച്ചു നിൽക്കുന്നതു കണ്ട് രശ്മി പതുക്കെപ്പറഞ്ഞു:

''ഇത് ശനിയാഴ്ച തുറക്കാത്ത പൂട്ടാണ് സാറേ ....''

അവളുടെ അമ്മവീട്ടിലേക്കുള്ള വിരുന്നു *കല്ലത്താക്കിയതിലുള്ള വിഷമം അണപൊട്ടിയതായിരുന്നു.

..........................................



** ഇല്ലാതാക്കുക (ഒരു ഏറനാടൻ ഭാഷാപ്രയോഗം)*

വര: ബോബി എം പ്രഭ

# അമ്മരുചികൾ

ഡോ രാധികാ സി നായർ

ഏതടുക്കളയ്ക്കും പറയാനുണ്ടാവും ഒരായിരം രുചിക്കഥകൾ അമ്മയുടെ കൈപുണ്യത്തിന്റെ കഥകൾ. പലതരം രുചികളുടെയും ഗന്ധങ്ങളുടെയും കൂട്ടുകളുടെയും മധുരത്തിന്റെയും എരിവിന്റെയും കയ്പ്പിന്റെയും ചവർപ്പിന്റെയും പുളിപ്പിന്റെയും കഥകൾ. റസ്റ്റാറന്റുകളും തട്ടുകടകളും ഹോട്ടലുകളും ജ്യൂസുകടകളും ബേക്കറികളും കൂണുപോലെ പൊടിച്ചുയരുന്ന കാലത്തിനും മുമ്പുള്ള, എന്തിന് ഒരു ബിസ്കറ്റു പോലും ലക്ഷ്വറിയായിരുന്ന കാലത്തുള്ള ഞങ്ങളുടെ കുട്ടിക്കാലത്തിന് അമ്മയുടെ കൈപ്പുണ്യവും രുചിക്കൂട്ടുമായിരുന്നു വിശപ്പിന്റെ മറുവിളി. വൈകുന്നേരങ്ങളിൽ അന്നൊക്കെ സ്കൂൾബാഗ് മാറ്റിവച്ച് *ആനയെത്തിന്നാനുള്ള വിശപ്പുമായി അടുക്കളയിലേക്ക് (ഡൈനിങ് ടേബിൾ, ഡൈനിങ് റൂം, കിച്ചൺ, വർക്ക് ഏരിയ എന്നീ വാക്കുകളൊക്കെ ഞങ്ങൾക്ക് അപരിചിതമായിരുന്നു. ഇംഗ്ലീഷ് കഥകളിലും ചലച്ചിത്രങ്ങളിലും ഞാൻ വായിച്ചും കണ്ടുമറിഞ്ഞവ മാത്രമായിരുന്നു അതൊക്കെ) എത്തുമ്പോൾ പീത്സയും ഹോട്ട്ഡോഗും ബർഗറും കൊക്കക്കോളയും സോഫ്ട് ഡ്രിങ്കുകളും ബേക്കറിപ്പലഹാരങ്ങളുമായിരുന്നില്ല ഞങ്ങളെ വരവേറ്റിരുന്നത്. അമ്മപ്പലഹാരങ്ങളായിരുന്നു. ഞൊടിയിടകൊണ്ട് മന്ത്രവിദ്യയാലെന്നവണ്ണം അമ്മ ഉണ്ടാക്കിത്തരുമായിരുന്ന, ഇപ്പോഴും മോഹിപ്പിച്ചുകൊതിപ്പിക്കുന്ന ആ പലഹാരങ്ങളൊക്കെ ഇപ്പോഴത്തെ കുട്ടികൾക്ക് പലർക്കും അന്യംനിന്നുപോയി. കുറുക്കിയും നീട്ടിയും മടക്കിയും കലർത്തിയും പലതരത്തിൽ പലരൂപത്തിൽ അമ്മയുടെ സ്നേഹവും കരുതലും വിരൽത്തുമ്പുകളിലൂടെ പകർന്നു കിട്ടിയ ആ പലഹാരപ്പെരുമ കേട്ടോളൂ.

പണ്ടു പാൽക്കാരനാണ് പാലു കൊണ്ടുവന്നിരുന്നത്. വലിയ അലുമിനിയം അടപ്പുപാത്രത്തിൽ പാലും പിന്നെ ഒരു ചെറുപാത്രത്തിൽ 50/100/200/250/500/1 ലിറ്റർ അളവുപാത്രങ്ങളും. മിൽമ വന്നിരുന്നില്ല. 1980 ലാണ് മിൽമ തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്യുന്നതുതന്നെ. പാൽക്കാരന്റെ കൈയീന്ന് മാസാവസാനം ശമ്പളം കിട്ടുമ്പോൾ കൊടുക്കാമെന്നു പറഞ്ഞ് കടമായാണ് പലരും പാൽ വാങ്ങുക. ആവശ്യത്തിനുള്ള പാൽ ചിലപ്പോൾ 250 മില്ലീഗ്രാം. അതിൽ വീട്ടിലുള്ള ചായയ്ക്കെടുത്തിട്ടു ബാക്കി വരുന്ന മിച്ചം പാലിൽ കുറച്ചുവെള്ളം കൂടിച്ചേർത്ത് പഞ്ചസാരയിട്ടിളക്കി അമ്മ *പാലും വെള്ളോം തരും. നാടൻപശുവിൻപാലിന്റെയും അനന്ന വെള്ളത്തിന്റെയും കൂടെ പഞ്ചസാരമധുരവും കൂടിയാവുമ്പോ ദാഹം പമ്പ കടക്കും. വൈകിട്ടത്തെ വിശപ്പിന് എത്രയെത്ര കലക്കൻപലഹാരങ്ങളാണ് അമ്മയുണ്ടാക്കിയിരുന്നത്. വയറിനു കേടു വരാത്ത, കൊഴുപ്പുകലരാത്ത എണ്ണച്ചേരാത്ത ചില തനിനാടൻ വിഭവങ്ങൾ. അന്നൊക്കെ വീട്ടിൽ ഉഴുന്നുവട, പരിപ്പുവട, ഉണ്ണിയപ്പം, കുഴലപ്പം, മുറുക്ക്, പക്കാവട, ഡൈമൺ കട്സ് ഒക്കെ ഉണ്ടാക്കുമായിരുന്നു. നിങ്ങളുടെ തലമുറ പുറംതള്ളിക്കളഞ്ഞ ആ പലഹാരങ്ങൾ പക്ഷേ എണ്ണപ്പലഹാരങ്ങളെന്നായിരുന്നു പറഞ്ഞിരുന്നത്. വിശേഷാവസരങ്ങളിലേ അതുണ്ടാക്കൂ.

വൈകിട്ടെത്തുമ്പോ വിശന്നാൽ പലപ്പോഴും രാവിലത്തെ പലഹാരത്തിന്റെ ബാക്കിയോ, ഉച്ചയൂണിന്റെ ബാക്കി ചോറുള്ളതോ ഒക്കെയാവും കഴിക്കുക. ഇല്ലെങ്കിൽ ചിലദിവസം അമ്മ ചില പലഹാരങ്ങളുണ്ടാക്കും.

ഗോതമ്പുമാവും ഒരുണ്ട ശർക്കരേം ഉണ്ടെങ്കിൽ കുറുക്കിയത് റെഡി. ഗോതമ്പുമാവ് വെള്ളംകൂട്ടി കലക്കും. ശർക്കര ചെത്തിയിടുകയോ ഉരുക്കിയൊഴിക്കുകയോ ചെയ്യും. അടുപ്പത്ത് ഒരു പാത്രത്തിൽ ഈ മിശ്രിതം വച്ചു തുടർച്ചയായി ഇളക്കിയാൽ അതു കുറുകിക്കുറുകി വരും. വല്ലാത്തൊരു സുഗന്ധമാണതിന്. നെയ്യുണ്ടെങ്കിൽ അതും കുറച്ച് തിരുമ്മിയ തേങ്ങയും ചേർത്തിളക്കിയാൽ വൈകുന്നേരം കുശാൽ. ഗോതമ്പുമാവ് ദോശപ്പരുവത്തിൽ ആക്കി ഉള്ളിൽ ശർക്കരേം തേങ്ങേം മിശ്രിതമാക്കി

**അരിമാവ് കുഴച്ച് തേങ്ങേം ജീരകോം ഉപ്പും ചേർത്ത് ചെറിയ ഉരുളകളാക്കി കൈവെള്ളയിൽ വച്ചമർത്തി അത് എണ്ണയിലിട്ടു വറുത്തുകോരിയാൽ കൈയൊറട്ടിയായി. അരിമാവ് ലേശം ഉപ്പിട്ടു കുഴച്ച്ഉള്ളിൽ ശർക്കരയും തേങ്ങയും വച്ച് വേവിച്ചെടുത്ത കൊഴുക്കട്ടയുടെ സ്വാദിനോളം പോന്ന ഏതു മധുരപലഹാരമുണ്ട്. അരി കുതിർത്ത് അമ്മിക്കല്ലിൽ വച്ചരച്ച് തിരുമ്മിയ തേങ്ങയും ഉപ്പുംചേർത്ത്തിളച്ചവെള്ളത്തിൽ ഉരുട്ടിയിട്ടു വേവിച്ചെടുക്കുന്ന കൊഴുക്കട്ട തിന്നാൽ മാത്രം ഭക്ഷണം പൂർത്തിയാകില്ല. ആ കൊഴുക്കട്ടവെള്ളംകൂടി കുടിക്കണം.**

ഉണ്ടാക്കുന്ന മടക്കുദോശ അക്ഷരാർഥത്തിൽ ഏറ്റവും കൊതിപ്പിക്കുന്ന വിഭവമാണ്. ഇതൊന്നുമില്ലെങ്കിൽ ഗോതമ്പോ അരിയോ വറുക്കും. മിക്സിയൊന്നുമില്ലാത്ത കാലമാണെന്നോർക്കണം. പല വീടുകളിലും വൈദ്യുതി പോലുമില്ലാത്ത കാലമാണ്. അമ്മിക്കല്ല് ഈർപ്പം കളഞ്ഞ് തുടച്ച് അതിൽ വറുത്ത ഗോതമ്പോ അരിയോ ഇട്ട് പൊടിച്ച് ശർക്കര/പഞ്ചസാര തേങ്ങയും ചേർത്തുണ്ടാക്കുന്ന നാടൻ അവലോസുപൊടിയെ വെല്ലാൻ ഒന്നുമില്ല പലഹാരത്തിൽ. ഗോതമ്പുമാവ് കനത്തിൽ കുഴച്ച് തിരുമ്മിയ തേങ്ങ ചേർത്ത് ദോശക്കല്ലിൽ കൈകൊണ്ടു പരത്തിയുണ്ടാക്കുന്ന ഒറട്ടിക്ക് എന്തു സ്വാദായിരുന്നു. പഞ്ചസാര കൂട്ടിയും കൂട്ടാതെയും തിന്നാം അത്. ശർക്കരയുണ്ടെങ്കിൽ മാവുകുഴയ്ക്കുമ്പോൾ അതിൽ ചീകിയിട്ടാൽ സ്വാദ് വേറെ.

അരിമാവ് കുഴച്ച് തേങ്ങേം ജീരകോം ഉപ്പും ചേർത്ത് ചെറിയ ഉരുളകളാക്കി കൈവെള്ളയിൽ വച്ചമർത്തി അത് എണ്ണയിലിട്ടു വറുത്തുകോരിയാൽ കൈയൊറട്ടിയായി. അരിമാവ് ലേശം ഉപ്പിട്ടു കുഴച്ച് ഉള്ളിൽ ശർക്കരയും തേങ്ങയും വച്ച് വേവിച്ചെടുത്ത കൊഴുക്കട്ടയുടെ സ്വാദിനോളം പോന്ന ഏതു മധുരപലഹാരമുണ്ട്. അരി കുതിർത്ത് അമ്മിക്കല്ലിൽ വച്ചരച്ച് തിരുമ്മിയ തേങ്ങയും ഉപ്പുംചേർത്ത് തിളച്ചവെള്ളത്തിൽ ഉരുട്ടിയിട്ടു വേവിച്ചെടുക്കുന്ന കൊഴുക്കട്ട തിന്നാൽ മാത്രം ഭക്ഷണം





**കപ്പ അഥവാ മരിച്ചീനി ആഡംബരഭക്ഷണവസ്തുവാകുന്നതിനുമുമ്പുള്ള കാലമായിരുന്നു. റബ്ബറിന്റെ ആക്രമണം പുരയിടങ്ങൾക്കുമേലുണ്ടാകുന്ന കാലത്തിനു മുമ്പ്. എല്ലാ പുരയിടങ്ങളിലും വാഴയും മരിച്ചീനിയും നട്ടിട്ടുണ്ടാകും. മൂത്ത മരിച്ചീനികൾ വിൽക്കാം. ഇടയ്ക്ക് വിശക്കുമ്പോൾ ഒന്നുരണ്ടു മൂട് മരിച്ചീനി പിഴുതു കൊണ്ടുവന്നാൽ അതു വേകിച്ച് ഉപ്പുചേർത്തിളക്കി തേങ്ങചേർത്തോ തേങ്ങചേർക്കാതെയോ കാന്താരിമുളകും ഉള്ളീം ചേർത്തുടച്ചതോ,ഉള്ളീം മുളകും ചേർത്തരച്ചതോ കൂട്ടി കഴിക്കാം.**

പൂർത്തിയാകില്ല. ആ കൊഴുക്കട്ടവെള്ളംകൂടി കുടിക്കണം. അരിമാവിലോ ദോശമാവിലോ ഉള്ളിയും പച്ചമുളകും അരിഞ്ഞിട്ട് എണ്ണയിൽ വറുത്തുകോരുന്ന പേരില്ലാഅപ്പം, പഴം ഉണ്ടെങ്കിൽ അരിമാവിലിട്ടു ഞെരടി ശർക്കരയും തിരുമ്മിയ തേങ്ങയും ചേർത്തുണ്ടാക്കുന്ന നാട്ടുണ്ണിയപ്പം, ചക്കക്കാലത്ത് പഴത്തിനുപകരം മാവിൽ ചക്കച്ചുള ഞെരടിച്ചേർത്തുള്ള ചക്കുണ്ണിയപ്പം.. ഇങ്ങനെ അമ്മരുചികളുടെ കലവറ.

കപ്പ അഥവാ മരിച്ചീനി ആഡംബരഭക്ഷണവസ്തുവാകുന്നതിനുമുമ്പുള്ള കാലമായിരുന്നു. റബ്ബറിന്റെ ആക്രമണം പുരയിടങ്ങൾക്കുമേലുണ്ടാകുന്ന കാലത്തിനു മുമ്പ്. എല്ലാ പുരയിടങ്ങളിലും വാഴയും മരിച്ചീനിയും നട്ടിട്ടുണ്ടാകും. മൂത്ത മരിച്ചീനികൾ വിൽക്കാം. ഇടയ്ക്ക് വിശക്കുമ്പോൾ ഒന്നുരണ്ടു മൂട് മരിച്ചീനി പിഴുതു കൊണ്ടുവന്നാൽ അതു വേകിച്ച് ഉപ്പുചേർത്തിളക്കി തേങ്ങചേർത്തോ തേങ്ങചേർക്കാതെയോ കാന്താരിമുളകും ഉള്ളീം ചേർത്തുടച്ചതോ, ഉള്ളീം മുളകും ചേർത്തരച്ചതോ കൂട്ടി കഴിക്കാം. ചക്കക്കാലത്തും ചക്കവേകിച്ച് തേങ്ങയിട്ടിളക്കിയത്, ചക്കക്കുരു പുഴുങ്ങിയതോ വറുത്തതോ ചുട്ടതോ ഒക്കെയാവും വിശപ്പിനുള്ള വിഭവം. കപ്പ ഉണക്കി വച്ചിട്ടുള്ളത് ആട്ടുകല്ലിൽ ഉലക്കക്കൊണ്ടിടിച്ചു മാവാക്കി തേങ്ങ ചേർത്തുള്ള പുട്ടിന്റെ മണം പോലെ ഹൃദയഹാരിയായ മണമേതുണ്ട്. ഉപ്പേരിക്കപ്പ എന്നറിയപ്പെടുന്ന ഉണക്കക്കപ്പ വറുത്ത് തേങ്ങാക്കൊത്തു ചേർത്തു തരും അമ്മ. ചെറുപയർ വേകിച്ചതിൽ തിരുമ്മിയ തേങ്ങേം ശർക്കരേം ചേർത്തതും അടദോശയും ചക്കപ്പഴവും വൈകുന്നേരങ്ങളെയെന്നല്ല വിശപ്പിന്റെ ഏതു നേരത്തേയും കൊതിയൂറുന്ന വിഭവമാണ്.

കലത്തിൽ കഞ്ഞി തിളച്ചുമറിയുമ്പോൾ അതിൽനിന്ന് കുറച്ചു വെള്ളം തെളിച്ചെടുത്ത് അതിൽ പാലും പഞ്ചസാരയും ചേർത്തുതരും. വിശപ്പ് കഠിനമാണെങ്കിൽ വെന്ത ചോറിൽ കഞ്ഞിവെള്ളവും പാലും പഞ്ചസാരയും ചേർത്ത പാൽക്കഞ്ഞി ഞൊടിയിടയിൽ തയ്യാർ. അവലുകാരൻ വന്നാൽപ്പിന്നെ വൈകുന്നേരങ്ങളിൽ ശർക്കരയോ പഞ്ചസാരയോ തിരുമ്മിയ തേങ്ങയിൽ ചേർത്ത് അവലു നനച്ചുതരും. അവലുകൊണ്ട് ഉപ്പുമാവുണ്ടാക്കും. അവൽ തിളച്ച പാലിൽചേർത്ത് പഞ്ചസാരയിട്ടു തരും.

പുളിയങ്കുരു ചുട്ടത്, അയണിച്ചക്കയുടെ കുരു (അല്ലക്കുരു) വറുത്തതും ചുട്ടതും മരിച്ചീനിക്കിഴങ്ങ് ചുട്ടത്, പറങ്കിയണ്ടി ചുട്ടത് ഇങ്ങനെയൊക്കെ വിഭവങ്ങളുടെ ഒരു നിറകലവറയായിരുന്നു ഓരോ അമ്മയിടവും. ഗോതമ്പ്, അരി, ചെറുപയർ, കടല ഇവയൊക്കെ തരാതരം വറുത്ത് ഉരകല്ലിലിട്ടുപൊടിച്ച് ഉണ്ടാക്കുന്ന പൊടിയിൽ തേങ്ങയും ശർക്കരയും ചേർത്ത് കുഴച്ചിരുന്നതാണ് കുട്ടിക്കാലത്തെ ഞങ്ങളുടെ ഹെൽത്ത്മിക്സ്. ഹോർലിക്സും ബോൺവിറ്റയും ബൂസ്റ്റും സമ്പന്നഗൃഹങ്ങളിൽ കുട്ടികളുടെ, വിത്തനാഥൻമാരുടെ കുട്ടികളുടെ പാൽമധുരമാകുമ്പോൾ ഞങ്ങൾക്കു ഈവക മിക്സുകളാണ് കുട്ടിക്കാലത്തിന്റെ ഓർമമധുരം

സ്കൂളടപ്പിന് മാങ്ങാക്കാലമാണ്. പകൽമുഴുവൻ മരംകേറി (അന്ന് ട്യൂഷനില്ല, സ്പെഷ്യൽക്ലാസില്ല, കമ്പ്യൂട്ടർ കോഴ്സുകളില്ല. ഡാൻസ്/നാടകം/പാട്ട്/ അവധിക്കാലക്കളരികളില്ല ഞങ്ങളുടെ നാട്ടിൻപുറവും വീടും അയൽപ്പക്കങ്ങളുമാണ് ഞങ്ങളെ പരുവപ്പെടുത്തിയത്) നടന്നാൽ വിശക്കില്ല. അയണിച്ചക്ക പഴുത്തത്, പുളിഞ്ചിക്ക, ലവ്ലോലിക്ക, കാട്ടുനെല്ലിക്ക, കാരയ്ക്ക, പച്ചമാങ്ങ, കരിക്ക് ഇതൊക്കെക്കൊണ്ടും പലതിന്റെയും ഉപ്പിലിടുകൾ കൊണ്ടും വയർ നിറഞ്ഞു നടക്കും. രാത്രി കറികൾ തീർന്നുപോയാൽ ഒരു മുട്ട പൊരിച്ചതോ വറ്റൽമുളകു വറുത്തതും പുളിയും ചുവന്നുള്ളീം ഉപ്പും ചേർത്ത് ഞെരടിയുണ്ടാക്കിയ ഉപ്പുംപുളിയുമോ മതി ചോറകത്താക്കാൻ. ആ അമ്മമധുരങ്ങൾ, അമ്മയുടെ കൈപ്പുണ്യങ്ങൾ ഇന്ന് ബേക്കറികളിലെ ജീവനക്കാരുടെയും യന്ത്രത്തിന്റെയും സ്വാദിലേക്ക് നമ്മൾ പരിവർത്തിപ്പിച്ചുകളഞ്ഞു. നൊസ്റ്റാൾജിയ എന്ന വാക്കിലൊതുക്കി പുഞ്ചിരിക്കാം. പക്ഷേ ആ നാനാതരത്തിലുള്ള രുചിപ്പെരുമകളുണ്ടല്ലോ അതിലാണ് ഞങ്ങളുടെ ഓർമകൾ കൂടണയുന്നത്. സ്വസ്ഥമായുറങ്ങുന്നത്.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# കേശികത്വം- നിത്യജീവിതത്തിൽ

കെ പി ലക്ഷ്മണൻ

നമ്മുടെ നിത്യജീവിതത്തിൽ കാണുന്ന പല പ്രവർത്തനങ്ങളുടെയും പിന്നിൽ കേശികത്വമെന്ന തത്വം ഒളിഞ്ഞിരിപ്പുണ്ട്. ഭൂഗുരുത്വത്തിനെതിരായി ദ്രാവകം സൂക്ഷ്മസുഷിരങ്ങളിൽക്കൂടി മുകളിലേക്കുയരുന്നതോ താഴുന്നതോ ആയ പ്രതിഭാസമാണ് കേശികത്വം. സസ്യങ്ങളും വൃക്ഷങ്ങളും, ഭൂമിയിൽ നിന്നും ജലം, വേരുകൾ വഴി ഇലകളിലേക്കെത്തിക്കുന്നത് ഈ പ്രതിഭാസം മുഖേനയാണ്.



തുലാവർഷവും വൃശ്ചികത്തിലെ തണുപ്പും പിൻവാങ്ങിയിരിക്കുന്നു. കേരളം മെല്ലെ വരൾച്ചയുടെ മാസങ്ങളിലേക്ക് നീങ്ങുകയാണ്. കൊയ്തുകഴിഞ്ഞ വയലുകൾ ഉഴുതുമറിച്ചിടാനും പറമ്പുകൾ കിളച്ചിടാനും കർഷകർ ധൃതികൂട്ടുന്ന സമയമാണിപ്പോൾ.

വരൾച്ചയെ പ്രതിരോധിക്കാനാണ് കൃഷിക്കാർ വയലുകൾ ഉഴുതുമറിച്ചിടുന്നതും പറമ്പുകളും തെങ്ങിൻ തടങ്ങളും കിളച്ചിടുന്നതും. ഇങ്ങനെ ചെയ്യുന്നതിന്റെ പിന്നിലെ ശാസ്ത്രം എന്താണെന്ന് കൂട്ടുകാർക്കറിയാമോ? മണ്ണിലെ ചെറുസുഷിരങ്ങളിലൂടെ ജലം പുറത്തേക്കുവന്ന് ബാഷ്പീകരണം മൂലം വരൾച്ച ഉണ്ടാകുന്നത് തടയാനാണ് ഇങ്ങനെ ചെയ്യുന്നത്. കേശികത്വമെന്ന പ്രതിഭാസത്തെക്കുറിച്ച് കൂട്ടുകാർ പഠിച്ചിരിക്കുമല്ലോ? എന്താണ് കേശികത്വം? ഭൂഗുരുത്വത്തിനെതിരായി ദ്രാവകം സൂക്ഷ്മസുഷിരങ്ങളിൽക്കൂടി മുകളിലേക്കുയരുന്നതോ താഴുന്നതോ ആയ പ്രതിഭാസമാണ് കേശികത്വം (Capillary action). സസ്യങ്ങളും വൃക്ഷങ്ങളും, ഭൂമിയിൽ നിന്നും ജലം, വേരുകൾ വഴി ഇലകളിലേക്കെത്തിക്കുന്നത് ഈ പ്രതിഭാസം മുഖേനയാണ്.

ഒരു ലഘു പരീക്ഷണത്തിലൂടെ നമുക്കിതു കണ്ടെത്താം. ഒരു ഗ്ലാസിൽ പകുതി



കേശികത്വം ചെടികളിൽ

ഭാഗത്തോളം ശുദ്ധജലം എടുക്കണം. അതിലേക്ക് തീരെ വണ്ണം കുറഞ്ഞ ഒരു ഗ്ലാസ് ട്യൂബ് (അകം കാണാവുന്ന സ്ട്രോ ആയാലും മതി) താഴ്ത്തണം. ഗ്ലാസിലെ ജലനിരപ്പിനേക്കാൾ ഉയരത്തിൽ ട്യൂബിനുള്ളിൽ വെള്ളം കയറി നിൽക്കുന്നതു കാണാം. സൂക്ഷ്മമായ കുഴലുകൾ വഴി വെള്ളം മുകളിലോട്ട് ഉയർന്നു നിൽക്കുന്ന ഈ പ്രതിഭാസത്തെ കേശിക ഉയർച്ച (Capillary rise) എന്നാണ് പറയുന്നത്. ഇതേ പ്രവർത്തനമാണ് മണ്ണിലും നടക്കുന്നത്. മണ്ണിലെ സുഷിരങ്ങൾ വഴി അടിയിലുള്ള ജലാംശം മണ്ണിലേക്കെത്തുകയും ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെടുകയും ചെയ്യും. തുടർച്ചയായി ഈ പ്രവർത്തനം നടന്നുകൊണ്ടിരുന്നാൽ കൃഷിയിടം വരണ്ടുപോകുന്നതിന് കാരണമാകും.

ഇത്തരത്തിൽ സൂക്ഷ്മമായ കുഴലുകളിൽ ജലനിരപ്പ് ഉയർന്നുപോകുന്നതിന് എന്താണ് കാരണം? ജലതന്മാത്രകളും ട്യൂബിനുള്ളിലെ തന്മാത്രകളും തമ്മിലുള്ള ആകർഷണബലം ഒരേപോലുള്ള ജലതന്മാത്രകൾ തമ്മിലുള്ള ബലത്തേക്കാൾ കുറഞ്ഞിരുന്നാൽ ജലവിതാനം ഉയർന്നിരിക്കും. ഇതാണ് കേശിക ഉയർച്ച. വ്യത്യസ്ത ഇനം തന്മാത്രകൾ തമ്മിലുള്ള ബലം കൂടിയിരുന്നാൽ ജലവിതാനം താഴ്ന്നിരുക്കും. ഈ പ്രതിഭാസത്തെ കേശിക താഴ്ച (Capillary fall) എന്നാണ് അറിയപ്പെടുന്നത്. ജലം കേശിക ഉയർച്ചയെ കാണിക്കുമ്പോൾ മെർക്കുറി കേശിക താഴ്ചയെയാണ് കാണിക്കുന്നത്. ഒരേ പോലുള്ള തന്മാത്രകൾ തമ്മിലുള്ള ആകർഷണബലത്തെ കൊഹിഷൻ (Cohesion) എന്നും വ്യത്യസ്ത ഇനം തന്മാത്രകൾ തമ്മിലുള്ള ആകർഷബലത്തെ അഡ്ഹിഷൻ(adhesion) എന്നും വിളിക്കും.

നമ്മുടെ നിത്യജീവിതത്തിൽ കാണുന്ന പല പ്രവർത്തനങ്ങളുടെയും പിന്നിൽ കേശികത്വമെന്ന തത്വം ഒളിഞ്ഞിരിപ്പുണ്ട്.

ഫൗണ്ടൻപേന ഉപയോഗിച്ച് നാം എഴുതുമ്പോൾ പേനയ്ക്കുള്ളിലെ ട്യൂബിനകത്തെ മഷി നിബ്ബിലെത്തുന്നതും നെയ്വിളക്ക് അല്ലെങ്കിൽ മണ്ണെണ്ണവിളക്ക് കത്തുന്നതും ഇതേ തത്വപ്രകാരമാണ്. വിളക്കിലെ മണ്ണെണ്ണ, വിളക്കുത്തിരി വഴി വലിച്ചെടുക്കുന്നതുകൊണ്ടാണ് വിളക്ക് കത്തുന്നത്. സ്പോഞ്ച് ഉപയോഗിച്ച് വെള്ളം ഒപ്പിയെടുക്കുന്നതും നാം കുളിച്ചാൽ ശരീരത്തിലെ ജലം തോർത്ത് ഉപയോഗിച്ച് ഒപ്പിയെടുക്കുന്നതും കേശികത്വം മൂലമാണ്.

സസ്യങ്ങളിൽ കേശികത്വം വലിയ



കേശികത്വം ജലത്തിലും രസത്തിലും



കേശിക ഉയർച്ചയും കേശിക താഴ്ചയും

പങ്കുവഹിക്കുന്നുണ്ട്. വേരുകൾ വഴി വലിച്ചെടുക്കുന്ന ജലം സൈലം എന്നറിയപ്പെടുന്ന കോശങ്ങൾ വഴിയാണ് ശാഖകളി
ലും ഇലകളിലും എത്തുന്നത്. കൊഹിഷൻ ബലവും അഡ്ഹിഷൻ ബലവും ഇതിനു സഹായിക്കുന്നുണ്ട്.

ഗലീലിയോയുടെ ശിഷ്യനായ നിക്കോളോ ആണ് കേശികത്വത്തെക്കുറിച്ച് ആദ്യമായി പഠനം നടത്തിയത്. ബാരോമീറ്റർ കണ്ടുപിടിച്ച ടോറിസെല്ലി കാപ്പിലാരിറ്റി ട്യൂബ് ഉപയോഗിച്ച് നിരവധി പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ടോറിസെല്ലിക്കു പുറമേ മറ്റുപല ശാസ്ത്രജ്ഞരും കേശികത്വം എന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് കണ്ടെത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ജർമനിയിലെ ഗണിതശാസ്ത്രജ്ഞനായ കാൾ ഫ്രെഡറിക് ഗൂസ്, കെൽവിൻ, ഫ്രാൻസ്, ന്യൂമാൻ എന്നിവർ അവരിൽ ചിലരാണ്. ആൽബർട്ട് ഐൻസ്റ്റീൻ സമർപ്പിച്ച ആദ്യത്തെ ഗവേഷണ പ്രബന്ധവും കേശികത്വത്തെക്കുറിച്ചായിരുന്നു.

കേശികത്വം ഉപയോഗപ്പെടുത്തി നിർമിച്ച ഒരു ഉപകരണമാണ് എഴുതാനുപയോഗിക്കുന്ന ഫൗണ്ടൻപേന. ലൂയിസ് വാട്ടർമാൻ ആണ് ഫൗണ്ടൻപേന ആവിഷ്കരിച്ചത്. ആദ്യകാലത്തുള്ള ഫൗണ്ടൻപേനകളുടെ പ്രധാന ന്യൂനത മഷി നിബ്ബുവഴി അധികം ഒഴുകുന്നതുമൂലം എഴുതുന്ന കടലാസിൽ മഷി പടരുന്നതായിരുന്നു. ഇതിന് പരിഹാരമായിട്ടാണ് നിബ്ബിനു മധ്യത്തിൽ ഒരു സൂക്ഷ്മ സുഷിരം നിർമിച്ചിട്ടുള്ളത്. എല്ലാ തടസ്സങ്ങളും ഒഴിവാക്കിക്കൊണ്ട് ഇന്നുകാണുന്ന രീതിയിലുള്ള ഫൗണ്ടൻ പേനകൾ ആവിഷ്കരിച്ചത് ലൂയിസ് വാട്ടർമാനാണ്.

ഇങ്ങനെ കേശികത്വം നിത്യജീവിതത്തിൽ മറ്റേതെല്ലാം വിധത്തിൽ നമുക്ക് ഉപയോഗപ്പെടുന്നുണ്ടെന്ന് നിങ്ങൾ കണ്ടെത്തുമല്ലോ.



ട്യൂബിന്റെ വ്യാസത്തിനനുസരിച്ച് ജലനിരപ്പിലുണ്ടാകുന്ന വ്യതിയാനം

**ആദ്യകാലത്തുള്ള ഫൗണ്ടൻപേനകളുടെ പ്രധാന ന്യൂനത മഷി നിബ്ബുവഴി അധികം ഒഴുകുന്നതുമൂലം എഴുതുന്ന കടലാസിൽ മഷി പടരുന്നതായിരുന്നു. ഇതിന് പരിഹാരമായിട്ടാണ് നിബ്ബിനു മധ്യത്തിൽ ഒരു സൂക്ഷ്മ സുഷിരം നിർമിച്ചിട്ടുള്ളത്. എല്ലാ തടസ്സങ്ങളും ഒഴിവാക്കിക്കൊണ്ട് ഇന്നുകാണുന്ന രീതിയിലുള്ള ഫൗണ്ടൻപേനകൾ ആവിഷ്കരിച്ചത് ലൂയിസ് വാട്ടർമാനാണ്.**



ഇന്നു കാണുന്ന രീതിയിലുള്ള ഫൗണ്ടൻ പേന

# ചീവീടുകൾ

തകഴി ശങ്കരനാരായണൻ



പാടുക പാടുക
ചീവീടുകളേ
കാടു തളിർക്കട്ടെ.

പാടുക പാടുക
ചീവീടുകളേ
ഭൂമി കുളിർക്കട്ടെ.

പാതിരകൾക്കു
പകർന്നീടുന്നു
നിങ്ങളനന്തലയം.

നിർത്താതങ്ങനെ
രാവിൻ സ്വരമായ്
തത്തിലസിക്കുമ്പോൾ

കൂരിരുൾ പോലു
മഗാധതപുണരും
പുതുമയിൽ മുങ്ങുന്നു.

ചിത്തമിതെന്നും
നിങ്ങൾക്കായി
പ്പൂത്തിരിയാവുന്നു.

ചീവീടുകളേ നിങ്ങൾ
പ്രപഞ്ച ശ്രുതി
യായ് മാറുന്നു.

ചീവീടുകളേ
നിങ്ങളിളയ്ക്കായ്
തംബുരുമീട്ടുന്നു.

ചന്തമൊടങ്ങനെ
നിങ്ങൾ വസന്ത
ച്ചിമിഴുകളാകുന്നു.

വര: എ.കെ ഗോപീദാസ്

# ലക്കി ഡിപ്പ്

**ബീന ജോർജ്**

'അന്ന ജോർജ്...'
വിളി ഉയർന്നു. വീണ്ടും ഒന്നു കൂടെ.

'എവിടെ? ഞാൻ എന്റെ ലോകത്താണല്ലോ?'

ടീച്ചർ ചൂരലെടുത്ത് മേശ പ്പുറത്ത് പടപടായെന്ന് രണ്ടടി അടിച്ചതു കേട്ട് ഞാൻ ഞെട്ടി ഉണർന്നു. എല്ലാവരും എന്നെ നോക്കുന്നു.

'എവിടെയായിരുന്നു?'

ഒന്നും മിണ്ടാതെ ഞാൻ നിന്നു. ടീച്ചർ ചിരിയൊതുക്കി ഹാജർ ബുക്കുമായി മടങ്ങു ന്നതു വരെ ഞാൻ ആ നില്പു തുടർന്നു; ശിക്ഷ!

രാവിലെ മൂന്നാമത്തെ പീരീ ഡിലാണ് നോട്ടീസുമായി പാപ്പി ച്ചേട്ടൻ കടന്നുവന്നത്

'ഇന്നു മൂന്നുമണിക്ക് ലക്കി ഡിപ്പിന്റെ നറുക്കെടു പ്പുണ്ടായിരിക്കും. എല്ലാവരും സ്ക്കൂളിന്റെ മുറ്റത്ത് എത്തി ച്ചേരണം.'

എന്റെ ഹൃദയ മിടിപ്പു കൂടുന്നു. എന്നെ നോക്കി ഒന്നു ചിരി ച്ചിട്ട് പാപ്പിച്ചേട്ടൻ നോട്ടീസുമായി അടുത്ത ക്ലാസിലേക്കു പോയി.

'ശ്ശോ! ക്ലാസ് ഒന്നു വേഗം തീർന്നെങ്കിൽ! ഒന്നു മൂന്നു മണി ആയെങ്കിൽ!'

ഞാൻ പതുക്കെ പറഞ്ഞു. എന്റെ ശബ്ദം പുറത്തേക്കു വന്നില്ല. എന്റെ കൂട്ടുകാരിക ളൊക്കെ ഡ്രോയിങ് ബുക്കിൽ ആനയെ വരയ്ക്കുകയാണ്. ഞാനും ഡ്രോയിങ് ബുക്കെ ടുത്തു. വരകൾക്കൊന്നും ഒരു പൂർണതയില്ല. എനിക്കു വലിയ വീർപ്പുമുട്ടൽ തോന്നി. കൂട്ടുകാരികൾ ഒന്നും എന്നോട് ഒരു വിശേഷവും ചോദിച്ചില്ല. ഞാൻ പൊട്ടിത്തെറിച്ചേക്കു മോ എന്ന പേടിയാവാം. ഉച്ച യ്ക്കു മണി അടിച്ചപ്പോൾ ഞാൻ വീട്ടിലേക്കു പാഞ്ഞു. കൂട്ടിന് ആരേയും വിളിച്ചില്ല. രാധാമണിയും ഒ പി മറിയാമ്മ യും നോക്കിനിൽക്കെ ഞാൻ കലുങ്കു കടന്നു. ഉണ്ടു ഉണ്ടില്ല



വര: ജോബി എം പ്രഭ

എന്നു വരുത്തി വീണ്ടും സ്ക്കൂളിലേക്ക്. അമ്മയും അപ്പനും അപ്പോഴും ഊണു കഴിഞ്ഞിരുന്നില്ല

ലക്കിഡിപ്പ്, ലക്കിഡിപ്പ് എന്നു നെഞ്ചു വിറയ്ക്കുന്നത് ഞാനറിഞ്ഞു. ലക്കില്ലെന്ന് എനിക്കറിയാം. കാരണം എന്റെ പോക്കറ്റ് മണി മുഴുവൻ എടുത്ത് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിലെ ഭാഗ്യക്കുറികൾ കുറെ വാങ്ങിക്കൂട്ടിയതാണ്. 20 ടിക്കറ്റ്. ഒന്നിനും സമ്മാനം കിട്ടിയില്ല. അതോടെ ഭാഗ്യക്കുറി വാങ്ങുന്നതു നിറുത്തി. ഏറ്റവും കൂടുതൽ ടിക്കറ്റ് വിറ്റവർക്കുള്ള സമ്മാനത്തെപ്പറ്റിയാണ് എന്റെ സ്വപനം മുറുകുന്നത്. ആ അൻപതു രൂപ എന്നെ നോക്കി നോക്കി ഇരിക്കുമ്പോൾ ഞാനെന്തു ചെയ്യാനാണ്.

ബൊഗേയ്ൻ വില്ല പടർന്ന ബദാമിനും നെല്ലിമരത്തിനും ഇടയിലായി കുട്ടികൾ കൂട്ടം ചേർന്നു. മൈക്ക് പ്രവർത്തിച്ചു തുടങ്ങി. ഞാൻ കണ്ണടച്ചു നിന്നു. നറുക്കെടുപ്പും ഫലപ്രഖ്യാപനവും തകൃതിയായി നടക്കുന്നു. ഒന്നാംസമ്മാനം, രണ്ടാം സമ്മാനം അങ്ങനെ ഉയർന്നുകേട്ടു. ചെടികൾ പോലും കാതുകൂർപ്പിച്ചു നിന്നു. അപ്പോഴാണ് ഏറ്റവും കൂടുതൽ ടിക്കറ്റു വിറ്റവർക്കുള്ള സമ്മാനമാണിനിയും എന്നുള്ള അനൗൺസ്മെന്റ് കാതിൽ വീണത്. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. എനിക്ക് എവിടെയെങ്കിലും ഒന്നു ചാരണമെന്നുണ്ടായിരുന്നു. പക്ഷേ ഒന്നിനും കഴിയുന്നില്ല.

'ആൺകുട്ടികളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ടിക്കറ്റ് വിറ്റത് മാത്തുക്കുട്ടി കുന്നപ്പള്ളി.'

ആൺകുട്ടികളുടെ കൂവലും ഹ്യൂറേ വിളിയും. കുറേ നേരത്തേക്ക് നിലനിന്നു. പിന്നെ

**ഞാനാകെ സ്തബ്ധയായി കണ്ണടച്ചു. മൈക്കിലൂടെ വന്ന വാക്കുകൾ മൂർച്ചയുള്ള വാളുപോലെ ഉള്ളിലേക്കു തുളഞ്ഞുകയറി എന്നെ കീറി മുറിച്ചു. ഒടുവിൽ നീണ്ട ആയാസത്തോടെ കണ്ണുകൾ തുറന്നു. പെൺകുട്ടികൾക്കിടയിൽ നിന്ന് ഓടി അകലാൻ ശ്രമിച്ചെങ്കിലും അവരുടെ തിക്കും തിരക്കും എന്നെ പിന്നിലേക്കു പിടിച്ചു. അവസാനമായി ഒന്നുകൂടെ ശ്രമിച്ച് ഒരു കണക്കിൽ ഞാൻ പുറത്തു കടന്നു**

കുറുകലും മർമ്മരവുമായി അമർന്നു.

ഉമിനീർ വററുകയും നാവു വരളുകയും ചെയ്തുതുടങ്ങി. പെൺകുട്ടികളിൽ ഏറ്റവും കൂടുതൽ ടിക്കറ്റ് വിറ്റത് തങ്കച്ചായന്റെ ശബ്ദം ഉയർന്നു.

'അന്ന ജോർജ്, സോപ്രെപെസ് ഗോസ് ടു അന്ന ജോർജ് '

എന്റെ പേര് മൈക്കിലൂടെ....

പെൺകുട്ടികളുടെ കൈയടിയും ബഹളവും ഉയരുന്നു. സ്നേഹവും അസൂയയും ഒക്കെ കൂടിക്കലർന്ന കണ്ണുകൾ എന്റെ നേരെ നീണ്ടു വന്നു.

വളകളും മറ്റും വിൽക്കുന്ന ചിന്തിക്കടക്കാരൻ എന്റെ ഉള്ളിൽ പ്രാവിനെപ്പോലെ കുറുകി.

പെട്ടെന്നാണ് മൈക്ക് വീണ്ടും ശബ്ദിച്ചത്.

'അന്ന ജോർജിനു ലഭിച്ച സമ്മാനം അവൾ സ്ക്കൂളിൽ പൈപ്പിടാനുള്ള ചെലവിലേക്കായി സന്തോഷപൂർവം മടക്കി നൽകുന്നു.'

ഞാനാകെ സ്തബ്ധയായി കണ്ണടച്ചു. മൈക്കിലൂടെ വന്ന വാക്കുകൾ മൂർച്ചയുള്ള വാളുപോലെ ഉള്ളിലേക്കു തുളഞ്ഞു കയറി എന്നെ കീറി മുറിച്ചു. ഒടുവിൽ നീണ്ട ആയാസത്തോടെ കണ്ണുകൾ തുറന്നു. പെൺകുട്ടികൾക്കിടയിൽ നിന്ന് ഓടി അകലാൻ ശ്രമിച്ചെങ്കിലും അവരുടെ തിക്കും തിരക്കും എന്നെ പിന്നിലേക്കു പിടിച്ചു. അവസാനമായി ഒന്നുകൂടെ ശ്രമിച്ച് ഒരു കണക്കിൽ ഞാൻ പുറത്തു കടന്നു

'മോള് നല്ല കാര്യമാ ചെയ്തത്. ഇങ്ങനെ വേണം നല്ല കുട്ടികളായാൽ...'

പാപ്പിച്ചേട്ടൻ ചിരിച്ചുകൊണ്ടു മുന്നിൽ.

വിഷാദത്തോടെ ചിരിച്ചെന്നുവരുത്തി പടികളിറങ്ങി. പാലവും കടന്ന് മുന്നോട്ടു നടക്കുമ്പോൾ എനിക്ക് സങ്കടം തികട്ടി വന്നു. ഒന്നു തിരിഞ്ഞു നോക്കിയിട്ട് കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ ഇടം കൈയാൽ തുടച്ചു ഞാൻ മുന്നോട്ടു നടന്നു. റോളറും വീപ്പകളും കിടക്കുന്ന വീട്ടുപടിക്കൽ ഞാനെത്തി. സാധാരണ കയറുന്ന കൽപ്പടവുകൾ വഴി അല്ലാതെ വീണ്ടും മുന്നോട്ടു നടന്ന് വീട്ടിലേക്കു മാത്രമായ സ്റ്റെപ്പുകളിലൂടെ ഞാൻ വേച്ചുവേച്ചു കയറി. വീടിന്റെ മുറ്റത്തുനിന്നു നോക്കിയാലും താഴെ റോഡിൽ നിന്നുനോക്കിയാലും ആർക്കും കാണാൻ കഴിയാത്ത ഒരു ഭാഗത്തിരുന്ന് പുസ്തകക്കെട്ട് ഒരു വശത്തു വച്ചിട്ട് ഞാൻ പൊട്ടിക്കരഞ്ഞു.

അകലെ മനസ്സിൽ തെള്ളിയൂർക്കാവിലെ ഉത്സവത്തിനും പള്ളിപ്പെരുനാളിനും വരുന്ന ചിന്തിക്കടകൾ എനിക്കു കാണാമായിരുന്നു. പിന്നെ അതു മാഞ്ഞു മാഞ്ഞുപോയി. എന്റെ മനസ്സ് തുടികൊട്ടി. പിന്നെ മുഖം തുടച്ച് സഞ്ചിയുമെടുത്ത് തീരാത്ത പടവുകൾ ഞാൻ ചവിട്ടിക്കയറിത്തുടങ്ങി.

# നടക്കുന്ന പ്രസംഗം

## ജോസഫ് പനയ്ക്കൽ

ചിക്കാഗോ നഗരത്തിലെ ആ വലിയ റെയിൽവേസ്റ്റേഷനും പരിസരവും നിറപ്പകിട്ടാർന്ന തോരണങ്ങളും പൂക്കളും കൊണ്ട് അലങ്കരിച്ചിരുന്നു. അസാധാരണമാംവിധം ഏതോ ആഘോഷത്തിനെന്നപോലെ വലിയൊരാൾക്കൂട്ടം അണിഞ്ഞൊരുങ്ങി നിന്നു. രാഷ്ട്രീയനേതാക്കൾ, സാംസ്കാരിക പ്രവർത്തകർ, സാഹിത്യകാരന്മാർ, പൗരപ്രമുഖർ, കോളജ് വിദ്യാർഥികൾ തുടങ്ങിയവർ. നഗരസഭാമേയറും കൗൺസിലർമാരും ആൾക്കൂട്ടത്തിനുമുന്നിൽ മനോഹരമായ ഒരു പൂച്ചെണ്ടുമായി നിൽക്കുന്നു.

എല്ലാവരുടെയും കണ്ണുകളിലും മുഖത്തും സന്തോഷത്തിന്റെ തിളക്കം. എങ്കിലും ഉറക്കെ സംസാരിച്ചു ശബ്ദമുണ്ടാക്കാതെ ആകാംക്ഷയോടെ അവർ ആരെയോ സ്വീകരിക്കാൻ കാത്തുനിൽക്കുകയാണ്.

നിറപ്പകിട്ടാർന്ന തിളങ്ങുന്ന പ്രത്യേക വേഷത്തിൽ വാദ്യോപകരണങ്ങളേന്തി ഒരു ബാന്റുസംഘം സ്വീകരണത്തിനു തയ്യാറായി ഒരു ഭാഗത്തുനിലകൊള്ളുന്നുണ്ട്. പത്രപ്രതിനിധികളും ഫോട്ടോഗ്രാഫർമാരും മറ്റൊരുഭാഗത്തുമുണ്ട്.

ട്രെയിൻ വരുന്ന ശബ്ദം പെട്ടെന്ന് അകലെ നിന്നു കേട്ടു തുടങ്ങി. ആ ശബ്ദം അന്തരീക്ഷത്തെ ഇളക്കി. കൂടിനിന്ന ആൾക്കൂട്ടം അച്ചടക്കത്തോടെ ആദരഭാവത്തിൽ സ്റ്റേഷൻ കവാടത്തിനുനേരെ മെല്ലെ നീങ്ങി.

ട്രെയിനിൽ നിന്നും യാത്രക്കാർ പെട്ടിയും ബാഗുമൊക്കെ തൂക്കിയെടുത്ത് പുറത്തിറങ്ങാൻ തുടങ്ങി. ഒരു ക്യാബിനിൽ നിന്ന് ദീർഘകായനായ ഒരു ജർമൻ സായിപ്പ് പ്രസന്നവദനനായി പ്ളാറ്റ്ഫോമിലേക്കിറങ്ങി. പാറിപ്പറക്കുന്ന നരച്ചമുടിയും ആറടി നാലിഞ്ച് ഉയരവുമുള്ള ഊർജസ്വലനായ അദ്ദേഹം എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു. എഴുപത്തിയഞ്ചു വയസ്സുണ്ടെങ്കിലും നടപ്പിലും ഭാവത്തിലും യുവത്വത്തിന്റെ പ്രസരിപ്പ്.

കാത്തുനിന്നവരിൽ നിന്നു ഹർഷാരവമുയർന്നു

''ഹാർട്ടി വെൽക്കം ഗ്രേയ്റ്റ്മാൻ.''

മഹാപുരുഷനു ഹൃദ്യമായ സ്വാഗതം!

അദ്ദേഹം വിടർന്ന പുഞ്ചിരിയോടെ വലതുകൈ ഉയർത്തി പ്രത്യഭിവാദ്യം ചെയ്തു.



വര: ഗോപു പട്ടിത്തറ

മേയറും ഏതാനും പ്രമുഖരും ചേർന്ന് ബൊക്കെയുമായി അദ്ദേഹത്തിനടുത്തേക്കു ചെല്ലാൻ ഭാവിച്ചു. ചുറ്റുപാടുനിന്നും ക്യാമറക്കണ്ണുകൾ ഫ്ളാഷുകൾ പായിക്കാൻ തുടങ്ങി. പെട്ടെന്ന് ആ നിമിഷത്തിൽ വിശിഷ്ടാതിഥിയുടെ കണ്ണുകൾ ആൾക്കൂട്ടത്തിനിടയിലൂടെ നീങ്ങുന്ന ഒരു മുത്തശ്ശിയുടെ മേൽപതിഞ്ഞു. ആ മുഖമൊന്നു മങ്ങി. പെട്ടെന്ന് അദ്ദേഹം സ്വീകരണത്തിനു തയ്യാറെടുത്തു നിൽക്കുന്നവർക്കുനേരെ കൈയുയർത്തി വിലക്കിക്കൊണ്ടു ക്ഷമാപണ സ്വരത്തിൽ പറഞ്ഞു.

''ദയവായി നിൽക്കൂ... രണ്ടു മിനിട്ട്...!''

എന്നിട്ട് അദ്ദേഹം ആരാലും ശ്രദ്ധിക്കപ്പെടാതെയും സഹായത്തിന് ആരുമില്ലാതെയും രണ്ടു പെട്ടികളും ചുമന്നു വേച്ചുനടക്കുന്ന ആ വൃദ്ധയുടെ അടുത്തേക്ക് ഓടിച്ചെന്നു. അതു കറുത്ത വർഗക്കാരിയായ ഒരു പാവം വൃദ്ധയാണ്.

''അമ്മേ, ആ പെട്ടികളിങ്ങു തരൂ...'' എന്നുപറഞ്ഞ് ആദരവോടെ അദ്ദേഹം ആ പെട്ടികൾ പിടിച്ചുവാങ്ങി. സവിനയം കൂടെ നടന്നിട്ട് ചോദിച്ചു.

''അമ്മയ്ക്ക് എവിടെയാണു പോകേണ്ടത്?''

ആ വൃദ്ധ വിസ്മയത്തോടെ അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി. ഒരു സായിപ്പ് ഇത്രയും കാരുണ്യത്തോടെ പെരുമാറുന്നത് അവരുടെ ആദ്യ അനുഭവമായിരുന്നു.

''ബസ് സ്റ്റോപ്പിലെത്തിയാൽ മതി. സാർ!'' നനഞ്ഞ മിഴികളോടെ ആ വൃദ്ധ പറഞ്ഞു.

''ശരി എന്റെ കൂടെ വന്നോളൂ, അമ്മേ...''

അദ്ദേഹം ബസ് സ്റ്റോപ്പു വരെ ചെന്ന് വൃദ്ധയെ ബസ്സിൽ കയറ്റിയിരുത്തി. പെട്ടികൾ ഏൽപ്പിച്ച് ശുഭയാത്രയാശംസിച്ചു പുറത്തിറങ്ങി. എന്നിട്ട് സ്വീകരണത്തിന് ഒരുങ്ങി നിൽക്കുന്ന ആൾക്കൂട്ടത്തിനു മുന്നിൽ ഓടിയെത്തി. വിനയാദരങ്ങളോടും വിസ്മയത്തോടും കൂടി കാത്തുനിൽക്കുന്ന ആതിഥേയരോട് അദ്ദേഹം മാപ്പുപറഞ്ഞു.

''നിങ്ങളെയെല്ലാം ഇത്രയും നേരം കാത്തുനിർത്തി ബുദ്ധിമുട്ടിച്ചതിന് സദയം ക്ഷമിക്കണം!''

ആതിഥേയരുടെ വിടർന്ന കണ്ണുകളിൽ അദ്ദേഹത്തോടുള്ള ബഹുമാനം പതിന്മടങ്ങായി തിളങ്ങി. അവർ അദ്ദേഹത്തിന് ഹസ്തദാനവും പൂച്ചെണ്ടുകളും നൽകി സ്വീകരിക്കുകയും സ്നേഹത്തോടെ നെഞ്ചോടുചേർത്ത് ആശ്ലേഷിക്കയും ചെയ്തു. തുടർന്ന് ബാന്റുവാദ്യാഘോഷങ്ങളോടെ അവർ അദ്ദേഹത്തെ അനുമോദന സമ്മേളന ഹാളിലേക്ക് ആനയിച്ചു

അവിടെയുണ്ടായിരുന്ന ഒരു പ്രമുഖ പത്രപ്രവർത്തകൻ കൂടെയുള്ള സുഹൃത്തിനോട് ഇങ്ങനെ പറഞ്ഞു.

''നടക്കുന്ന ഒരു പ്രസംഗത്തെ ഞാൻ ആദ്യമായി കാണുകയാണ്. അദ്ദേഹം ഒരു മഹാനായ മനുഷ്യസ്നേഹി തന്നെ.''

മനുഷ്യത്വവും മനുഷ്യസ്നേഹവും പ്രസംഗത്തിലല്ല. പ്രവൃത്തിയിലാണ്. അതാണ് അവിടെ കണ്ടത് എന്നാണ് ആ പറഞ്ഞതിന് അർഥം.

'എന്റെ ജീവിതമാണ് എന്റെ സന്ദേശം.' എന്നു പറഞ്ഞ ഗാന്ധിജിയെപ്പോലെ...

നഗരപ്രമുഖർ ഒരുക്കിയ സ്വീകരണത്തിന്റെ മാസ്മരിക മുഹൂർത്തത്തിൽ നിന്നു വഴുതിമാറി സഹായത്തിനാരുമില്ലാതെ ഭാരിച്ച പെട്ടികളുമായി വിഷമിച്ചുനീങ്ങിയ കറുത്തവർഗക്കാരി മുത്തശ്ശിയെ സഹായിക്കാൻ ഓടിച്ചെന്ന വെള്ളക്കാരനായ ആ വലിയ മനുഷ്യൻ ആരാണെന്നോ?

1954 ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിനർഹനായ ലോകാരാധ്യനായ ഡോ. ആൽബർട്ട് ഷ്വൈറ്റ്സർ.

ജർമനിയിലെ കുലീന കുടുംബത്തിൽ ജനിച്ച ആൽബർട്ട് ഷ്വൈറ്റ്സർ ബാല്യം മുതൽ പഠനത്തിൽ അതിസമർഥനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തത്പരനുമായിരുന്നു. തത്വശാസ്ത്രത്തിലും സംഗീതത്തിലും ദൈവതത്വശാസ്ത്രത്തിലും ഡോക്ടറേറ്റ് കരസ്ഥമാക്കി. സ്വന്തം നാട്ടിൽ ജോലി ചെയ്തു ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും അതെല്ലാമുപേക്ഷിച്ച്, അക്കാലത്ത് 'ഇരുണ്ട ഭൂഖണ്ഡം' എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കയിൽച്ചെന്ന് ദരിദ്രരും അപരിഷ്കൃതരും അവഗണിക്കപ്പെട്ടിരുന്നവരുമായ കറുത്ത വർഗക്കാർക്കുവേണ്ടി അദ്ദേഹം ആശുപത്രികൾ സ്ഥാപിച്ചു. സമൂഹത്തിൽ വെറുക്കപ്പെട്ടവരായി കണക്കാക്കി ആട്ടിയകറ്റപ്പെട്ടിരുന്ന കുഷ്ഠരോഗികളെ സ്നേഹത്തോടെ ചികിത്സിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. മാത്രമല്ല, കുഷ്ഠരോഗികൾക്കുവേണ്ടി പുനഃരധിവാസകേന്ദ്രങ്ങൾ സ്ഥാപിച്ചു നടത്തുകയും ചെയ്തു.

''ബ്രദർഹുഡ് ഒഫ് നേഷൻസ്' എന്ന പ്രസ്ഥാനത്തിലൂടെ ലോകസമാധാനത്തിനുവേണ്ടി അദ്ദേഹം നിരന്തരം പ്രവർത്തിച്ചു.

അങ്ങനെയുള്ള അദ്ദേഹത്തിന്റെ മാനവസേവനത്തെ ആദരിച്ചാണ് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നൽകപ്പെട്ടത്.

# അധ്വാനത്തിന്റെ ഫലം

ഉത്തമൻ പാപ്പിനിശ്ശേരി

ഒരു ഗ്രാമത്തിൽ ഒരു സ്വാമി താമസിച്ചിരുന്നു. ഒരു ചെറിയ വീട്ടിൽ അയാൾ തനിച്ചായിരുന്നു. അയാൾ മഹാപണ്ഡിതനും ചിന്തകനും ബുദ്ധിശാലിയും ആയിരുന്നു. ഗ്രാമത്തിലെ പല ആളുകളും പല അഴിയാക്കുരുക്കുകളുമായി അദ്ദേഹത്തെ സമീപിക്കുമായിരുന്നു. എന്തുതരം പ്രശ്നങ്ങളായാലും വളരെ ലാഘവത്തോടെ നിഷ്പ്രയാസം പരിഹാരം നിർദേശിക്കും. അദ്ദേഹത്തിന് മാന്ത്രികശക്തിയുണ്ടെന്നും അദ്ദേഹത്തിന്റെ പക്കൽ ദിവ്യശക്തിയുള്ള ഏതോ മരുന്നുകളുണ്ടെന്നും ചിലർ വിശ്വസിച്ചു.

ഒരു ദിവസം ഒരു കുട്ടി അദ്ദേഹത്തെ കാണാൻ ചെന്നു. അവന് പത്തുവയസ്സു പ്രായമുണ്ടായിരുന്നു. അവൻ അദ്ദേഹത്തെ തൊഴുതുവണങ്ങി.

"സ്വാമീ... ഞാൻ സ്കൂളിൽ പോകുന്ന കുട്ടിയാണ്. എനിക്ക് പഠിക്കാതെ പരീക്ഷ പാസാകുന്ന വിദ്യ ഉപദേശിച്ചു തരണം."

സ്വാമി ചിരിച്ചുകൊണ്ട് ചോദിച്ചു

"പഠിക്കാതെ പാസാകുന്ന വിദ്യ അല്ലേ...? ശരി മകനേ... നിനക്ക് അച്ഛനുണ്ടോ?"

"ഇല്ല."

"നിന്റെ വീടിന് ചുറ്റും വേറെ വീടുകളില്ലേ.... അവരെ അറിയില്ലേ...?"

"അറിയും. കിഴക്കേ വീട്ടിൽ ഒരു കൊല്ലൻ, പടിഞ്ഞാറ് കൃഷിക്കാരൻ, തെക്ക് ഒരു അലക്കുകാരൻ, വടക്ക് ഒരു വിറകുവെട്ടുകാരൻ."

"നീ ഇവരെയെല്ലാം ചെന്നു കാണണം. ഇവർ ഓരോ ദിവസവും ചെയ്യുന്നതെന്തൊക്കെയാണെന്ന് മനസ്സിലാക്കണം. മൂന്നാം ദിവസം വീണ്ടും എന്നെ വന്നുകാണണം."

സ്വാമിയുടെ ഉപദേശപ്രകാരം അടുത്തദിവസം രാവിലെ കുട്ടി കൊല്ലന്റെ ആലയിലെത്തി. അപ്പോൾ ഉലയിൽ വച്ച് പഴുപ്പിച്ചെടുത്ത ഒരു ഇരുമ്പ് ചതുരക്കട്ടപോലുള്ള കട്ടിയായ മറ്റൊരു ഇരുമ്പിന്റെ മുകളിൽവച്ച് വലിയ ചുറ്റികകൊണ്ട് ആഞ്ഞടിക്കുന്നു. അപ്പോൾ ഇരുമ്പ് പരന്നുവരുന്നു. അത് വീണ്ടും ഉലയിൽ വച്ച് പഴുപ്പിച്ചെടുത്ത് ചുറ്റികകൊണ്ടടിക്കുന്നു. ഇങ്ങനെ മൂന്നുനാലാവർത്തി ചെയ്യുമ്പോഴേക്കും അതൊരു കൈക്കോട്ടായി മാറി. മരം ചെത്തി ഉരുട്ടി മിനുക്കി വച്ചിരുന്ന പിടി കൈക്കോട്ടിന് ഉറപ്പിച്ചു. അപ്പോൾ അവിടെ ഒരാൾ വന്നു. അയാൾ കൈക്കോട്ട് എടുത്തു നോക്കിയിട്ടു പറഞ്ഞു,

"അസ്സലായിട്ടുണ്ട്."

അയാൾ കൊല്ലന് പണം കൊടുത്ത് കൈക്കോട്ട് വാങ്ങി തിരിച്ചുപോയി.

കൊല്ലൻ വിയർത്തുകുളിച്ച് ക്ഷീണിച്ചുപോയിരുന്നു

"അയാളെന്തിനാണ് നിങ്ങൾക്ക് പണം തന്നത്...?" കുട്ടി കൊല്ലനോട് ചോദിച്ചു.

"കൈക്കോട്ടിന്റെ വില. അതായത് എന്റെ അധ്വാന



ത്തിന്റെ ഫലം. എന്തിനും ഒരു നേട്ടമുണ്ടാകണമെങ്കിൽ നന്നായി അധ്വാനിക്കണമെന്നർഥം.''

ഉച്ചയായി.

കുട്ടി കൃഷിക്കാരന്റെ വീട്ടിൽ ചെന്നു. അയാൾ വയലിലാണെന്നറിഞ്ഞു. കുട്ടി വയലിലേക്കു ചെന്നു. കൃഷിക്കാരൻ കൈക്കോട്ടുകൊണ്ട് വയൽ കിളയ്ക്കുകയാണ്. കുട്ടി വരമ്പത്ത് നിന്നു. കൃഷിക്കാരൻ വല്ലാതെ വിയർത്തു കുളിച്ചിരുന്നു.

എന്തിനാ ഇങ്ങനെ കഷ്ടപ്പെടുന്നത്...?''

''കഷ്ടപ്പെട്ട് കൃഷി ചെയ്താലല്ലേ നെല്ലുണ്ടാകൂ. എന്നാലല്ലേ നമുക്ക് ആഹാരം കഴിക്കാൻ കഴിയൂ. എന്തിനും അധ്വാനിച്ചാൽ ഫലം ഉറപ്പ്. അധ്വാനിച്ചില്ലെങ്കിൽ നേട്ടമുണ്ടാക്കാൻ കഴിയില്ല.''

കുട്ടി അവിടെനിന്ന് മടങ്ങി. അടുത്തദിവസം രാവിലെ അവൻ വിറകുവെട്ടുകാരനെ കാണാൻ പോയി. അയാൾ മഴുവുംകൊണ്ട് ജോലിക്കു പോകുന്നത് കണ്ടു. കുട്ടി അയാളെ പിന്തുടർന്നു. കുറച്ചുദൂരം ചെന്നപ്പോൾ വിറകുവെട്ടുകാരൻ ഒരു വീടിന്റെ പിൻഭാഗത്തേക്കു പോയി. അവിടെ കുറേ തടിച്ച മരമുട്ടികൾ കൂട്ടിയിട്ടിരുന്നു. അയാൾ അവ നേർത്ത ചീളുകളായി കീറാൻ തുടങ്ങി. അയാൾ വിയർപ്പിൽ കുളിച്ചു. വീട്ടിലെ ഒരു സ്ത്രീ ഒരു പാത്രത്തിൽ കുറേ വെള്ളം കൊണ്ടുവന്നു. അയാൾ അത് മുഴുവൻ കുടിച്ചു. വിശ്രമിക്കാനായി ഒരു മരമുട്ടിമേൽ കയറിയിരുന്നു.

കുട്ടി അയാളുടെ അടുത്തേക്ക് ചെന്നു ചോദിച്ചു.

''എന്തിനാ ഇങ്ങനെ കഷ്ടപ്പെടുന്നത്...?''

''എന്നാലല്ലേ എനിക്ക് കൂലി കിട്ടൂ...''



**അടുത്തദിവസം രാവിലെ അവൻ വിറകുവെട്ടുകാരനെ കാണാൻ പോയി. അയാൾ മഴുവും കൊണ്ട് ജോലിക്കു പോകുന്നത് കണ്ടു. കുട്ടി അയാളെ പിന്തുടർന്നു. കുറച്ചു ദൂരം ചെന്നപ്പോൾ വിറകുവെട്ടുകാരൻ ഒരു വീടിന്റെ പിൻഭാഗത്തേക്കു പോയി. അവിടെ കുറേ തടിച്ച മരമുട്ടികൾ കൂട്ടിയിട്ടിരുന്നു. അയാൾ അവ നേർത്ത ചീളുകളായി കീറാൻ തുടങ്ങി. അയാൾ വിയർപ്പിൽ കുളിച്ചു. വീട്ടിലെ ഒരു സ്ത്രീ ഒരു പാത്രത്തിൽ കുറേ വെള്ളം കൊണ്ടുവന്നു.**

''ഇവിടെ ഇങ്ങനെ വെറുതേയിരുന്നാൽ കൂലി കിട്ടില്ലേ?''

''എന്തിനും കഷ്ടപ്പെട്ടാലേ ഫലമുണ്ടാകൂ...''

കുട്ടി അവിടെനിന്ന് മടങ്ങി.

അവൻ അലക്കുകാരനെ കാണാൻ ചെന്നു. അയാൾ പതിവായി അലക്കുന്ന തോട്ടിൻകരയിൽ അവനെത്തി. അയാൾ കുറേ അലക്കി ക്ഷീണിച്ച് തണലിലെ ഒരു പാറക്കല്ലിന്മേൽ വിശ്രമിക്കുകയാണ്. കുട്ടി അയാളുടെ അടുത്തേക്കു ചെന്നു

''ഇങ്ങനെ കഷ്ടപ്പെട്ടാലേ കൂലി കിട്ടൂ അല്ലേ...?''

''അതെ എന്തിനും ഫലം കിട്ടണമെങ്കിൽ കഷ്ടപ്പെടണം.''

കുട്ടി തിരിച്ചുപോയി.

പിറ്റേന്നു രാവിലെ അവൻ സ്വാമിയെ കാണാൻപോയി. സ്വാമിയെ കണ്ടപാടെ അവൻ തൊഴുതു വണങ്ങി.

''സ്വാമീ എന്തിനും ഫലമുണ്ടാകണമെങ്കിൽ നന്നായി കഷ്ടപ്പെടണം. അതായത് പരീക്ഷ പാസാകണമെങ്കിൽ നന്നായി പഠിക്കണം എന്ന് ഞാൻ തിരിച്ചറിഞ്ഞു.''

''അതെ മകനേ... അതല്ലാതെ മറ്റു വിദ്യകളൊന്നുമില്ല. ആദ്യം മനസ്സ് തുറക്കൂ. നന്നായി പഠിച്ച് മിടുക്കനാകൂ...''

സ്വാമി അവന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു.

# അക്ഷരംകാണാൻ

**പള്ളിയറ ശ്രീധരൻ**

നിങ്ങൾക്ക് ഒരുപാട് സുഹൃത്തുക്കൾ ഉണ്ടാകും. പുതിയ പുതിയ സുഹൃത്തുക്കൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും.

പുതുതായുള്ള പല സുഹൃത്തുക്കളും നിങ്ങളുടെ പേര് അന്വേഷിക്കും. പേരിന്റെ ആദ്യാക്ഷരം പറയുന്ന ഒരു കളി നിങ്ങൾക്ക് സുഹൃത്തുക്കളുടെ, പുതിയ സുഹൃത്തുക്കളുടെ ഇടയിൽ പരീക്ഷിക്കാം.

നിങ്ങളോട് പേരു ചോദിക്കുന്ന സുഹൃത്തിനോട് നിങ്ങൾ പറയേണ്ടതിതാണ്. 4 ചോദ്യങ്ങൾ നിങ്ങൾക്ക് ചോദിക്കാം. ഞാൻ 'അതെ' അല്ലെങ്കിൽ 'അല്ല' എന്ന് ഉത്തരം പറയും. എന്റെ പേരിൽ ആദ്യാക്ഷരം നിങ്ങൾക്ക് പറയാൻ സാധിക്കുമോ?

സുഹൃത്ത് തീർച്ചയായും അത്ഭുതപ്പെടും. ഇംഗ്ലീഷ് അക്ഷരമാലയിൽ ആകെ 26 അക്ഷരങ്ങളുണ്ട്. 'എ' ആണോ 'ബി' ആണോ 'സി' ആണോ എന്നിങ്ങനെ 24 പ്രാവശ്യം ചോദിക്കേണ്ടിവന്നേക്കാം. നാല് ചോദ്യങ്ങൾ കൊണ്ട് ഏതു പേരിന്റെയും ആദ്യാക്ഷരം കണ്ടുപിടിക്കുന്നത് ശ്രമകരമായ ജോലി തന്നെ.

സുഹൃത്ത് പരാജയപ്പെട്ടാൽ നിങ്ങൾക്ക് അതിനുള്ള ഗണിതശാസ്ത്രരീതി വിശദീകരിക്കാം അതിങ്ങനെയാണ്.

ഇംഗ്ലീഷ് അക്ഷരമാലയിൽ A മുതൽ Z വരെ 26 എണ്ണമാണല്ലോ. ഇവയ്ക്ക് ഓരോന്നിനും സംഖ്യകൾ ചേർത്ത് താഴെ കൊടുക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| A | B | C | D | E | F | G | H | I | J | K | L | M |

| 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 |
|---|---|---|---|---|---|---|---|---|---|---|---|---|
| N | O | P | Q | R | S | T | U | V | W | X | Y | Z |

ഇനി 26 അക്ഷരങ്ങളിൽ ഏറ്റവും മധ്യത്തിലുള്ളത് M ആണ് (N ഉം ആകാം). നിങ്ങളുടെ ചോദ്യം പേരിന്റെ ആദ്യാക്ഷരം ക്രമത്തിൽ M ന് മുകളിലുള്ള അക്ഷരമാണോ എന്നായിരിക്കണം. അതെ അല്ലെങ്കിൽ അല്ല എന്നാണ് സുഹൃത്ത് പറയേണ്ടത്. അതെ എന്നാണെങ്കിൽ ഇനി A മുതൽ L വരെ പരിശോധിച്ചാൽ മതിയാകും. അല്ല എന്നാണെങ്കിൽ M ന് ശേഷമുള്ള N മുതൽ Z വരെയുള്ള അക്ഷരങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. അതായത് ഒറ്റച്ചോദ്യംകൊണ്ട് തന്നെ 26 അക്ഷരങ്ങളിൽ 13 എണ്ണം ഒഴിവാക്കപ്പെടുന്നു. സുഹൃത്തിന്റെ പേര് M എന്ന അക്ഷരത്തിൽ തുടങ്ങുന്നുവെങ്കിൽ ഒറ്റച്ചോദ്യം കൊണ്ടുതന്നെ ഉത്തരം കണ്ടെത്തിയതിൽ അഭിമാനിക്കാം.

M ന് മുകളിലുള്ള അക്ഷരങ്ങളിലാണ് പേര് തുടങ്ങുന്നത് എന്ന് മനസ്സിലാക്കിയാൽ ഈ സെറ്റ് അക്ഷരങ്ങളുടെ മധ്യത്തിലുള്ള അക്ഷരം കണ്ടുപിടിക്കുക. F അല്ലെങ്കിൽ G സ്വീകരിക്കാം. Fസ്വീകരിക്കുകയാണെങ്കിൽ ക്രമത്തിൽ F ന് മുകളിലുള്ള അക്ഷരമാണോ എന്നായിരിക്കണം രണ്ടാമത്തെ ചോദ്യം. അതെ എങ്കിൽ പേരിന്റെ ആദ്യാക്ഷരം തുടങ്ങുന്നത് A മുതൽ E വരെയുള്ള അക്ഷരത്തിലായിരിക്കും. അല്ലായെങ്കിൽ G മുതൽ L വരെയുള്ള അക്ഷരമായിരിക്കും.

അതെ എന്ന ഉത്തരത്തിന് A മുതൽ E വരെയുള്ള അക്ഷരങ്ങൾ പരിശോധിക്കണം. ഇതിന്റെ മധ്യത്തിലുള്ളത് C ആണ്. ഇത് മൂന്നാമത്തെ ചോദ്യമാണല്ലോ. അടുത്ത ചോദ്യം C ക്ക് മുകളിലുള്ള അക്ഷരമാണോ എന്നതായിരിക്കും. അതെ എങ്കിൽ A, B

എന്നതിൽ ഏതെങ്കിലും അക്ഷരമാണ് എന്ന് ഉറപ്പിക്കാം... ഇനി ഒരു ചോദ്യം മാത്രമേ വേണ്ടൂ. ആദ്യാക്ഷരം A ആണോ? അതെയെങ്കിൽ A അല്ലായെങ്കിൽ B.

മറ്റ് ഉത്തരങ്ങളിലും ഇതേ രീതി സ്വീകരിച്ച് ശരിയായ അക്ഷരം കണ്ടുപിടിക്കാം. ഓരോ തവണയും ആകെ പരിശോധിക്കേണ്ടുന്ന അക്ഷരങ്ങൾ പകുതിയാക്കപ്പെടുന്നു എന്നതാണ് ഈ രീതിയുടെ പ്രത്യേകത. ഒരു വിധത്തിലുള്ള കെണിയിലാക്കലാണ് ഇതെന്ന് പറയാം.

ആദ്യാക്ഷരം മാത്രമല്ല നിശ്ചിത ക്രമത്തിലുള്ള പേരുകളും ഈ രീതിയിൽ കണ്ടു പിടിക്കാം.

palliyarasreedharan@gmail.com




# പെരുമഴ പെയ്യുമ്പോൾ

**ചന്ദ്രശേഖരൻ പന്തളം**

ഇടിയും മിന്നലുമൊന്നിച്ചങ്ങനെ
ഇടവപ്പാതി തിമിർക്കുന്നു.
തുള്ളിക്കൊരുകുടമെന്ന കണക്കേ
വെള്ളം മണ്ണിൽ മറിക്കുന്നു.
പെരുമഴയത്തു നടക്കാൻപോലും
കഴിയാതലസമിരിപ്പൂ ഞാൻ.
മഴയുടെ വികൃതികൾ കണ്ടുംകൊണ്ടേ
മുറിയിൽ വെറുതെയിരിപ്പൂ ഞാൻ.
അഴകുമഴ, യ്ക്കെന്നാലുമെനിക്കോ
കഴിയാ മുറ്റത്തോടീടാൻ,
പരിഭവമുണ്ടതി,ലെന്നാലും നിൻ
കരവിരുതാഹാ! കെങ്കേമം!



ഫോട്ടോ: internet



# കേരളത്തിലെ നാടൻ പശുക്കൾ

**കേരളത്തിലെ വിലപ്പെട്ട നാടൻ പശുവിനങ്ങളെ എന്തു വില നൽകിയും സംരക്ഷിക്കേണ്ടിയിരിക്കുന്നു ഇവയെ സ്വാഭാവികമായി കാണപ്പെടുന്ന സ്ഥലങ്ങളിൽത്തന്നെ സംരക്ഷിക്കുകയാണ് ഏറ്റവും അഭികാമ്യമായ കാര്യം. ഓരോ പശുവിന്റെയും കാളയുടെയും വംശാവലി വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കണം. ഇവയിലൂടെ, നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ ജനിതക സമ്പത്തുകളെ നമുക്ക് സംരക്ഷിക്കാം**

കേരളത്തിലെ പരമ്പരാഗത കൃഷിയുടെ അവിഭാജ്യ ഘടകങ്ങളായിരുന്നു കന്നുകാലികൾ. നാടിനോട് ഇഴുകിച്ചേർന്നു വളരുന്ന നാടൻപശുക്കളെയാണ് ഭാരതത്തിലെ കർഷകർ പണ്ട് വളർത്തിയിരുന്നത്. സിബു (zebu) അഥവാ ബ്രഹ്മൻ എന്ന വിഭാഗത്തിൽപ്പെട്ട ദക്ഷിണേഷ്യയിൽ ഉരുത്തിരിഞ്ഞ കന്നുകാലികളായിരുന്നു ഇവ. 'ബോസ് ഇന്റിക്കസ്' എന്ന സ്പീഷിസിൽപ്പെട്ട ഈ പശുക്കളുടെ 37 അംഗീകൃത ഇനങ്ങൾ (നാഷണൽ ബ്യൂറോ ഓഫ് ആനിമൽ ജനറ്റിക് റിസോഴ്സസ് അംഗീകരിച്ചത്) ഭാരതത്തിലുണ്ട്. താരതമ്യേന ചെറിയ കൃഷിയിടങ്ങളുള്ള കേരളത്തിലാകട്ടെ വലിപ്പം കുറഞ്ഞ പശുവിനങ്ങളെയാണ് കർഷകർ പരിപാലിച്ചിരുന്നത്.

കുറഞ്ഞ തീറ്റയും, പരിചരണവും ഉയർന്ന അതിജീവനശേഷിയും നല്ല രോഗപ്രതിരോധ ശേഷിയുമുള്ള ഇത്തരം തനതു പശുവിനങ്ങളെ ജൈവവളത്തിനായും പാലുൽപ്പാദനത്തിനുവേണ്ടിയും കൃഷിപ്പണികൾക്കായും ഉപയോഗിച്ചു വന്നിരുന്നു. കേരളത്തിലെ തനത് ഇനങ്ങളിൽ വെച്ചൂർ പശുവിനുമാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. കാസർഗോഡ് ഡ്വാർഫ് ഇനത്തിന് അംഗീകാരം നേടിയെടുക്കാനായി വെച്ചൂർ കണസർവേഷൻ ട്രസ്റ്റും മറ്റ് ഏജൻസികളും ശ്രമം നടത്തിവരുകയാണ്.

## വെച്ചൂർ പശു

കേരളത്തിന്റെ തനതായ ഈ പശു കോട്ടയത്തെ വെച്ചൂർ ഗ്രാമത്തിൽ ഉരുത്തിരിഞ്ഞതാണെന്നു കരുതുന്നു. തവിട്ട്, കറുപ്പ്, വെളുപ്പ്, ചാര നിറങ്ങളിൽ ഈയിനം കാണപ്പെടുന്നു. പശുക്കൾ 91 സെന്റീമീറ്റർ വരെയും കാളകൾ 105 സെന്റീമീറ്റർ വരെയും മാത്രമേ ഉയരം വയ്ക്കുകയുള്ളൂ. വെച്ചൂർ പശുക്കളുടെ ഒരു ദിവസത്തെ പാലുൽപ്പാദനം 3 ലിറ്ററോളം മാത്രമാണ്. ശരീരഭാരത്തിന് ആനുപാതികമായി നോക്കിയാൽ വെച്ചൂർ പശുവിന്റെ പാലുൽപ്പാദം കൂടുതലാണ്. ഉയരക്കുറവ്, കുറഞ്ഞ തീറ്റ, രോഗപ്രതിരോധശേഷി, നന്നായി ഇണങ്ങുന്ന പ്രകൃതം എന്നിവ പശുക്കളെ നൂറ്റാണ്ടുകളായി കേരളത്തിലെ ചെറുകിട കർഷകർക്കു പ്രിയപ്പെട്ടതാക്കി. അന്തരീക്ഷ ഈർപ്പവും താപനിലയും കൂടുതലുള്ള കേരളത്തിലെ അന്തരീക്ഷത്തിൽ വെച്ചൂർ പശുക്കൾക്ക് നന്നായി നിലനിൽക്കാൻ സാധിക്കും. വെച്ചൂർ കാളകൾക്ക് വലിപ്പം കുറവെങ്കിലും കായികശേഷി കൂടുതലായതിനാൽ നിലമുഴാൻ വ്യാപകമായി ഉപയോഗിച്ചിരുന്നു. വെച്ചൂർ പശുക്കൾ കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിലാണ് കാണപ്പെട്ടിരുന്നത്.

## സംരക്ഷണം

1989 ൽ തൃശ്ശൂർ വെറ്റിനറി കോളജിൽ കേവലം നാല് പശുക്കളും ഒരു പശുക്കുട്ടിയും രണ്ട് കാളക്കുട്ടികളും ഒരു കാളയുമായി വെച്ചൂർ കൺസർവേഷൻ പ്രോജക്റ്റിന് തുടക്കമിട്ടു. ഈയിനത്തിനുവേണ്ടിയുള്ള അന്വേഷണം കോളജിലെ ഗവേഷക സംഘം തുടരുകയും അതിന്റെ ഫലമായി ഒരുവർഷംകൊണ്ട് ഏകദേശം 24 പശുക്കളെക്കൂടി കണ്ടെത്തുകയും ചെയ്തു. വെച്ചൂർ പശുക്കുട്ടികളെ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനായി പ്രജനന പദ്ധതികൾ പലതും നടപ്പിലാക്കി.

വെച്ചൂർ പശുക്കളുടെയും മറ്റു നാടൻ ഇനങ്ങളുടെയും സംരക്ഷണം ലക്ഷ്യമാക്കി 'വെച്ചൂർ സംരക്ഷണ ട്രസ്റ്റ്' കേരളത്തിൽ മണ്ണുത്തി ആസ്ഥാനമാക്കി സ്ഥാപിക്കപ്പെട്ടു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് കോട്ടയത്തെ നീണ്ടൂരിൽ ഒരു ജനിതകദ്രവ്യകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ കാർഷിക സംഘടന വെച്ചൂർ പശുവിനെ Domestic Animal Diversity Information System ലെ ഇന്ത്യൻ പശുവിനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ കാർഷിക സംഘടന വെച്ചൂർ പശുക്കളെ ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങളുടെ (critical breeds) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ പഠനമനുസരിച്ച് വെച്ചൂർ പശുക്കളിൽ സങ്കരയിനങ്ങളിൽ സാധാരണ കണ്ടുവരുന്ന അകിടുവീക്കം, കുളമ്പുരോഗം എന്നിവ അപൂർവമായേ ബാധിക്കാറുള്ളൂ. ഈ ഇനത്തിന്റെ മറ്റൊരു സവിശേഷത സങ്കരയിനങ്ങളേക്കാൾ ശ്വാസകോശ രോഗങ്ങൾ ഇവയിൽ കുറവാണെന്നതാണ്.


വെച്ചൂർ പശു

ഫോട്ടോ: Mullookkaaran



കാസർഗോഡ് ഡ്വാർഫ്

ഫോട്ടോ: Balakrishnan

## കാസർഗോഡ് ഡ്വാർഫ്

കാസർഗോഡ് ജില്ലയിൽ കാണപ്പെടുന്ന കാസർഗോഡ് ഡ്വാർഫ് എന്നയിനത്തിലെ കാളകൾക്ക് 107 സെന്റീമീറ്റ റോളവും, പശുക്കൾക്ക് 95 സെന്റീമീറ്ററോളവും മാത്രമേ ഉയരമുണ്ടാകാറുള്ളൂ. കാളകൾ പ്രായപൂർത്തിയെത്തുമ്പോൾ 194 കിലോഗ്രാംവരെ ഭാരം വയ്ക്കുന്നു. പശുക്കൾ 147 കിലോഗ്രാം വരെയും. ഉയർന്ന വളർച്ചാനിരക്കുള്ള ഇനമാണിത്. കാസർഗോഡ് ഡ്വാർഫിന് വെച്ചൂർ പശുവിനെ അപേക്ഷിച്ച് പൊക്കം കൂടുതലാണ്. എന്നാൽ ഇവയുടെ പാലുൽപ്പാദനം താരതമ്യേന കുറവാണ്. ഒരു ദിവസം ഒരു ലിറ്റർ പാൽ മാത്രമേ ഇവ ചുരത്താറുള്ളൂ. അത് ക്ടാക്കളെ പാലൂട്ടാൻ മാത്രമേ തികയാറുള്ളൂ.

കേരളത്തിൽ ഇനിയും പൂർണമായി നിർവചിക്കപ്പെടാത്തതായ (Non descript) വിഭാഗത്തിൽ ഉൾപ്പെടുന്ന പശുവിനങ്ങളുമുണ്ട്.

## കുട്ടമ്പുഴ കുള്ളൻ

എറണാകുളം ജില്ലയിലെ വനപ്രദേശങ്ങളിൽ, പ്രത്യേകിച്ച് പഞ്ചായത്തുകളിൽ കാണപ്പെടുന്ന പശുവിനമാണ് കുട്ടമ്പുഴ കുള്ളൻ ആദിവാസി ജനവിഭാഗങ്ങൾ വളർത്തുന്ന ഈയിനം, പുഴയിൽ



കുട്ടമ്പുഴ കുള്ളൻ

ഫോട്ടോ: from Internet

നന്നായി നീന്താനും കാട്ടിൽ ദീർഘദൂരം സഞ്ചരിക്കാനും വൈദഗ്ധ്യമുള്ളവയാണ്. ഇതിന്റെ പാലിൽ കൊഴുപ്പിന്റെ അംശം കൂടുതലാണെന്ന് കരുതപ്പെടുന്നു. ഉയരം കുറഞ്ഞ ഈയിനം ഇന്നേറെ അപൂർവമാണ്. തീറ്റക്കാര്യത്തിൽ പ്രത്യേക ചിട്ടയൊന്നുമില്ലാത്ത ഈ പശുവിനെ വളർത്താൻ കർഷകരും കർഷകക്കൂട്ടായ്മകളും തത്പരരാണ്.

## വടകര ഡ്വാർഫ്

കോഴിക്കോട് വടകരയിൽ കാണുന്ന വടകര ഡ്വാർഫാണ് കേരളത്തിന്റെ തനതായ മറ്റൊരിനം. 105 മുതൽ 110 സെന്റീമീറ്റർ മാത്രം ഉയരം വയ്ക്കുന്ന ഈയിനം പ്രതിദിനം മൂന്നര ലിറ്ററോളം പാൽ ചുരത്തുന്നു. കറുപ്പ്, വെളുപ്പ്, തവിട്ട് നിറങ്ങളിൽ കാണപ്പെടുന്ന ഇത് ഇന്ന് അപൂർവമാണ്.



വടകര ഡ്വാർഫ്

ഫോട്ടോ: from Internet

## ചെറുവള്ളി

കേരളത്തിൽ കാണപ്പെടുന്ന ഉയരം കുറഞ്ഞ മറ്റൊരിനം പശുവാണ് ചെറുവള്ളി. കോട്ടയത്തെ ചെറുവള്ളി എസ്റ്റേറ്റിൽ കാണപ്പെടുന്ന ഈയിനം റബ്ബർ തോട്ടങ്ങളിൽ മേഞ്ഞുനടന്നു വളരാൻ കെൽപ്പുള്ളതാണ്. അതിജീവനശേഷിയിൽ മുന്നിലാണ് ചെറുവള്ളി പശു. നല്ല ഇണക്കവുമുണ്ട്. ഇവ പകൽ എസ്റ്റേറ്റിൽ മേഞ്ഞുനടന്ന് പുല്ലു തിന്ന് കഴിയുന്നു. രാത്രി എസ്റ്റേറ്റിനുള്ളിലെ ഉടമകളുടെ വീടുകൾക്ക് സമീപം വിശ്രമം. അത്യാവശ്യം കുടിവെള്ളമോ ശുദ്ധജലമോ കൊടുത്താൽ മാത്രം മതി. ഇത്തരത്തിൽ, ചെറുവള്ളി പശുവിന്റേതും ഒരു സീറോ ബജറ്റ് പശുപരിപാലനം തന്നെയാണ്.

*(കടപ്പാട് : കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്)*

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34

# മഹാഭാരതം

**സുഗതകുമാരി**

## പോർവിളി (തുടർച്ച)

ആ രാത്രി അങ്ങനെ അവസാനിക്കുകയായി. നേരം പുലർന്നപ്പോൾ ശംഖും പെരുമ്പറകളും മുഴങ്ങി. സേനാവ്യൂഹങ്ങൾ സജ്ജരായി സ്വസ്ഥാനങ്ങളിൽ നിരന്നുകാണായി. ഭയങ്കരമായ പെരുംകടലുപോലെ ആ രണ്ട് മഹാസൈന്യനിരകളും അനക്കമറ്റു നിലകൊണ്ടു.

വെൺകൊറ്റക്കുട ഉയർത്തിയും നാഗധ്വജം പറത്തിയും പൊന്നിൻ തേരിൽ സുവർണകിരീടവും പൊൻപടച്ചട്ടയും ഭൂഷണങ്ങളുമണിഞ്ഞ്, പൊന്മലപോലെ ഉയർന്ന് ഗംഭീരനായി മഹാരഥത്തിൽ ദുര്യോധനൻ പ്രത്യക്ഷനായപ്പോൾ, കൗരവസൈന്യം ഹർഷത്തോടെ ആർത്തുവിളിച്ചു സ്വീകരിച്ചു. ശംഖും പെരുമ്പറകളും ഉച്ചത്തിൽ മുഴക്കി യുദ്ധത്തിനു വിളിക്കുന്ന ആ ശബ്ദഘോഷം കൗരവപക്ഷത്തുനിന്ന് ഉയരവേ അതാ, രണ്ടു വൻപടകളും വിസ്മയംപൂണ്ട് അന്യോന്യം നോക്കിനിൽക്കുകയാണ്.

കൊട്ടാരത്തിൽ ധൃതരാഷ്ട്രർ വിവശനും പരിഭ്രാന്തനുമായി ഉലാത്തുകയാണ്. സഞ്ജയൻ അരികിൽത്തന്നെ സഹചാരിയായി നിൽക്കുന്നു. ഗാന്ധാരിയും കുന്തിയുമുൾപ്പടെയുള്ള അന്തപ്പുരസ്ത്രീകളെല്ലാം പൂജാപ്രാർഥനകളിൽ മുഴുകുന്നു. ശബ്ദഹീനമായ കൊട്ടാരത്തിലേക്ക് വേദവ്യാസമഹർഷി കയറിച്ചെന്നു. ‘സഞ്ജയാ, എന്തുസംഭവിക്കുന്നു..? പറയൂ’ എന്ന് വീണ്ടും വീണ്ടും ചോദിക്കുന്ന രാജാവിനോട് വ്യാസമഹർഷി ചോദിച്ചു. ‘ധൃതരാഷ്ട്രാ, നിനക്ക് ഞാൻ ദിവ്യദൃഷ്ടി നൽകട്ടെ? യുദ്ധക്കളത്തിൽ സംഭവിക്കുന്നതെല്ലാം ദൃശ്യമാകും.’ ധൃതരാഷ്ട്രർ സംഭീതനായി പറഞ്ഞു. ‘വേണ്ട വേണ്ട, മഹർഷേ, പ്രിയജനങ്ങളുടെ മൃത്യു കാണാൻ എനിക്കാ

പാണ്ഡവസേനാമധ്യത്തിൽ സുവർണ വാനരധ്വജം ഉയർന്നു പാറുന്നതു ദൃശ്യമായി. ഇടിമുഴക്കംപോലെ ഭഗവാന്റെ തൃകൈയിലെ പാഞ്ചജന്യം മുഴങ്ങിക്കേൾക്കായി. അതോടൊപ്പം അർജുനന്റെ ദേവദത്തമെന്ന ശംഖവും മറ്റു പാണ്ഡവരുടെ മഹാശംഖങ്ങളും മുഴങ്ങിയപ്പോൾ, സിംഹഗർജനംകേട്ട മൃഗങ്ങളെപ്പോലെ ശത്രുസൈന്യം പേടിച്ചുഴന്നുപോയി.

യുദ്ധമുറകൾ ഇപ്രകാരം തീരുമാനിക്കപ്പെട്ടു. തേരിനോടു തേരും ആനപ്പുറമേറിയവനോട് ആനപ്പുറമേറിയവനും കുതിരപ്പടയോടു കുതിരപ്പടയും എതിർക്കണം. കാലാൾ കാലാളിനോട്. ഓടിപ്പോകുന്നവരെയും അഭയം അപേക്ഷിക്കുന്നവരെയും കൊന്നുകൂടാ. ആയുധം തീർന്നവൻ, ചട്ടയറ്റവൻ, പിന്തിരിഞ്ഞവൻ എന്നിവരെ കൊല്ലുവാൻ പാടില്ല. ശംഖവും വാദ്യങ്ങളും പറകളും മുഴക്കുന്നവരെ കൊന്നുകൂടാ. യുദ്ധസമയം കഴിഞ്ഞാൽ ശത്രുത പാടില്ല. ന്യായംവിട്ട് ഒന്നും ചെയ്തുകൂടാ. ഇതത്രേ പൂർവികപ്രോക്തമായ ധർമയുദ്ധം. യുദ്ധകാഹളം മുഴങ്ങുന്നതും കാത്ത്

വില്ല. അവിടുന്ന് സഞ്ജയന് ദിവ്യദൃഷ്ടി നൽകിയാലും. അവൻ എനിക്ക് എല്ലാം വിസ്തരിച്ചു പറഞ്ഞു തരട്ടെ.’

സഞ്ജയൻ ദിവ്യദൃഷ്ടിക്ക് ഉടമയായി. വിസ്തൃതമായ കുരുക്ഷേത്രമൈതാനഭൂമിയിൽ ക്ഷോഭിച്ച രണ്ടു കടലുകൾപോലെ ഇളകിനിൽക്കുന്ന സൈന്യങ്ങളെ നോക്കിക്കണ്ടു.

ധൃതരാഷ്ട്രർ ചോദിച്ചു. ‘സഞ്ജയാ, പറയൂ, ധർമക്ഷേത്രമായ കുരുക്ഷേത്രത്തിൽ എന്റെ മക്കളും പാണ്ഡവരും ഇപ്പോൾ എന്തുചെയ്യുന്നു?’

സഞ്ജയൻ പറഞ്ഞു. ‘മഹാരാജാവേ, ശുഭശകുനം നോക്കി ദുർഗാദേവിയെ സ്തുതിച്ചു വന്ദിച്ച് ശ്രീവാസുദേവന്റെ തൃകൈ പിടിച്ച് അതാ പൊന്നിൻചട്ടയും കിരീടവും ഭൂഷണങ്ങളുമണിഞ്ഞ് ദേവേന്ദ്രതുല്യം വിളങ്ങുന്ന അർജുനൻ നാലു വെളുത്തകുതിരകളെ പൂട്ടിയ മഹാരഥത്തിൽ കയറിക്കഴിഞ്ഞു. ഗാണ്ഡീവത്തെ പ്രദക്ഷിണംവെച്ചുവന്ദിച്ച് വലംകൈയിലെടുത്തു കഴിഞ്ഞു. നിറന്നപീലി

കൾ വിളങ്ങുന്ന മണിക്കിരീടവും നെറ്റിയിൽ ഹരിചന്ദനതിലകവും വിരിമാറിടത്തിൽ കൗസ്തുഭരത്നത്തിന്റെ ചുവന്ന പ്രകാശത്തോടിടകലർന്ന രത്നമാലയും വനമാലയും അണിഞ്ഞ് മിന്നൽപോലെ വിളങ്ങുന്ന മഞ്ഞപ്പട്ടുടുത്ത് വിടർന്ന താമരമിഴികളിൽ നിറയെ കാരുണ്യവും അധരങ്ങളിൽ മന്ദഹാസവുമായി അതാ ഭഗവാൻ ശ്രീവാസുദേവൻ ശ്വേതാശ്വങ്ങളുടെ കടിഞ്ഞാൺ തൃക്കൈയിലെടുത്ത് ശ്രീപാർഥസാരഥിയായി ഉദിച്ചു നിൽക്കുന്നു! എന്റെ കണ്ണുകൾ ധന്യങ്ങളായീ മഹാരാജൻ!...'

'അതാ, ഭീഷ്മപിതാമഹൻ നയിക്കുന്ന നമ്മുടെ പെരുംപട യുദ്ധമദംകൊണ്ട് കുതിച്ചു നിൽക്കുന്ന കാഴ്ച ഞാൻ കാണുന്നു. ദ്രോണാചാര്യരും കൃപാചാര്യരും അശ്വഥാമാവും വികർണനും ജയദ്രഥനും ശകുനിയും ഭഗദത്തനും മറ്റ് രാജാക്കന്മാരും ആയുധങ്ങളേന്തി പടച്ചട്ടയിട്ട് ഉരുണ്ടുനീണ്ട കൈകളിൽ ചന്ദനംപൂശി ഭൂഷണങ്ങളണിഞ്ഞ്, കൊടികൾ

അതാ ഭീഷ്മർ തന്റെ മഹാശംഖമെടുത്ത് ദിക്കുകൾ വിറയ്ക്കുമാറ് ഊതുന്നു. അതോടൊപ്പം ശംഖനാദങ്ങളും വാദ്യങ്ങളും മുഴങ്ങുന്ന ഘോഷമുയരുന്നു. പെരുമ്പറകൾ അടിച്ചുപൊട്ടിക്കുമാറ് അത്യുച്ചത്തിൽ ശബ്ദമുയർത്തുന്നു. യോദ്ധാക്കൾ സിംഹനാദം ചെയ്യുന്നു. ഈ പോർവിളിക്കു മറുവിളിയായി അതാ ശ്രീവാസുദേവകൃഷ്ണൻ തന്റെ തൃകൈയിൽ ദിവ്യമായ പാഞ്ചജന്യമെടുത്ത് ഉച്ചത്തിൽ മുഴക്കുന്നു.

പറപ്പിച്ച്, നിരന്നു യുദ്ധസന്നദ്ധരായി നിൽക്കുന്നു. അതാ, നാഗധ്വജം വിളങ്ങുന്ന മഹാരഥത്തിൽ പൊൻചട്ടയിട്ട് സുവർണകിരീടംധരിച്ച് ദിവ്യാഭരണവിഭൂഷിതനായി ദുര്യോധനരാജൻ യുദ്ധലഹരിയിൽ ചാഞ്ചാടി നിൽക്കുന്നു. അതാ ഭീഷ്മർ തന്റെ മഹാശംഖമെടുത്ത് ദിക്കുകൾ വിറയ്ക്കുമാറ് ഊതുന്നു. അതോടൊപ്പം ശംഖനാദങ്ങളും വാദ്യങ്ങളും മുഴങ്ങുന്ന ഘോഷമുയരുന്നു. പെരുമ്പറകൾ അടിച്ചുപൊട്ടിക്കുമാറ് അത്യുച്ചത്തിൽ ശബ്ദമുയർത്തുന്നു. യോദ്ധാക്കൾ സിംഹനാദം ചെയ്യുന്നു. ഈ പോർവിളിക്കു മറുവിളിയായി അതാ ശ്രീവാസുദേവകൃഷ്ണൻ തന്റെ തൃകൈയിൽ ദിവ്യമായ പാഞ്ചജന്യമെടുത്ത് ഉച്ചത്തിൽ മുഴക്കുന്നു. അർജുനൻ ദേവദത്തമെന്ന ശംഖും ഭീമസേനൻ പൗൺഡ്രകമെന്ന മഹാശംഖവും ഇടിനാദംപോലെ മുഴക്കുന്നു. ജ്യേഷ്ഠപാണ്ഡവൻ യുധിഷ്ഠിരൻ അനന്തവിജയം എന്ന ശംഖും നകുലൻ സുഘോഷവും സഹദേവൻ മണിപുഷ്പകവും മുഴക്കുന്നു. അവർക്ക് പിമ്പേ, അഭിമന്യുവും വിരാടനും പാഞ്ചാലനും ധൃഷ്ടദ്യുമ്നനും മറ്റു രാജാക്കന്മാരുമെല്ലാം താന്താങ്ങളുടെ ശംഖുകൾ മുഴക്കുന്ന ഘോഷത്താൽ ദിഗന്തങ്ങൾ മാറ്റൊലിക്കൊള്ളുന്നു.

രാജാവ് ചോദിച്ചു. 'പറയൂ സഞ്ജയാ, പിന്നീടെന്തുണ്ടായി?'

സഞ്ജയൻ പറഞ്ഞു. 'ഗാണ്ഡീവം ഉയർത്തിക്കൊണ്ട് അറ്റംചോന്ന വിശാലമിഴികളാൽ ആകെയൊന്നു നോക്കുകയാണ് പാർഥൻ. എന്നിട്ട് വാസുദേവനോടു പറയുന്നു. 'കൃഷ്ണാ, രണ്ടു സൈന്യങ്ങൾക്കുമിടയിൽ നമ്മുടെ രഥം കൊണ്ടുചെന്നു നിർത്തിയാലും. നമ്മോടു യുദ്ധം ചെയ്യാനും ദുര്യോധനനു പ്രിയംചെയ്യാനും ഒരുങ്ങി വന്നിരിക്കുന്നവരെ ഞാനൊന്നു നേരെ കാണട്ടെ.' (തുടരും)



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.



വര: ഗോപു പട്ടിത്തറ

## മഴ

മഴയായ് മല്ലിപ്പൂവേ
നിന്നെച്ചൂടുവാനിഷ്ടം
പൂവിലൊരിഷ്ടം തമ്മിൽ
പങ്കുവയ്ക്കുവാൻ, ഹൃത്തിൽ
പൂവിനുമതാണിഷ്ടം
പൂവുകൾ ചുറ്റും വിരി-
ഞ്ഞെന്നു ഞാൻ സ്വപ്നം കണ്ടു
പൂക്കളും സ്വപ്നവും വാരി-
ത്തലയിൽ ചൂടിയന്നുഞാൻ
പൂവുകളെന്നും വിരി-
ഞ്ഞിഷ്ടത്താൽ മായാജാലം
കാണിക്കയായീ, ദൈവ-
ത്തോടെനിക്കിഷ്ടം കൂടി
ദൈവങ്ങളെല്ലാം വന്നെൻ
ചുറ്റിലും നിറഞ്ഞെങ്കിൽ!

**കൃപ എസ്, ക്ലാസ് 8, കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മാന്നാനം, കോട്ടയം**

***കൃപയ്ക്കും കവിതയെഴുതാൻ ആശിക്കുന്ന കുട്ടികൾക്കും,***

*കൃപക്കുട്ടിക്ക് ഉള്ളിൽ കവിതയുണ്ട്. സുന്ദരമായ ആശയങ്ങളുണ്ട്. പക്ഷേ, പരിശീലനത്തിന്റെയും വായനയുടെയും കുറവുണ്ട്. വൃത്തത്തിൽ കവിതയെഴുതണമെങ്കിൽ കുമാരനാശാന്റെയും വൈലോപ്പിള്ളിയുടെയുമൊക്കെ കവിതകൾ വായിച്ച് ഉറക്കെച്ചൊല്ലിപ്പഠിക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ മലയാളത്തിന്റെ ഈണവും താളവും മനസ്സിലാകുകയുള്ളൂ. അല്ലാത്തപക്ഷം ഇപ്പോഴത്തെ രീതിയിൽ ഗദ്യവും പദ്യവുമല്ലാത്ത കവിതയായിപ്പോകും.*

*നല്ലഭാഷയും താളവും വാക്കുകളുടെ ഘടനയും മനസ്സിലാകണമെങ്കിൽ രാമായണം ഉറക്കെ വായിച്ചു ശീലിക്കുക. ഏറ്റവും നല്ല ഗുരു ഇന്നും എഴുത്തച്ഛൻ തന്നെയാണ്.*

***സുഗതകുമാരി***

# വര



കൃഷ്ണ പ്രിയ. ജി, ക്ലാസ്: 8 എ, ജി എച്ച് എസ് എസ്, ഭൂതകുളം.

# അമ്മ

കാൺകണ്ട ദൈവമാണമ്മയെന്നുള്ളത്
പണ്ടേ പറഞ്ഞൊരു സത്യമാണ്
ആപത്തു കാലത്തു കാത്തുരക്ഷിക്കുവാൻ
കൂടെ നിൽക്കുന്നതുമമ്മയാണ്.
കാലിടറുന്ന സമയത്തു നമ്മൾതൻ
കൈപിടിക്കുന്നതുമമ്മയാണ്
നന്മപകർന്നുതരുന്ന ഗുരുവാണ്
അമ്മ നമുക്കെന്നും ദൈവമാണ്
എത്ര കഷ്ടപ്പാടാണെങ്കിലും അമ്മയ്ക്ക്
ചെറ്റും പരിഭവമേതുമില്ല.
നമ്മുടെ വീട്ടിൽ വെളിച്ചം പകരുന്ന
നന്മയാണമ്മയെന്നാണു സത്യം.
ദീപം കൊളുത്താതെ യെന്നും വണങ്ങേണ്ട
ദേവിയാണമ്മയെന്നാണു സത്യം.



രാഗേന്ദു ആർ, ക്ലാസ് 7, മദർ ഇന്ത്യ റസി
ഡൻഷ്യൽ സ്കൂൾ, കീഴാറ്റിങ്ങൽ,
തിരുവനന്തപുരം 695306

# അക്ഷരയാത്ര 2018


എറണാകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറിസ്കൂളിൽ ടി ഡി രാമകൃഷ്ണൻ അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.


സെയ്ന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സിപ്പി പള്ളിപ്പുറം അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.


ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂളിൽ പായിപ്ര രാധാകൃഷ്ണൻ ഗുരുപൂജ ചടങ്ങ് നിർവഹിക്കുന്നു.



കിടങ്ങൂർ സെയ്ന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ കെ എ ബീന അക്ഷരയാത്ര ഉദ്ഘാടനം ചെയ്യുന്നു.

മലയാളഭാഷയ്ക്കു ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിന്റെ ഭാഗമായി ഭാഷയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനും കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിനുമായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന പരിപാടിയാണ് അക്ഷരയാത്ര. ഗുരുപൂജ, പ്രഭാഷണം, സാഹിത്യമത്സരങ്ങൾ, പുസ്തകപ്രദർശനം എന്നിവയാണ് വിവിധ സ്കൂളുകളിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എറണാകുളത്തെ തിരഞ്ഞെടുത്ത 10 സ്കൂളുകളിലാണ് അക്ഷരയാത്ര ഇപ്പോൾ നടന്നുവരുന്നത്.

2018 ജനുവരി 4, 5 തീയതികളിലായി എറണാകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന അക്ഷരയാത്ര പ്രശസ്ത സാഹിത്യകാരൻ ടി ഡി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു.

2018 ജനുവരി 8,9 തീയതികളിൽ എറണാകുളം സെയ്ന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന അക്ഷരയാത്രയുടെ ഉദ്ഘാടനം പ്രശസ്ത ബാലസാഹിത്യകാരൻ സിപ്പി പള്ളിപ്പുറം നിർവഹിച്ചു. പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു.

2018 ജനുവരി 11,12 തീയതികളിൽ ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂൾ തണ്ടേക്കാട് വച്ച് നടന്ന അക്ഷരയാത്രയുടെ ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരൻ പായിപ്ര രാധാകൃഷ്ണൻ നിർവഹിച്ചു. 15,16 തീയതികളിൽ ചെങ്ങൽ സെയ്ന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചുനടന്നു അക്ഷരയാത്രയുടെ ഉദ്ഘാടനം സിപ്പി പള്ളിപ്പുറം നിർവഹിച്ചു.

2018 ജനുവരി 18,19 തീയതികളിൽ കിടങ്ങൂർ സെയ്ന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടന്നു അക്ഷരയാത്രയുടെ ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരി കെ എ ബീന നിർവഹിച്ചു. സ്കൂളിലെ എല്ലാവിദ്യാർഥികൾക്കും ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ പകുതിവിലയ്ക്കു വാങ്ങാനുള്ള അവസരം അക്ഷരയാത്രയിലൂടെ ഒരുക്കിയിട്ടുണ്ട്.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children’s Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph’s Press, Thiruvananthapuram.

# പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്കായി ത്രിദിന നാടകക്യാമ്പ്




ത്രിദിന നാടകക്യാമ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം ഇടിഞ്ഞാർ ഗവ: ട്രൈബൽ ഹൈസ്കൂളിൽ ഡിസംബർ 28,29,30 തീയതികളിൽ പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്കായി നടത്തിയ ത്രിദിന നാടകക്യാമ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതി അംഗം ജി. രാധാകൃഷ്ണൻ അധ്യക്ഷനായ ചടങ്ങിൽ മികച്ച ബാലതാരത്തിനുള്ള പുരസ്കാര ജേതാവ് മിനോൻ ജോൺ മുഖ്യാതിഥിയായിരുന്നു.

അൻപത്തി ഒന്ന് കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. സതീശൻ കോട്ടയ്ക്കൽ, മഞ്ജു കോഴിക്കോട്, ഷൈൻ, ജിതിൻ, യദു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കോമഡി ഉത്സവം ഫെയിം അഖില, ഗായകൻ ജയചന്ദ്രൻ കടമ്പനാട് എന്നിവർ കുട്ടികൾക്കായി കലാപരിപാടികൾ അവതരിപ്പിച്ചു.

മൂന്ന് ദിവസത്തെ പരിശീലനത്തിനൊടുവിൽ കുട്ടികൾ സംഘങ്ങളായി തിരിഞ്ഞ് പത്ത് ചെറുനാടകങ്ങൾ അവതരിപ്പിച്ചു. പിരിയുന്നതിന് മുമ്പ് ക്യാമ്പിന്റെ ഓർമയ്ക്കായി സ്കൂൾ മുറ്റത്ത് കുട്ടികൾ മാങ്കോസ്റ്റിൻ തൈ നട്ടു.

# നാടകക്കളരി സന്ദർശനം



ഇടിഞ്ഞാറിൽ പട്ടികവർഗവിഭാഗത്തിലെ കുട്ടികൾക്കായി സംഘടിപ്പിച്ച ത്രിദിന നാടക ക്യാമ്പിലെ കുട്ടികൾക്ക് കാവാലത്തിന്റെ സോപാനം നാടകക്കളരി സന്ദർശിക്കാനുള്ള അവസരം ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കിക്കൊടുത്തു.

ജനുവരി പത്തിന് രാവിലെ 11 മണിക്ക് സോപാനത്തിലെത്തിയ കുട്ടികൾ തങ്ങൾ ക്യാമ്പിൽ പരിശീലിച്ച നാടകങ്ങളിൽ ഒന്ന് അവിടെ അവതരിപ്പിച്ചു. മികച്ച നടനുള്ള കേന്ദ്ര സംഗീതനാടക അക്കാദമി പുരസ്കാര ജേതാവ് ഗിരീഷ് വി യുടെ നേതൃത്വത്തിൽ സോപാനം കലാകാരന്മാർ കുട്ടികൾക്കായി കർണഭാരം സംസ്കൃത നാടകം അവതരിപ്പിച്ചു. കാവാലത്തിന്റെ പത്നി ശാരദാ മണിയും സോപാനത്തിലെ മറ്റ് മുതിർന്ന കലാകാരന്മാരും കുട്ടികളുമായി സംവദിച്ചു.

സോപാന സന്ദർശനത്തിനുശേഷം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയ കുട്ടികൾ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാലയും സന്ദർശിച്ചാണ് മടങ്ങിയത്. ബഹുമാനപ്പെട്ട സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ. എ കെ ബാലന്റെ കൈയൊപ്പോടു കൂടിയ പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ കുട്ടികൾക്ക് സമ്മാനമായി നൽകി.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 February 2018
Regd KL/TV (N)/399/2015-2017 Published on 29-01-2018 Vol:24, Issue:02, ₹20

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.